

# A.K.C.C BULLETIN

# വിഷയവിവരം


| | | |
|---|---|---|
| 1 | എന്തിനു് അഖില കേരള കത്തോലിക്കകോൺഗ്രസു്? (റവ.ഡോക്ടർ ഡെനീസു് ജെ.) | 4 |
| 2 | സാങ്കേതിക കലാലയങ്ങളും കോൺഗ്രസ്സും (പ്രൊഫസ്സർ പി.വി. ഉലഹന്നൻ മാപ്പിള എം.എ.) | 5 |
| 3 | കാലത്തിന്റെ ചുവരെഴുത്തു് (ജയിംസു് കെ. സി. മണിമല) | 6 |
| 4 | സംഘടനാക്കാര്യം (തുടർച്ച) | 7 |
| 5 | അല്ലിറാണി (കോതനല്ലൂർ ജോസഫു്) | 9 |
| 6 | ആ രണ്ടക്ഷരം (പി. സി. മാത്യു പൊൻകുന്നം) | 12 |
| 7 | നവോത്ഥാനം (കെ. എൽ. ജെ.) | 12 |
| 8 | ഒരു പുതിയ ആരംഭത്തിനു തയാറാകുക (ബില്ലിരാജു്) | 13 |
| 9 | പൊന്നരച്ചനോക്കണം (ജോയി മുട്ടാർ) | 14 |
| 10 | ക്രിസ്തുവിലൂടെസമാധാനം (സിപ്രിയാനോസു് പരീക്കണ്ണി) | 16 |
| 11 | കാണുന്നതെല്ലാം വായിക്കാമോ? (വറുഗീസു് കരിപ്പായിൽ) | 17 |
| 12 | ബാലപംക്തി (തോമസു് സെബാസ്റ്റ്യൻ ബി.എ.എൽ.റ്റി.) | 18 |
| 13 | ബാഷ്പോപഹാരം (കോതനല്ലൂർ ജോസഫു്) | 20 |
| 14 | ലോകക്രൈസ്തവ വാർത്തകളം (ബില്ലിരാജു്) | 21 |
| 15 | വനിതാപംക്തി | 22 |
| 16 | ക. കോ. കൊടിക്കീഴിൽ അണിനിരക്കുവിൻ (ഫാ. ജെ. സി. കാലായിൽ) | 23 |
| 17 | സംഘടനാക്കാര്യം | 25 |
| 18 | ഫലിതബിന്ദുക്കളം (ആറുമാനൂർ അപ്പച്ചൻ) | 28 |



# THE SOUTH INDIAN BANK LTD.,

Estd: 1929 **(A Scheduled Bank)** H. O. Trichur

## CONTRACTORS' SECURITY DEPOSITS

Accepted at attractive rates towards Earnest Money to be secured to:–

1) The Government of India
2) Indian Railways
3) Governments of Mysore, Madras, & Kerala
4) Electricity Board etc.

BRANCHES OF THE BANK WILL BE OPENED AT THE FOLLOWING CENTRES SHORTLY:

1) PALAI (Kottayam Dist.)
2) VAIKOM ,, ,,

ALL TYPES OF BANKING BUSINESS TRANSACTED


JOSEPH CHAKOLA,
Chairman of
The Board of Directors

M. C. P. NAMBIAR,
General Manager

Circular No. 6 / 63

പ്രിയ ബ. അച്ചാ, പ്രിയപ്പെട്ട സഹോദരങ്ങളെ,

സംഘടനാ ശക്തിയില്ലാത്തതുകൊണ്ട് ഒരു ന്യൂനപക്ഷ സമുദായാംഗങ്ങളായ കത്തോലിക്കർ വളരെ അധികം അവശതകളും അനുഭവിക്കുന്നുണ്ടല്ലൊ. രാഷ്ട്രീയവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ നമ്മുടെ അവകാശങ്ങളും സംരക്ഷിക്കണമെങ്കിൽ ഒരു സമുദായം എന്ന നിലയിൽ നാം സംഘടിക്കാതെ നിവൃത്തിയില്ല. കൂടിയേറ്റക്കാരായ നമ്മുടെ ത്രുപതയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് കൂടുതൽ പരമാർത്ഥവുമാണു്.



കേരളത്തിലെ കത്തോലിക്കർക്കു് സമുദായാടിസ്ഥാനത്തിലുള്ള ഏക സംഘടന അഖില കേരള കത്തോലിക്കാ കോൺഗ്രസ്സാണു്. സമുദായത്തെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും കത്തോലിക്കാ കോൺഗ്രസ്സ് മുൻകൈയെടുത്തു പ്രവർത്തിക്കുന്നുണ്ടു്. ഉദ്ദേശിക്കുന്ന പ്രയോജനം മുഴുവൻ അതുകൊണ്ടു് കിട്ടാത്തതു് സമുദായാംഗങ്ങളും കൂടുതലായി അതിൽ ചേർന്നു് സംഘടനയെ ശക്തിപ്പെടുത്താത്തതുകൊണ്ടാണു്. കേരളത്തിലെ ഇരുപത്തിഏട്ടു് ലക്ഷം കത്തോലിക്കരുടേയും സ്വരം കത്തോലിക്കാ കോൺഗ്രസ്സിൽകൂടി പുറപ്പെടുമ്പോഴാണു് നമ്മുടെ സ്വരം കേൾക്കപ്പെടുക. നമ്മുടെ അവശതകളും പരിഹരിക്കപ്പെടുകയും ചെയ്യും.

കത്തോലിക്കാ കോൺഗ്രസ്സിന്റെ 42—ാം വാർഷികം പേരാവൂർ വച്ചു് നടത്തിയതിനെ തുടർന്നു് കോൺഗ്രസ്സിന്റെ ശാഖകളും എല്ലാ ഇടവകകളിലും സ്ഥാപിക്കുവാനുള്ള ഒരു ശ്രമം നടന്നെങ്കിലും അതു വിജയിച്ചിട്ടില്ല. ബ. വികാരിമാരുടെ പരിപൂർണ്ണമായ അനുഭാവവും പ്രോത്സാഹനങ്ങളും ലഭിച്ചാൽ മാത്രമെ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുവാൻ സാധിക്കുകയുള്ള. കോൺഗ്രസ്സിൽ അംഗങ്ങളെ ചേർക്കുവാനും ഇടവകകളിലും ശാഖകളും സ്ഥാപിക്കുവാനുമായി താഴെ പറയുന്നവരെ ഓർഗനൈസർമാരായി കേന്ദ്രഭരണസമിതിയിൽനിന്നും നിയമിച്ചിട്ടുണ്ടു്.

1. കെ. കെ. മാത്യു നെടുംപോയിൽ, പേരാവൂർ.

2. വി. ജെ. ജോർജ്ജു് വെളിയത്തിൽ, എളവമ്പാടം, പാലക്കാടു്.

3. യോഹന്നാൻ എമ്പ്രാണ്ടിവയലിൽ S. കാനറ.

ഇവരുടെ പ്രവർത്തനങ്ങൾക്കു് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും പ്രായപൂർത്തിയായ എല്ലാവരും കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേരുകയും ചെയ്യണമെന്നു് താല്പര്യപ്പെടുന്നു.

With Cordial Blessings

† Sebastian Valloppilly

Bishop of Tellicherry.

തലശ്ശേരി,
20—7—'63.

Fr. WERNER C. M. I. PROFESSOR,
Dharmaram College, P. O.
BANGALORE

Grams: "Studyhouse", Bangalore
PHONE: 6166

23-8-'63

To The Editor,
A K C C Bullettin
A K C C Office,
Nagampadom
Kottayam

Dear Editor,

For a long time I have been feeling that there is something wrong in the way A K C C has been conceived, and that this basic mistake will adversely affect the vitality of our Catholic Community. I have had occasion to get into living contact with the structure of the Christian organisations in Germany during my three years stay there; when I think of the efficiency with which they are conducted, inspite of the fact that the German Catholics as a whole are not more enthusiastic in Church-affairs than our people, I cannot help feeling that there is some fundamental mistake in the conception of A K C C.

My own analysis is the following: A K C C purports to be a roof, but it does not rest on walls or pillars. A K C C must be the "roof organisation" of all Catholic organisations, i. e. it must be the organisation of all organised Catholics. Therefore I think it is a fatal mistake that the A K C C has set out to recruit members for itself, as if A K C C required a special membership distinct from being an active Catholic. It is impossible to make an active Catholic organisation on the basis of the rather abstract and remote purposes of the A K C C, which are defined as "protection and promotion of the interests of the Catholic Community, in the religious, social and political fields". An association on that basis will be no more than a membership-paying group, but won't have anything else to do. To make it an organisation along side of other organisations, is to doom it to failure and discredit.

The function of the A K C C should be to represent, to help, promote and coordinate all Catholic organisations, all of which will be units of A K C C. Thus practically the whole of active Christianity will be united in the A K C C and then it will have real strength. Therefore I have to make two suggestions:

1) Stop making branches of A K C C everywhere, but make Catholic Action groups in every parish and affiliate them to the A K C C. Catholic Action Groups, Catholic Students Union, and all such groups will have a general coordinating centre in the A K C C. The central Committee will have to be reorganised on that basis and its scope redefined. Its structure must then be more representative.

2) Don't make the A K C C Bullettin into a magazine like the other magazines we have, but let it remain a mere Bullettin; but instead publish a really powerful Weekely of the standard and range of e. g. the Mathrubhumi weekly, which should be the political and cultural weekly of th Catholics, which will command respect also among Non-Catholics. It should be also a forum for discussions of all sorts, even political.

Siecerely yours
Sd/-

# Are the President's Constitution (Scheduled Castes) Orders Constitutional?

(K. C. Abraham, Advocate, Member, Bar Council of Kerala)

Clause (I) of Art. 341 of the Constitution of India gives power to the President of India (where it is a State after consultation with the Governor thereof) by public notification to specify the castes, races or tribes or parts of or groups within castes, races or tribes which shall for the purpose of the constitution be deemed to be Scheduled castes in relation to that State or Union Territory as the case may be.

In exercise of the power above referred to the Constitution (scheduled castes) order 1950 and The Constitution (scheduled castes) (Union Territories) order 1951 were made by the President of India.

Paragarph 2 of the orders specify the Castes, Races, Tribes etc. who shall be deemed to be scheduled castes. But paragraphs 3 of both the orders state:–

"Notwithstanding anything contained in paragraph 2, no person who profess a religion different from the Hindu or Sikh religion shall be deemed to be a member of scheduled caste".

This provision in the Constitutional orders made by the President hits Article 25 of the Constitution which provides that all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion. It also hits Art. 14 of the Constitution which provides that the State shall not deny to any person eqality before the law or the equal protection of the laws within the Territory of India. The powers of the President under Art 341. is to be exercised subject to Articles 25 and 14 and all provisions made in violation of the said Articles are void.

# എന്തിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്?

റവ. ഡോക്ടർ ഡെനീസ് ജെ. M. A., M. Ed. Ph. D. (Calif)

കേരളീയകത്തോലിക്കർക്ക് ഒരു പൊതുവായ സാമൂഹിക സംഘടന ആവശ്യമില്ലെന്നു് ഇന്നു് ആരും പറയുമെന്നു തോന്നുന്നില്ല. എൻ. എസ്. എസ്സും. എസ്. എൻ. ഡി. പി.യും അതു ഉംക്കൊള്ളുന്ന സമുദായങ്ങൾക്കു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളും വിലയറ്റതാണെന്നു നമുക്കറിയാം. എന്നാൽ മുസ്ലീംലീഗും ഹിന്ദുമഹാജനസഭയുമാണു് ഭാരതത്തെ രണ്ടായി വിഭജിച്ചതെന്നും ഭീകരമായ വർഗ്ഗീയലഹളയ്ക്കു കാരണമാക്കിയതെന്നും പറയാറുണ്ടു്. അതല്ല അന്നു നമ്മെ ഭരിച്ചിരുന്ന ആംഗ്ലേയരുടെ വിഭജിച്ചുഭരിക്കൽനയമാണു് അതിനു വഴിതെളിച്ചതെന്നു പറയുന്നവരും ഇല്ലാതില്ല. മതത്തിന്റെപേരിലുള്ള സാമുദായികസംഘടനകളും അപഥസഞ്ചാരം ചെയ്തിട്ടില്ല എന്നു പറയുക സാദ്ധ്യമല്ല. അതുകൊണ്ടു തലവേദനയ്ക്കു മരുന്നു തലവെട്ടുകയാണു് എന്ന തത്വം സ്വീകാര്യമല്ല.

## ആവശ്യകത

ജനാധിപത്യഭരണസമ്പ്രദായത്തിന്റെ വിജയം പ്രൊഫസർ ലാസ്കി പറയുന്നതുപോലെ 'പ്യൂറലിസം അഥവാ വിവിധ താല്പര്യങ്ങളുള്ള അനേകം ഘടകങ്ങളുടെ സങ്കീർണ്ണ സാന്നിദ്ധ്യത്തിൽ ആണു് അടങ്ങിയിരിക്കുന്നതു്.

Democracy is Government by discussion by persuation — ജനകീയഭരണത്തിൽ ചർച്ചചെയ്തു തീരുമാനത്തിൽ എത്തുന്നു; പ്രേരണചെലുത്തി കാര്യങ്ങൾ സാധിക്കുന്നു. പൗരന്മാരുടെ അഭിപ്രായങ്ങളെ ഏകീകരിക്കുന്ന നീർച്ചാലുകളാണു് രാഷ്ട്രീയപാർട്ടികൾ എങ്കിൽ സാംസ്കാരികമൂല്യങ്ങളെയും മൗലികാവകാശങ്ങളെയും സംരക്ഷിക്കുന്ന ബൃഹത്തായ സ്തംഭങ്ങളാണു് സാമൂഹിക സാമുദായിക സംഘടനകൾ.

**E**ternal vigilance is the prize of liberty — അവിശ്രമമായ ജാഗ്രതയാണു് സ്വാതന്ത്ര്യത്തിന്റെ വില. ജനലക്ഷങ്ങൾ അവരുടെ അവകാശസംരക്ഷണത്തിനായി സംഘടിച്ചു് ഉണർവ്വോടുകൂടെ നിരന്തരം പ്രവർത്തിക്കുന്നില്ലെങ്കിൽ അവരുടെ അവകാശങ്ങൾ അടിക്കടി നഷ്ടപ്പെട്ടുകൊണ്ടിരിക്കും.

തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സംഘടിച്ചു പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾമാത്രമാണു് അവരുടെ മൗലികാവകാശങ്ങളെപ്പറ്റി രാഷ്ട്രം ചിന്തിക്കുവാൻതുടങ്ങിയതു്, അമേരിക്കയിലെ നീഗ്രോവർഗ്ഗക്കാർ സംഘടിച്ചുതുടങ്ങിയപ്പോൾ മാത്രമാണു് അവരുടെ അടിമതവ്യത്തിനും അസമത്വങ്ങൾക്കും പരിഹാരം ഉണ്ടാകാൻ തുടങ്ങിയതു്, ഏഷ്യയും ആഫ്രിക്കയും ഉണർന്നുകൊണ്ടിരിക്കുന്നെങ്കിൽ നൂറുകണക്കിനു് അവിടെ സ്ഥിതിചെയ്യുന്ന സംഘടനകളും സ്ഥാപനങ്ങളുമാണു് മനുഷ്യമനസ്സുകളുമായി സമ്പർക്കം പുലർത്തി നവീനാശയങ്ങളിൽ അവരെ പ്രബുദ്ധരാക്കുന്നതു്.

പിന്നാക്കസമുദായങ്ങളും ഒരുക്ഷേമരാഷ്ട്രത്തിനു ഭാരമാണു്. മുൻപന്തിയിൽനിൽക്കുന്ന സമുദായങ്ങളുടെയും രാഷ്ട്രത്തിന്റെതന്നെയും കുതിച്ചുകയറ്റത്തെ അവ മന്ദീഭവിപ്പിക്കുന്നു. ഈ രണ്ടു സമുദായങ്ങൾക്കും പൊതുവും പ്രത്യേകവുമായ സംഘടനകൾ ആവശ്യമാണു്. സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മതസ്ഥാപനങ്ങളും നാടിന്റെ സമ്പത്തുകളാണു്. ജനസമുദായത്തെ സൽപന്ഥാവിൽകൂടെ വിജ്ഞാനത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിൽ അവ വലിയ ഒരു പങ്കു വഹിക്കുന്നു. അതുപോലെതന്നെ രാഷ്ട്രീയപാർട്ടികൾക്കും, മതസ്ഥാപനങ്ങൾക്കും ചെയ്യുവാൻ സാധിക്കാത്ത ചില മഹത്തരമായ സേവനങ്ങളും സാമുദായിക സംഘടനകൾ എല്ലാ രംഗങ്ങളിലും ചെയ്യുന്നുണ്ടു്.

## ലക്ഷ്യം

കേരളത്തെ സമ്പുഷ്ടമാക്കുവാൻ കേരള കത്തോലിക്കാകോൺഗ്രസ് പലതും ഇന്നു ചെയ്യേണ്ടതായിട്ടുണ്ടു്:—

1 പല അവാന്തരവിഭാഗങ്ങളായി ഭിന്നിച്ചും അനേകം കരകളിലായി ചിന്നിച്ചിതറിയും കിടക്കുന്ന കേരളീയ കത്തോലിക്കരെ ഏകീകരിക്കണം. അതിനു് ഇന്നു് ഒരു പൊതു സംഘടന ആവശ്യമാണു്. സമുദായമദ്ധ്യത്തിലുള്ള കുത്തിത്തിരിപ്പുകളെയും പരാജയങ്ങളെയും വകവയ്ക്കാതെ അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് എല്ലാ കേരളീയ കത്തോലിക്കരെയും അതിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനു പരിശ്രമിക്കണം. അങ്ങനെ കത്തോലിക്കജനത സ്വയം ശക്തിയാർജ്ജിക്കണം, ഇതു് നമ്മുടെ ജനായത്തഭരണസമ്പ്രദായത്തെ ജയിപ്പിക്കുവാൻ അത്യന്താപേക്ഷിതമാണു്.

2 സുശക്തമായ ഒരു കേരളത്തെ കെട്ടിപ്പടുക്കുവാൻ ഗ്രാമങ്ങൾതോറുമുള്ള ജീവൽപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തേണ്ടതു് ആവശ്യമാണു്. സംഘടിതമായ മനുഷ്യശ്രമം അതിലേയ്ക്കു തിരിച്ചുവിട്ടുകഴിയുമ്പോൾ പരിഹാരമാർഗ്ഗങ്ങൾ താനേ ഉണ്ടായിവരും. പലപ്പോഴും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തേണ്ടതു നാംതന്നെയാണു്; അല്ലാതെ ഗവണ്മെന്റു് അല്ല.

3 അധികാരത്തിലിരിക്കുന്ന ഭരണകക്ഷി അതിൽനിന്നു ഒഴിയുന്നതുവരെ ( let sleeping dogs lie') 'ഉറങ്ങിക്കിടക്കുന്ന പട്ടികളെ ഉണർത്തരുതു്' എന്ന നയം സ്വീകരിച്ചുകൊണ്ടു് പ്രശ്നങ്ങളെ ഗോപ്യമായി വയ്ക്കുവാനും ലഘൂകരിച്ചു കാണിക്കുവാനും പരിശ്രമിക്കുക സ്വാഭാവികമാണു്. അതിനാൽ രാഷ്ട്രീയപാർട്ടികൾക്കു് അതീതമായിനിൽക്കുന്ന സംഘടനകളാണു് ഇതിലേയ്ക്കു ശ്രദ്ധചെലുത്തേണ്ടതും പരിഹാരം ഉണ്ടാക്കേണ്ടതും. ഒരു രാജ്യത്തിൽ എത്ര കൂടുതൽ വ്യക്തികളും സംഘടനകളും പ്രാദേശികവും പൊതുവുമായ ആവശ്യങ്ങൾക്കുവേണ്ടി ഉണർവ്വോടുകൂടി പ്രവർത്തിക്കുമോ അത്രയും വേഗത്തിൽ ആ രാജ്യം പുരോഗമിച്ചുകൊണ്ടിരിക്കും.

4 ശാശ്വതമായ സാമുദായികസംഘടനകളും അതിൽ രൂപംകൊണ്ടിട്ടുള്ള സ്ഥാപനങ്ങളും ആവശ്യമാണു്, മത്സരങ്ങളും വെല്ലുവിളികളും ക്ഷണികങ്ങളാണു്. അതുപോലെ സൃഷ്ടിപരമായ പ്രവർത്തനം വലിയ ത്യാഗവും സ്ഥിരപരിശ്രമവും ആവശ്യപ്പെടുന്നു. സ്വന്തം ജനത്തിനുവേണ്ടി ത്യാഗം അനുഭവിക്കുവാൻ വളരെ ആളുകൾ സന്നദ്ധരാകാറുണ്ടു്. മനുഷ്യസഹജമായ ഈ സ്വാർത്ഥതയെ മുതലെടുത്തുകൊണ്ടു് സമുദായസംഘടനകൾക്കു ബൃഹത്തായ സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ സാധിക്കും. തൊഴിലാളികൾ ഒറ്റക്കെട്ടായിനിന്നു പ്രവർത്തിക്കുന്നതുപോലെതന്നെ ഒരു സമുദായത്തിൽപെട്ട ജനം ഒന്നിച്ചുനിന്നു മഹത്തായ വിജയങ്ങൾ കൈവരിക്കുന്ന വളരെയധികം സംഭവങ്ങൾ ഇന്നുണ്ടു്, അമേരിക്കയിലെ ഒരു ചെറിയ സംഘടനയായ 'കൊളംബസ്സിന്റെ മാടമ്പികളുടെ' ഇൻഷ്വറൻസ് കമ്പനിയുടെ നിക്ഷേപത്തുക 600 കോടി രൂപയിൽ കവിയും. ഒരു സംഘടനയ്ക്കു ചെയ്യുവാൻ സാധിക്കുന്ന സേവനം എത്ര വലുതാണെന്നതിനു് ഉദാഹരണമാണിതു്.

5 സമരംചെയ്യുന്ന സഭയിലെ രാജകീയ പുരോഹിതന്മാരാണു് അൽമായജനങ്ങളും. സഭയ്ക്കു നവജീവനും ശക്തിയും കൊടുക്കുവാൻ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരികരംഗങ്ങളിൽ സമുന്നതസ്ഥാനങ്ങളും അലങ്കരിക്കുന്ന മതതീക്ഷ്ണതയുള്ള അനേകം വ്യക്തികളെ ഇന്നു ആവശ്യമാണു്. ഇതിൽ ഒരു രണ്ടാംകിട നേതൃത്വമല്ല നമുക്കു ആവശ്യം. അതുപോലെ ഒളിച്ചുകളിക്കുന്ന ഭീരുക്കളെയല്ല ആവശ്യം. ശ്രേഷ്ഠവ്യക്തികളെ വാർത്തെടുക്കുന്നതിനും സംഘടനകൾക്കുള്ള കഴിവു അന്യാദൃശമാണു്,

അഖിലകേരള കത്തോലിക്കാകോൺഗ്രസ് രൂപമെടുത്തിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞു, എങ്കിലും അതു് ഇല്ലോകം ഒരു പുതിയ വെല്ലുവിളിയെ നേരിടുകൊണ്ടു് ധൈര്യസമേതം മുന്നിട്ടു ഇറങ്ങിയിരിക്കുകയാണു്. ആവശ്യം സൃഷ്ടിയുടെ മാതാവാണു്. ഈ സംഘടന വിജയിക്കുന്നില്ലെങ്കിൽ കേരളീയക

# സാങ്കേതിക കലാലയങ്ങളും കോൺഗ്രസ്സും.

## (പ്രൊഫസ്സർ' പി. വി. ഉലഹന്നൻ മാപ്പിള; എം. ഏ.)

ചങ്ങനാശ്ശേരിയിൽനിന്നു് ഒരു കമ്യൂണിസ്റ്റ് നേതാവു് അസംബ്ളിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടകാലത്തു് ഞാൻ വളരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്ന ഒരു മഹാപുരോഹിതൻ സ്നേഹോദാരമെങ്കിലും പരിഹാസഗർഭമായ ഭാഷയിൽ പറയുകയുണ്ടായി, കത്തോലിക്കർ വളരെ അധികമുള്ള ഒരു സ്ഥലത്തു് ഇങ്ങനെ ഒന്നു സഭവിച്ചല്ലൊ എന്നു്. കത്തോലിക്കരില്ലേ, നേതൃത്വമില്ലേ, കോൺഗ്രസ് പ്രസിഡണ്ടില്ലേ എന്നവരെ ആ തിരുമേനി ഏനിക്കു് പ്രതിവാക്യങ്ങളും അരുളിക്കൊണ്ടിരുന്നു. തുറന്ന ഒരു മറുപടിയിൽ ഞാൻ ചോദിച്ചു നമ്മുടെ കോൺഗ്രസ് പ്രസിഡണ്ടിനെ ഗവമ്മെന്റോമറ്റു സമുദായക്കാരോ ബഹുഭൂരിപക്ഷമായ ഒരു സമുദായത്തിന്റെ അനിഷേധ്യ നേതാവായി വകവയ്ക്കുന്നുണ്ടോ എന്നും, ഹയരാക്കിയുടെ സ്വതോഭദ്രമായ അസ്തിത്വത്തിൽ കോൺഗ്രസ് പ്രസിഡണ്ടിനു് സാധികാരമായ തന്റേടമോ നേതൃത്വമോ സിദ്ധിച്ചിട്ടുണ്ടോ എന്നും. ഇന്നു് എസ്. എൻ. ഡി. പി. യും, എൻ. എസ്. എസ്സും സംഘടനകളും ഗവമ്മെൻറിനോ മറ്റു സമുദായക്കാക്കോ ഗണനീയങ്ങളായിരിക്കുന്നതു് അതതു സമുദായങ്ങൾക്കു് തദന്യമായ ഒരു നേതൃത്വം അംഗീകരിക്കപ്പെടാത്തതുകൊണ്ടും ആക്കും ശക്തികേന്ദ്രമായി കരുതാവുന്ന സ്ഥാപനങ്ങളുടെ നിയാമകസ്ഥാനം ഈ സംഘടനാദ്ധ്യക്ഷന്മാരിൽ നിലകൊള്ളുന്നതു കൊണ്ടുമാണെന്നും, ഹയരാക്കിയുടെ ആദ്ധ്യാത്മികമായ ഉച്ചരംഖതലസ്സു ഭംഗം വരുത്താതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എല്ലാം നിയമനാധികാരമുൾപ്പെട്ട ഭരണഭാരം കത്തോലിക്കാ കോൺഗ്രസിനു വിട്ടുകൊടുത്താൽ കോൺഗ്രസ് പ്രസിഡണ്ടിന്റെ പദവിക്കു് ഉണ്ടാകുന്ന മാറ്റം എത്ര വലുതായിരിക്കുമെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. എന്റെ പ്രസ്താവന നടപ്പുള്ള ഒന്നല്ലെന്നു് എനിക്കപ്പോഴും അറിയാമായിരുന്നു. പക്ഷേ അതൊരു വസ്തുതയാണു്. ഇന്നത്തെ കോൺഗ്രസ്സും കോൺഗ്രസ് പ്രസിഡണ്ടും, കോൺഗ്രസിലെ മറ്റുദ്യോഗസ്ഥന്മാരും വലിയ ആളുകളാണെങ്കിലും വലിയ കോപ്പും കെല്പുമില്ലാത്ത ഒരു സംഘടനയുടെ 'രാജാപ്പാർട്ട്'കളും, 'മന്ത്രിപ്പാർട്ട്''കളും ആണെന്നു പറഞ്ഞാൽ അതിനെക്കാച്ചിലിനു് ഈ എഴുതുന്നവനും അവകാശിയാണു്. കാര്യാന്തര വ്യഗ്രതകൊണ്ടിടയിൽ ഈ സമുദായ നേതൃത്വവും ഒരു സൈഡ് ബിസ്സിനസായി നടത്തുന്ന കുറെ ത്യാഗസമ്പന്നന്മാരാണു് എന്നൊരു സ്തുതിക്കു് ആ സാമാന്യ വ്യവഹാരകം അർഹരാണെന്ന സമ്മതിക്കേണ്ടിയുമിരിക്കുന്നു. എന്നാൽ ഭിന്നസമുദായങ്ങളും കക്ശമായ മത്സരത്തിൽ കുതിച്ചുകയറുന്ന ഒരു ദേശത്തു് ഈ ഭാഗികമായ ത്യാഗംകൊണ്ടോ, അന്തസ്സാരമറ്റ അധികാര വിനിയോഗംകൊണ്ടോ, കാര്യമായൊന്നും, നേടാൻ പോകുന്നില്ല.

എന്റെ ദിവാസ്വപ്നമനുസരിച്ചു് കത്തോലിക്കാസമുദായത്തിലെ പള്ളിക്കുടങ്ങളുടെ എല്ലാം ഭരണഭാരം കോൺഗ്രസ് സംഘടനയ്ക്കു കൊടുക്കണമെങ്കിൽത്തന്നെ ഇന്നത്തെ സംഘടനയ്ക്കു് സമൂലമായ ഒരു പൊളിച്ചെഴുത്തു വേണമെന്നും, നേതൃത്വം അൽമായക്കു വിട്ടുകൊടുക്കുമ്പോഴും ആ അൽമായ പ്രമുഖരുടെ നിയമനത്തിൽ ഹയരാക്കിക്കു് വലിയൊരു പിടി വേണമെന്നും സമ്മതിക്കാൻ നിർബന്ധിക്കാൻതന്നെ ഞാൻ തയാറാണു്. എന്നാൽപിന്നെ ഹയരാക്കിയുടെ നേതൃത്വത്തിൽ സാമൂഹിക സ്ഥാപനങ്ങളും നില്ക്കയല്ലേ നല്ലതു്? അങ്ങനെയാണല്ലോ ഇപ്പോഴും നില്ക്കുന്നതും നടക്കുന്നതും, പക്ഷേ സമുദായത്തിന്റെ പല പ്രശ്നങ്ങളിലും ഹയരാക്കിപരാങ്ങു് മുഖത അല്പെങ്കിൽ 'സലജ്ജോഹം' പ്രകടിപ്പിക്കുന്നില്ലേ എന്നു് പലക്കും ന്യായമായ ശങ്ക ഉണ്ടാകാറുണ്ടു്. ഒരുദാഹരണം പാലാബാങ്കു ലിക്വിഡേറ്റു് ചെയ്യാൻ തീരുമാനിച്ചു. എല്ലാ സമുദായത്തിൽപ്പെട്ടവക്കും അതിന്റെ അടി അല്പാല്പം കിട്ടി. എങ്കിലും ഏറ്റം കനത്ത അടി ഏറ്റതു് ഇൻറർനൺഷ്യയേച്ചർ ഉംപ്പടെയുള്ള കത്തോലിക്കാ സ്ഥാപനങ്ങളും, കത്തോലിക്കാ സഭാംഗങ്ങളുമാണു്. ഇന്ത്യൻ ഹയരാക്കി ഒരു സംയുക്ത മെമ്മോറിയൽ എങ്കിലും കേന്ദ്രഗവമ്മെൻറിൽ കൊടുത്തോ? കൊടുക്കേണ്ടതായിരുന്നില്ലേ? ഈ രാജ്യത്തെ ഗവമ്മെൻറിന്റെ മുൻപിൽ അങ്ങനെയൊരു മെമ്മോറിയൽ കൊടുത്തിരുന്നെങ്കിൽ കത്തോലിക്കാ ഹയരാക്കിയുടെ ശക്തിയും നീതിനിഷ്ഠയും യഥായഥം ഗ്രഹിച്ചിട്ടുള്ള പ്രധാനമന്ത്രി അതു ഗവനിക്കുമായിരുന്നില്ലേ? ഞാൻ പറയുന്നതു് കാനൻനിയമങ്ങൾക്കോ ജനഹിതത്തിനോ സംഭവ്യതക്കോ വിരുദ്ധമെങ്കിൽ നിരുപാധികം പിൻവലിക്കുന്നു!

കേരളത്തിൽത്തന്നെ പല കോളേജുകളും സ്കൂളുകളും ആഴ്ചപത്രികളും മാറും നടത്തി പഴക്കവും തഴക്കവും നേടിയ ഹയരാർക്കി ഇവിടെ ഒരു മെഡിക്കൽ കോളേജോ എൻജിനീയറിംഗ് കോളജോ തുടങ്ങാത്തതെന്തു്? ഞാനീയിടെ ഇക്കാര്യം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിയോടു സംസാരിച്ചു. തിരുമേനി ഒരു മെഡിക്കൽ മിഷ്യൻ ഹോസ്പിറ്റൽ തുടങ്ങിയപ്പോഴും അതൊരു മെഡിക്കൽ കോളേജായി ഉയരുമെന്നായിരുന്ന പ്രതീക്ഷ എന്നും ഞാൻ പറഞ്ഞു. ചങ്ങനാശ്ശേരിക്കാണു് ഇനിയൊരു യൂണിവേഴ്സിറ്റി സെൻറർ ലഭിക്കാനുള്ള അർഹത എന്നും വൈസ് ചാൻസലർ ആയിരുന്ന ഡോക്ടർ ജോൺ മത്തായി പ്രസ്താവിച്ചതും, തൃശ്ശൂർ ഒരു യൂണിവേഴ്സിറ്റി സെൻറർസ്ഥാപിക്കണമെന്നു് രണ്ടുകൊല്ലം മുൻപു് ഒരാഴ്ച സെനറ്റിൽ പറഞ്ഞപ്പോഴും ഇനിയത്തെ അവകാശം ചങ്ങനാശ്ശേരിക്കാണെന്നു് ഡോക്ടർ ജോൺ മത്തായിയുടെ അഭിപ്രായം ഉദ്ധരിച്ചു് ഞാൻ സെനറ്റിൽ വാദിച്ചതും, ഈ വസ്തുതയുടെ സാക്ഷാൽകാരം ചങ്ങനാശ്ശേരിയിൽ മെഡിക്കൽ കോളേജ്, എൻജിനീയറിംഗ് കോളേജ് മുതലായവ ഉണ്ടാകുന്നതിനെക്കുടി ആശ്രയിച്ചിരിക്കുമെന്ന വസ്തുതയും ഞാൻ തിരുമേനിയുടെ ശ്രദ്ധയിൽപ്പെടുത്തി. പണം? ഉണ്ടാകട്ടെ എന്നൊന്നുതിരുവുള്ളമായാലു' ബാക്കിയെല്ലാം ഭദ്രമാണു് എന്ന ഞാൻ പറയാതിരുന്നില്ല. കോരമംഗലത്തെ എൻജിനീയറിംഗ് കോളേജും, ആലപ്പുഴത്തെ മെഡിക്കൽകോളേജും, എൻ. എസ്. എസ്. എൻജിനീയറിംഗ് കോളേജും ഒക്കെ ഞാൻ തിരുമേനിയുടെ സ്തുതിമണ്ഡലത്തിൽ അവതരിപ്പിച്ചു. സഹജമനോജ്ഞമായ മൗനമുദ്രകൊണ്ടു എന്റെ ആത്മാർത്ഥമായ നിവേദനങ്ങളും അനുഗ്രഹീതങ്ങളായി.

കോൺഗ്രസിലേക്കു തിരിയുകയാണു വീണ്ടും; ഹയരാക്കി

---

ത്തോലിക്കരുടെ നിസ്സഹായത വർദ്ധിക്കും എന്നാണു് അർത്ഥം. കഴിഞ്ഞ കാലങ്ങളിൽ കഴിവുകുറവുകൊണ്ടു് ഉപേക്ഷിക്കപ്പെട്ട പലതും ഉണ്ടു്. അതിലേറെ പ്രധാനമായ ജീവൽപ്രശ്നങ്ങളും അനുനിമിഷം വളർന്നു പെരുകുന്നുണ്ടു്. അതിനാൽ എത്ര വേഗത്തിൽ ഈ സംഘടന ശക്തിപ്രാപിക്കുമോ അത്രയുംവേഗത്തിൽ ഈ സമുദായത്തിനു് ഒരു വിധിനിഷ്ണായകഘടകമായി മാറുവാൻ സാധിക്കും.


HOTEL AMBASSADOR

The only First-Rate Hotel
In the town of Kottayam
(Approved by Govt of: India)

GRAM:AMBASSADOR PHONE:3758

# കാലത്തിന്റെ ചുവരെഴുത്ത്.

## അറിഞ്ഞോ അറിയാതെയോ അവഗണിക്കുന്ന കേരളകത്തോലിക്കർ തലമുറകളുടെ ഭാഗധേയങ്ങൾ തകിടംമറിക്കാതിരിക്കട്ടെ.

### (ജയിംസ് കെ. സി. മണിമല)

പണ്ടേതോ ഒരു ദാംഭികനായ രാജാവ് ഭൗതികസുഖങ്ങളിൽ മുങ്ങിമറിഞ്ഞു ഭോഗലാലസനായിക്കഴിഞ്ഞിരുന്നുവത്രെ. നാട്ടിലുടനീളം അരാജകത്വം നടമാടി. ധർമ്മവും, നീതിയും കാടുകയറി. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയായി. പക്ഷെ രാജാവു തന്റെ മദിരോത്സവത്തിൽനിന്നു വിരമിക്കുകയോ രാജ്യകാര്യങ്ങളിൽ ശ്രദ്ധിക്കുകയോ ചെയ്തില്ല.

ഒരു ദിവസം അദ്ദേഹത്തിന്റെ കിടപ്പറയുടെ ചുവരിന്മേൽ അദൃശ്യമായ ഒരു കൈ മുന്നു വാക്കുകൾ എഴുതിവെച്ചു. ''പൂർണ്ണപ്പെട്ടു; തുലാസിൽ തൂക്കപ്പെട്ടു; വിധിക്കപ്പെട്ടു.'' അടുത്ത ക്ഷണത്തിൽ ആ കുറിപ്പു മാഞ്ഞുപോകുകയും ചെയ്തു. തുടർന്നു എല്ലാദിവസവും ഈ അദൃശ്യഹസ്തലിഖിതങ്ങൾ ചുവരിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അനന്തരക്ഷണത്തിൽ മാഞ്ഞുപോകുമെങ്കിലും രാജാവിന്റെ അന്തരംഗത്തിൽ വല്ലാത്ത ചലനമുണ്ടാക്കുന്നതിനു് ആ പദങ്ങൾക്കു കഴിഞ്ഞു. അയാൾ തന്റെ ജീവിതവീഥിയിലേക്കു തിരിഞ്ഞുനോക്കി. അകത്തും പുറത്തുമുള്ള ശത്രുക്കളെ കണ്ടുപിടിച്ചു. രാജ്യകാര്യങ്ങളിൽ ദത്താവധാനനായി. തന്റെ ജീവിതരീതിയുടെ അലകും പിടിയും മാറ്റുന്നതിനും രാജ്യകാര്യങ്ങൾ പുനഃക്രമീകരിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചുവത്രെ.

### അനർത്ഥമായ ഒരന്യാപദേശം.

നൂറ്റാണ്ടുകളുടെ യവനികയ്ക്കുപുറത്തെവിടെയോ സംഭവിച്ചതാവാം ഇക്കഥ. പക്ഷെ അതു പ്രതിനിധാനം ചെയ്യുന്ന ആദർശം കാലത്തിന്റെ വഴിത്തിരിവിൽ മികച്ച ചൂണ്ടപലകയായി ഇപ്പോഴും നിലകൊള്ളുന്നു. കേരളകത്തോലിക്കരെ സംബന്ധിച്ചിടത്തോളം അക്ഷരശ്ലം അനർത്ഥമായ ഒരന്യാപദേശമാണിതു്. പാരമ്പര്യത്തിന്റെ മതിൽക്കെട്ടിനുള്ളിൽ പഴയ തറവാട്ടുമഹിമയുടെ ധ്വജത്തിൽ മാന്യതയുടെ കൊടികളെ പറത്തിക്കൊണ്ടു നാം ഇന്നും അലസരായിക്കഴിയുകയാണു്. കാലത്തിന്റെ മാറ്റങ്ങളും സാമൂഹ്യരംഗങ്ങളിലെ പരിവർത്തനങ്ങളും ആനുകാലികമായആവശ്യങ്ങളും നാംതീരെയും വകവയ്ക്കുന്നില്ല. ''പരിഭവം വിമാനത്തിൽ പറക്കുന്നെങ്കോട്ടേയ്ക്കോ, നാമിന്നു കിടക്കുന്നു, പണ്ടത്തെപ്പായിൽത്തന്നെ'' എന്നുള്ള ഈരടികളും നമ്മെ പ്രതിനിധീകരിക്കുന്നു. അലസതയുടെ കാരാഗാരത്തിൽ അഹന്തയുടെ ചുമട്ടു ഭാണ്ഡങ്ങളുമായി നാമുറങ്ങുകയാണു്.

### ചുവരെഴുത്തു വരുന്നു.

നമ്മെ ഉദ്ബുദ്ധരാക്കുവാൻ ക്രിസ്തുനാഥന്റെ അദൃശ്യഹസ്തങ്ങളൊന്നുതന്നെ ചുവരിലെഴുതി; അവിടത്തെ ദൃശ്യപ്രതിനിധി വഴി. പതിമൂന്നാം ലിയോ മാപ്പാപ്പായുടെ ഭൂവനപ്രസിദ്ധമായ ''റേരും നൊവേരും'' എന്ന ചാക്രിക ലേഖനം ആ ചുവരെഴുത്തുകളുടെ ഉദ്ഘാടനമായിരുന്നു. യാഥാസ്ഥിതികലോകം ഒന്നു ഞെട്ടി. റോം സ്ഥാപിതതാല്പര്യക്കാരെയും പിന്തിരിപ്പന്മാരെയും താലോലിക്കുന്ന ഒരു സ്ഥാപനമാണെന്നുള്ള തല്പരകക്ഷികളുടെ അപലാപം അത്ഥശൂന്യമാണെന്നു പുരോഗമനവാദികൾപോലും ബോദ്ധ്യമായി. പീയൂസ് പന്ത്രണ്ടാമൻ തിരുമനസ്സിലെ വിശ്വലേഖനങ്ങളും ഈ 'ചുവരെഴുത്തി'നെ ദൃഢവത്ക്കരിക്കുന്നവയായിരുന്നു.

ഒരു മിന്നൽപ്പിണർപോലെ സാമൂഹ്യമണ്ഡലങ്ങളെ ആവേശം കൊള്ളിച്ചുകൊണ്ടുകടന്നുപോയ ജോൺ ഇരുപത്തിമൂന്നാമൻ തിരുമേനി കാലത്തിന്റെ ഒരാവശ്യവും, ക്രൈസ്തവസ്നേഹത്തിന്റെ ഭാവോജ്വലമായ ഒരു യശസ്സും ഭൂമിയിൽ സമാധാനം, എന്നീ വിശ്വലേഖനങ്ങളും ഇളക്കിവിട്ട സാമൂഹ്യോത്ഥോജനം ഇനിയും ചക്രവാളത്തിൽ അലതല്ലുകയാണു്. 'റിപ്പവാൻ വിങ്കിളി'നെപ്പോലെ 'പഴയ തറവാടി'ന്റെ ഉമ്മറപ്പടിയിൽ ഉറങ്ങിക്കിടക്കുന്ന കേരളകത്തോലിക്കരെ ഉണർത്തുവാൻ ഈ 'ചുവരെഴുത്തു'കൾപോലും പര്യാപ്തമല്ലെങ്കിൽ നാം ലജ്ജിച്ചുതുകൊണ്ടും പ്രയോജനമില്ല.

### സംഘടനയുടെ യുഗം.

മനുഷ്യന്റെ സാമൂഹ്യമണ്ഡലം വളർന്നുകൊണ്ടിരിക്കുന്ന യുഗമാണിതു്. തന്നിൽത്തന്നെ ഒതുങ്ങി ഹൃസ്വമാകാതെ മാറുള്ളവരിലേക്കു വളർന്നു വികസിക്കുന്ന സാമൂഹ്യസിദ്ധാന്തത്തിന്റെ മഹത്തായ ഈ കാലഘട്ടത്തിൽ സമൂഹത്തിൽനിന്നു ഒറപ്പെട്ട വ്യക്തികൾക്കു സ്ഥാനമില്ല. രാജകിരീടങ്ങളും ചെങ്കോലുകളും ജനകീയശക്തിക്കടിയറ പറഞ്ഞിരിക്കുന്ന ആധുനികയുഗം അവകാശങ്ങൾ കണക്കു പറഞ്ഞു നേടുവാൻ സംഘടനയുടെ തണലിലേക്കു ഓടിയടുക്കുകയാണു്. സ്വന്തം പ്രതാപങ്ങളും നേട്ടങ്ങളും ധനശക്തിയുടെ ഭാണ്ഡത്തിൽ കുത്തിനിറച്ചുകൊണ്ടു എല്ലാം പിടിച്ചടക്കാമെന്നു വ്യാമോഹിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണു്. ചരിത്രം അവരെ പുറകിൽകൊണ്ടു തള്ളിനീക്കിയിട്ടു സംഘടനയുടെ വെള്ളിത്തേരിലേറി അനുനിമിഷം മുന്നേറിക്കൊണ്ടേയിരിക്കുന്നു. ഇത്തരുണത്തിലാണു ''ഒന്നിച്ചാൽ നാം നിലനിൽക്കും; ഭിന്നിച്ചാലോ നിപതിക്കും'' United we stand, devided we fall) എന്നുള്ള മുദ്രാവാക്യവുമായി ഈ പ്രസിദ്ധീകരണം നമ്മെ സമീപിക്കുന്നതു്. സംഘടിക്കുവാനുള്ള ഈ ആഹ്വാനം നമ്മുടെ കണ്ണുകൾ തുറപ്പിക്കട്ടെ; ആ ശബ്ദശക്തി നമ്മുടെ കർണ്ണങ്ങളിൽ തുളഞ്ഞുകയറട്ടെ.

(തുടരും)

---

മുന്നോട്ടു വരുന്നില്ലെങ്കിൽ ഈമാതിരി സാങ്കേതിക സ്ഥാപനങ്ങളും നടത്താൻ കോൺഗ്രസിന്റെ കൊടിക്കീഴിൽ ഇവിടത്തെ അൽമായ പ്രമുഖർക്കു സാധിക്കുകയില്ലേ? എങ്ങനെ ഏതു മാത്രം എന്നൊക്കെ കടന്നു ചിന്തിക്കാൻ ഞാൻ മുതിരുന്നില്ല. വേണ്ടിവന്നാൽ അതിനു സൗകര്യമുണ്ടാകത്തക്ക രീതിയിൽ സംഘടനയ്ക്കു ഒന്നുടച്ചുവാർക്കണം. രൂപതാടിസ്ഥാനത്തിൽ കഴിവുള്ള അൽമായരുടെ സംഘങ്ങളും മുന്നോട്ടുവന്നു് മുതൽ മുടക്കിസ്ഥാപനങ്ങളും സ്ഥാപിക്കയും അവയുടെ നേതൃത്വം കോൺഗ്രസിനു കൊടുക്കയും ചെയ്യുവാവുന്നതത്രേ. സ്ഥാപനങ്ങളുടെ രംഗങ്ങളും നിശ്ചയിക്കുന്നതിൽ ഉണ്ടാകാവുന്ന വടംവലി ഒഴിക്കാൻകൂടിയാണു് രൂപതാടിസ്ഥാനത്തിലുള്ള ഉപസംഘടനകളും പണംമുടക്കുന്ന കാര്യം സൂചിപ്പിക്കുന്നതു്. ഏതായാലും സമുദായത്തിന്റെ വലിയ രണ്ടാവശ്യങ്ങളാണു് സുശക്തമായ അൽമായ നേതൃത്വവും കാലോചിതമായ സാങ്കേതിക കലാലയങ്ങളും.


ജോയി കോഫി

ജോയി കോഫി
എം. എൽ. റോഡ്
കോട്ടയം

## സംഘടനാകാര്യം.

(27–ാം പേജ് തുടർച്ച)

### ഉറുമ്പുംകാവ്

കത്തോലിക്ക കോൺഗ്രസ് ഉറുമ്പുംകാവ് ശാഖയുടെ ഒരു യോഗം 28–7–'63 ൽ ഞായറാഴ്ച 9–30 ന സ്ഥലം പള്ളി മേടയിൽവച്ച് ബ. വികാരി ഫാ. മാത്യു മാൻതോട്ടം അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടി. ശാഖയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനു താഴെപറയുന്ന അംഗങ്ങളെ ഭാരവാഹികളായി തിരഞ്ഞെടുത്തിരിക്കുന്നു.

പ്രസി: ശ്രീ. കെ. പി. വക്കി കാവാലം
സെ: കുര്യൻ പാറേമാക്കൽ
ഖജാ: ജോൺ തേവർകുന്നേൽ

### ഉരുളികുന്നം

കു. കോൺഗ്രസ് 57–ാം നമ്പർ ഉരുളികുന്നം ശാഖയുടെ ഒരു സാധാരണയോഗം 1963 ഓഗസ്റ്റ് 18–ാംതു ഞായറാഴ്ച രാവിലെ 8 മണിക്ക് ബ. വികാരി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. പുന്നൂസ് അവർകളെ ശാഖയുടെ വൈസ്പ്രസിഡണ്ടായും താഴെപറയുന്നവരെ പ്രതിനിധികളായും തിരഞ്ഞെടുത്തു.

പി. പുന്നൂസ് തൊട്ടകയിൽ
പി. എം. ദേവസ്യാ പാഴുകുന്നേൽ
പി. ഡി. ജോസഫ് കളരിക്കൽ
ജി. സി. ദേവസ്യാ ഗണപതിപ്ലാക്കൽ
എസ്. എം. മത്തായി ഗ്രാമ്പിക്കൽ

### ചേപ്പുംകുൽ

1–9–'63

'ഓടയിൽനിന്നു' 'വ്യാസഹൃദയം' തുടങ്ങിയ പുസ്തകങ്ങളും നീക്കംചെയ്യാതിരിക്കുന്നതിനെ പ്രതിഷേധിച്ചുകൊണ്ട് സ്ഥലത്തും സമീപപ്രദേശങ്ങളിലുമുള്ള രക്ഷകർത്താക്കന്മാരുടെ യോഗംകൂടുകയും പ്രമേയങ്ങളും പാസ്സാക്കുകയും ചെയ്തിരിക്കുന്നു. ഏ. കെ. സി. സി. ചേർപ്പുങ്കൽ ശാഖ വിളിച്ചുകൂട്ടിയ പ്രസ്തുത യോഗത്തിൽ റവ. ഫാ. ആൻറണി തെങ്ങുംപള്ളി അദ്ധ്യക്ഷത വഹിച്ചു. മെ. കെ. സി. തോമസ്, ജോസഫ് വടമറ്റത്തിൽ, റവ. ഫാ. കുഞ്ചിറക്കാട്ട് എന്നിവർ പ്രസംഗിക്കയും ചെയ്തു.

## പുതുതായി രജിസ്റ്റർ ചെയ്ത ശാഖകൾ

449 മോനിപ്പള്ളി: സിറിയക്ക് ചാണ്ടി നീരാശ്ശൽ പ്രസിഡണ്ട് സെബാസ്റ്റ്യൻ വക്കി പാലശ്ശത്തടം സെക്രട്ടറി.

450 കുന്നംമുച്ചി: റവ. ഫ്രാ. ജോസഫ് കുന്നംമുച്ചി പ്രസിഡണ്ട് പി. സി. കുഞ്ഞിപ്പു കുന്നംമുച്ചി സെക്രട്ടറി

451 പാലശ്ശാട്ടുമല: വി. എൽ. തോമസ് ബി. എ. ബി. റവ പട്ടകയിൽ പാലക്കാട്ടുമല പ്രസിഡണ്ട് റവ. കെ. മാത്യു തേക്കിലക്കാട്ട പാലശ്ശാട്ടുമല സെക്രട്ടറി

452 മുരിക്കുംപുഴ: ക്രിസ്റ്റഫസ് എം. ലോപ്പസ് കയ്യാലക്കകം മുരിക്കുംപുഴ പ്രസിഡണ്ട് സിറസ് ഫർണ്ണാണ്ടസ് വലിയ വീട് മുരിക്കുംപുഴ സെക്രട്ടറി

### പുനരുദ്ധരിച്ചവ

42 അരുവിത്തുറ: റവ. സി. ജോസഫ് തൈലംമാനാൽ അരുവിത്തുറ പ്രസിഡണ്ട് തോംസൺ പള്ളിപ്പറമ്പിൻ വെയിൽകാണാംപാറ സെക്രട്ടറി

47 ആനക്കല്ല്: വി. എം. മാത്യു ബി.കോം വട്ടക്കുന്നേൽ കാഞ്ഞിരപ്പള്ളി പ്രസിഡണ്ട് ജോസഫ് മാത്യു ബി.എസ്സി. ബി. എഡ്. മടുക്കക്കുഴി സെക്രട്ടറി

---

മാന്യരെ

പുതിയ ഭരണഘടന വേണ്ടവിധത്തിൽ നടപ്പിൽ വരുത്തുന്നതിനും, നമ്മുടെ സംഘടനയേ ബലവത്തും വ്യാപകമായ പ്രാതിനിദ്ധ്യ സ്വഭാവത്തോടും കൂടിയ ഒന്നായി പടുത്തുയർത്തുന്നതിനുമായി കേരളത്തെ വിവിധ മേഖലകളായി തിരിച്ച് സംഘാടകരെ വക്കിംകമ്മറ്റി നിയോഗിച്ചതിന്റെ ഫലമായി അടുത്തകാലത്തു സംഘടനയ്ക്കു ഉണർവ്വും ഉന്മേഷവും കൂടെയെല്ലാം വർദ്ധിക്കുകയും അതോടൊപ്പം ഒട്ടേറെ പുതിയ ശാഖകളും രൂപീകൃതമാവുകയും പല ശാഖകളും പുനരുദ്ധരിക്കപ്പെടുകയുമുണ്ടായി. എങ്കിലും ഇനിയും പല സ്ഥലങ്ങളിലും




| ഡ്രസ്സ് സെൻറർ | ജൂവല്ലറി ഷോപ്പ് | വാച്ച് കമ്പനി | ടിമ്പർ ഡിപ്പോ | റസിഡൻസ് |
|---|---|---|---|---|
| 633 A | 633 | 501 | 2222 | 555 |

കോൺഗ്രസിന്റെ ശാഖകളും ഗ്രൂപ്പുകൊള്ളേണ്ടതായിട്ടാണിരിക്കുന്നത്. അതുപോലെതന്നെ നിഷ്ക്രിയമായിരിക്കുന്ന പല ശാഖകളും പ്രവർത്തനോന്മുഖമാകേണ്ടതുമുണ്ട്.

കത്തോലിക്ക കോൺഗ്രസിന്റെ പരമാധികാരസമതിയായ പ്രതിനിധിസഭയിലെ അംഗങ്ങളാണ് പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, ഖജാൻജി, സെക്രട്ടറി എന്നിവരടങ്ങുന്ന കോൺഗ്രസിന്റെ ഉദ്യോഗഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതു്. പ്രതിനിധിസഭയിൽ പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, ഖജാൻജി, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വർക്കിംഗ്കമ്മറ്റി അംഗങ്ങൾ, കോൺഗ്രസിന്റെ മുൻകാലങ്ങളിലെ കോൺഗ്രസ് സാമാജികരായ ഉദ്യോഗഭാരവാഹികൾ, ഉപകൃത്തുക്കൾ, ഗ്രൂപതാസംഘം പ്രസിഡണ്ടന്മാർ, ശാഖാപ്രതിനിധികൾ, അംഗസംഘടനകളുടെയും അംഗീകൃത സംഘടനകളുടേയും പ്രതിനിധികൾ, ശാഖകൾ ഇല്ലാത്ത ഗ്രൂപതകളിലെ സാമാജികരേയും പ്രത്യേക താല്പര്യങ്ങളേയും പ്രതിനിധീകരിക്കുന്നതിനു് നിലവിലുള്ള വർക്കിംഗ്കമ്മറ്റി നോമിനേറ്റുചെയ്യുന്ന 15 അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ്.

പത്തിൽ കുറയാതെ ശാഖകൾ ഉള്ള ഒരു ഗ്രൂപതയ്ക്ക് ഒരു ഗ്രൂപതാസംഘം ഗ്രൂപീകരിക്കാവുന്നതും ഗ്രൂപതാസംഘം കമ്മറ്റിക്ക് കോൺഗ്രസ് സാമാജികരിൽനിന്നും ഒരാളെ വർക്കിംകമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കാവുന്നതുമാകുന്നു. ഏതെങ്കിലും ഗ്രൂപതയിൽ ഗ്രൂപതാസംഘം നിലവിലില്ലാതെയും എന്നാൽ ആ ഗ്രൂപതയിൽ കോൺഗ്രസിന് ഒരു അംഗസംഘടന ഉണ്ടായിരിക്കയും ചെയ്താൽ പ്രസ്തുത സംഘടനാ പ്രതിനികൾക്ക് അവരിൽനിന്നും ഒരു അംഗത്തെ കോൺഗ്രസ് വർക്കിംഗ്കമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുത്തയയ്ക്കുന്നതിനു് അവകാശമുണ്ടായിരിക്കുന്നതാണ്. ഒരു ഗ്രൂപതയിൽ ഗ്രൂപതാസംഘം ഇല്ലാതിരിക്കയും പക്ഷെ ആ ഗ്രൂപതയിൽ പ്രതിനിധിസഭാംഗങ്ങളായി 25 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കയും ചെയ്താൽ അവയ്ക്ക് ഒരംഗത്തെ വർക്കിംകമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കുവാൻ അധികാരമുണ്ട്.

ഓരോ ശാഖയിലെയും പ്രസിഡണ്ടും സെക്രട്ടറിയും ഉപകൃത്തുക്കളും പ്രതിനിധി സഭാംഗങ്ങളാണെങ്കിലും, 15-ൽ കുറവായ അംഗസംഖ്യയുള്ള പ്രസിഡണ്ടിനും സെക്രട്ടറിക്കും ഈ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഓരോ ശാഖക്കും 25 അംഗങ്ങൾക്കു ഒന്നു് എന്ന അനുപാതത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കാവുന്നതുമാണ്. ഓരോ പ്രതിനിധിയും പ്രതിനിധി ഫീസായി ഒരു ഗ്രൂപാ കൊല്ലം തോറും കേന്ദ്ര കാര്യാലയത്തിലേക്കയക്കണമെങ്കിലും 50-ൽകൂടുതൽ അംഗങ്ങളുള്ള ശാഖകളുടെ പ്രസിഡണ്ടന്മാരും സെക്രട്ടറിമാരും പ്രതിനിധി ഫീസയക്കേണ്ടതില്ല.

കേരളകത്തോലിക്കരുടെ പ്രാതിനിധ്യമുള്ള ഏക സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ ഒരു ശാഖ എല്ലാ ദേവാലയങ്ങളോടും കുരിശു പള്ളികളോടും ബന്ധപ്പെട്ട ഗ്രൂപം പ്രാപിക്കേണ്ടതു സമുദായത്തിന്റെ അന്തസ്സിനും നിലനില്പിനും ആവശ്യമാണെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഈ അടുത്തവരുന്ന 30 ദിവസങ്ങൾക്കകം ശാഖകളും ഗ്രൂപതാസംഘങ്ങളും സ്ഥാപിച്ച കേന്ദ്രകാര്യാലയത്തിലേയ്ക്കു റിപ്പോർട്ടുചെയ്യണമെന്നു് എല്ലാ സമുദായാംഗങ്ങളോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

കോൺഗ്രസിന്റെ ഔദ്യോഗിക പത്രികയായ ബുള്ളറ്റിൻ അടുത്ത കാലത്തു കൂടുതൽ പേജുകളോടുകൂടി കുറച്ചൊന്നു് പരിഷ്കരിച്ചു് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ ഓരോ ഇടവകയും കോൺഗ്രസ് ശാഖകളും കുറെ വ്യക്തികളും കോൺഗ്രസ്സ് ബുള്ളറ്റിന്റെ വരിക്കാരായി ചേർന്നു് വരിസംഖ്യ മുടക്കം കൂടാതെ അയക്കുമെങ്കിൽ ബുള്ളറ്റിൻ ഒന്നുകൂടി ആകർഷണീയമായ വിധത്തിൽ നടത്തുന്നതിനു സാധിക്കും. ഒരു സമുദായസ്നേഹിയുടെ ഔദാര്യ ബുദ്ധികൊണ്ടാണു ഇന്നത്തെ ഗ്രൂപത്തിൽ കോൺഗ്രസ് ബുള്ളറ്റിൻ പ്രസിദ്ധീകൃതമാകുന്നതെങ്കിലും ഒരാളെ ആശ്രയിച്ചു് ബുള്ളറ്റിൻ നടത്തിക്കൊണ്ടു പോകുവാൻ സാധ്യമല്ലെന്നും സമുദായത്തിന്റെ അന്തസ്സിനും അഭിമാനത്തിനും അനുസ്യൂതമായ വിധത്തിൽ ബുള്ളറ്റിൻ തുടർന്നു നടത്തുന്നതിനു് എല്ലാ സമുദായാഭിമാനികളും മുന്നോട്ടുവന്നു് വരിസംഖ്യ അടിച്ചു് ബുള്ളറ്റിൻ ഒന്നുകൂടി ഭംഗിയായി നടത്തുന്നതിനു് വേണ്ട ഒത്താശകളും ചെയ്യുന്നതരണമെന്നു് അനുസ്മരിപ്പിക്കുന്നു.

എർണാകുളം
26. 8. '63.

കെ. എം. ജോസഫ്,
ബി. എ. ബി. എൽ
ജനറൽ സെക്രട്ടറി.


Contact for all types of General Insurance:

# THE NEW INDIA ASSURANCE COMPANY LIMITED

India's Largest General Insurance Company
Head Office Bombay

Divisional Office Ernakulam — Phone { 330, 364, 1068

Other Offices in Kerala

| | | | | | | | |
|---|---|---|---|---|---|---|---|
| Trivandrum | — | Phone | 2920 | Qulion | — | Phone | 2126 |
| Alleppey | — | Phone | 508 | Trichur | — | Phone | 576 |
| Calicut | — | Phone | 3526 | Cannanore | — | Phone | 345 |
| Cochin | — | Phone | 24676 | Kottayam | — | Phone | 2080 |

Total Funds as on 31-12-1962 — Rs. 13,48,69,021
Total Premium for 1962 — Rs. 13,67,33,787

# അല്ലിറാണി

(കോതനല്ലൂർ ജോസഫ്)

(തുടർച്ച)

## പള്ളിയറയിലെ വാനമ്പാടി,

ഏകാന്തവാസമാണ് രാജ്ഞി ''ലയിനാർഡ്'' അധികം ഇഷ്ടപ്പെട്ടിരുന്നത്. കുഞ്ഞുമകളെ എന്നും ചുംബനത്തിൽ അഭിഷേകം ചെയ്യു; വിനോദകമ്മങ്ങൾക്കായൊരുക്കി. വളർത്തമ്മമാരെ ഏല്പിച്ചശേഷം; ഭക്തഹൃദയയായ ആ വധൂത്തംസം ആന്ത:പുരമാളികയിലെ പുരത്തളത്തിൽപ്പോയിരുന്നു പ്രപഞ്ചത്തെ നിരീക്ഷിക്കുക സാധാരണമായിരുന്നു. ആദ്ധ്യാത്മികചിന്തയിൽ മുഴകിയിരുന്നുകൊണ്ട് ആ സ്നേഹഗായിക ജീവജാലങ്ങളോടു സല്ലപിക്കും:—

''അല്ലയോ മലർക്കുലങ്ങളേ! നിങ്ങൾക്ക് അഴകും ശോഭയും നൽകിയ കാരുണികനായ ദൈവത്തെ നിങ്ങൾ കാണുന്നുണ്ടോ? ഉണ്ടായിരിക്കണം. നാഥന്റെ ദിവ്യസാന്നിദ്ധ്യം ദർശിച്ചിട്ടാവണം പരിസരവായുവിൽ നിങ്ങൾ പരിമളം പരത്തുന്നത്. പ്രപഞ്ചത്തിന്റെ ഓമനക്കുടങ്ങളെ! നിങ്ങളുടെ നിർമ്മലഹൃദയങ്ങൾ എപ്പോഴും മാധുര്യംനിറഞ്ഞതാണ . മന്ദസ്മിതം പൂരണ്ട ആ കോമളമുഖങ്ങൾ സദാപീമന്ദമാരുതനേറ്റു കുണുങ്ങിയാടി സന്തോഷത്തെയും സ്നേഹത്തേയും പ്രകാശിപ്പിക്കുന്നു. സജ്ജനസ്വഭാവം നിങ്ങളിൽ നാമ്പിട്ടുനില്ക്കുന്നല്ലോ. പരിസരങ്ങളേയും സമീപവസ്തുക്കളേയും നിങ്ങൾ സുഗന്ധപ്പെടുത്തുന്നു. അഥവാ നല്ലതാക്കിത്തീർക്കുന്നു. നിങ്ങളുടെ ജീവിതം ധന്യമാണ്. ഇന്നു ഞാൻ നാളെ നീ എന്നുള്ള ജീവിതതത്വം വിളിച്ചു ചൊല്ലാൻ ദൈവം നിങ്ങളെ അയച്ചതാവാം. അതാണ് പെട്ടെന്നു നിങ്ങൾ കണ്ണിൽനിന്നും മറയുന്നത്. നിങ്ങൾക്കു നമസ്കാരം!

നേത്രദൃശ്യങ്ങളായ ലതാസഞ്ചയങ്ങളെ! വിവിധ നിറങ്ങളും, ആകൃതികളും ധരിച്ചു നിങ്ങൾ ആരുടെ മാഹാത്മ്യങ്ങളെയാണ് പ്രകീർത്തനം ചെയ്യുന്നത്. ഭക്ഷണവും പാനീയവും തന്നു നിങ്ങളെ വെളിച്ചത്തിലേക്കു കൊണ്ടുവന്ന സ്രഷ്ടാവിന്റെ തിരുനാമം കൈത്തുമ്പുകളാൽ നിങ്ങൾ വായുവിൽ കുത്തിക്കുറിക്കുകയാണോ? മന്ദമാരുതൻ വീണമീട്ടുമ്പോൾ നിങ്ങൾ ഇലകൾ ഇളക്കി താളമടിച്ചു പരമശക്തനെപ്പുകഴ്ത്തുകയാണോ? അകഴിന്റെ കൂടാരങ്ങൾ തീർത്തു അദ്ദേഹത്തെ സ്വീകരിക്കുവാൻ നിങ്ങൾ കാത്തുനില്ക്കുകയല്ലേ? പൂമാലകോർക്കുന്ന നിങ്ങളുടെ കൈകൾക്കു ദീർഘായുരാരോഗ്യങ്ങൾ ഉണ്ടാകട്ടെ. നാഥന്റെ തിരുമുമ്പിൽ പൂമ്പരവതാനികൾ മാറിമാറി വിരിക്കുവാൻ നിങ്ങൾക്കു ഭാഗ്യമുണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു.

പ്രിയ നന്ദസമൂഹങ്ങളെ! നിങ്ങൾ ഉയർന്ന തലപ്പുകൾകൊണ്ട് ആരെയാണ് എത്തിനോക്കുന്നത്? നിങ്ങൾ വിടർത്ത ആതപത്രങ്ങളിലെ തുമ്പലുക്കുകൾ കിന്നാരംമുഴക്കി പാട്ടന്നതു കേൾക്കുന്നില്ലേ? ''നാഥൻ എഴുന്നള്ളിപ്പാക്കുന്നു, സങ്കേതങ്ങൾ വിശ്രുതിയാക്കി വന്നിടുവിൻ'' സൂഹൃത്തുക്കളെ! പുണ്യപുഷ്പലമായ, നിങ്ങളുടെ ജീവിതത്തിനു ഞാൻ വിജയമാശംസിക്കുന്നു. ജനനംമുതൽ ഇന്നോളം ഒരു പാപവുംചെയ്യാത്ത ജീവിതം നിങ്ങൾ അനുഷ്ഠിക്കുന്നു. എരിയുന്ന വെയിലും, പെയ്യുന്ന മഴയും, പൊഴിയുന്ന മഞ്ഞും ഓരോകാലത്തും ശിരസ്സിലേറ്റു തപസ്സുചെയ്യുന്നവരല്ലേ നിങ്ങൾ? ആ നിങ്ങളാണ പുണ്യധനന്മാർ ''പരോപകാരാർത്ഥമിദം ശരീരം'' എന്നുള്ള പുണ്യപ്പൊരുൾ, നിങ്ങളുടെ ജീവിതനിശ്വാസങ്ങളിൽ അലിഞ്ഞു ചേർന്നിരിക്കുന്നു ചിലകാലം പൂവണിഞ്ഞും, പലകാലം കായണിഞ്ഞും ഒരു കാലും കനിയുതിർത്തും ജീവിക്കുന്നവരാണ് നിങ്ങൾ. എന്നാൽ ഇവയിലൊന്നും നിങ്ങൾ അനുഭവിക്കുന്നില്ല. എല്ലാം ജന്മഭൂമിയുടെ കൈകളിലേയ്ക്കു അല്ലെങ്കിൽ ആ ശ്രീതരുടെ മുൻപിലേക്കു അർപ്പിക്കുന്നു. ഏതു പരിതസ്ഥിതിയിൽ ജീവിച്ചാലും കുടുംബമഹത്വം നിങ്ങൾ പുലർത്തുകയായി. ഫലങ്ങൾ ആ രഹസ്യം വ്യക്തമാക്കുന്നു. വിവേകിയായ മനുഷ്യൻ ഇതു ഗ്രഹിച്ചെങ്കിൽ! കൊള്ളാം; വാഴുവിൻ! ദൈവതിരുനാമത്തെ വിളംബരംചെയ്യുന്ന വിജയവൈജയന്തികളായിപ്പരിലസിക്കുവിൻ!

വിചിത്ര പക്ഷിപരവകളെ: നിങ്ങൾക്കു പറക്കുവാൻ ചിറകുകളും, കൂടും തണുപ്പുംതടുക്കുവാൻ തൂവലുകളും സമ്മാനിച്ച ദൈവം നിങ്ങളോടു എത്ര കരുണയുള്ളവനാണ്? ആകാശവും മാമരങ്ങളുമായി നിങ്ങൾക്കു എത്ര അടുപ്പം? എന്തെല്ലാം തമ്മിൽ പറയുവാനുണ്ട്? ഈശ്വപ്രഭാവങ്ങൾ പരസ്പരംപറഞ്ഞും, അറിഞ്ഞും ആനന്ദിക്കുവാനാകുമോ, നിങ്ങൾ അങ്ങുമിങ്ങും പറന്നുകൊണ്ടിരിക്കുന്നത്? നിങ്ങൾ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, എപ്പോഴും സർവ്വശക്തന്റെ സ്തുതിഗീതങ്ങൾമുഴക്കി പാടിപ്പറന്നു ജീവിക്കുന്നു. നല്ലവനായപിതാവു നിങ്ങളെ പോറ്റുന്നു സ്നേഹമുള്ളവരേ! പുലരിയും സന്ധ്യയും നിങ്ങളുടെ ദൈവസ്തുതിഗാനങ്ങളെ, തങ്കലിപികളിൽ ആകാശത്തിൽ കുത്തിക്കുറിക്കുന്നതു ഞാൻ കാണുന്നുണ്ട്. മനുഷ്യമക്കൾ ഇതറിഞ്ഞു ലജ്ജിക്കുകയില്ലയോ? പകൽപ്പിറപ്പിന്റെ പള്ളിയുണർത്തുകാരേ! സന്ധ്യാകാലത്തിന്റെ സ്തുതിപാഠകരേ! ദൈവമഹത്വത്തിനുവേണ്ടി നിങ്ങൾ ജീവിച്ചിരിക്കുവിൻ!

ഓമന ജന്തുവൃന്ദങ്ങളെ! ഇണകളെ തിരിച്ചറിയുവാനും, സന്താനങ്ങളെ സ്നേഹിച്ചു വളർത്തുവാനും ആവശ്യമായ ബുദ്ധി നൽകിയ ദൈവത്തെ നിത്യവും നിങ്ങൾ ആരാധിക്കുന്ന പുണ്യദേവാലയമാണന്നോ;ആകാശമേൽവിരിപ്പണിഞ്ഞു ശോഭിക്കുന്ന ഭൂലോകം? നിങ്ങൾക്കു് ഇഷ്ടകരങ്ങളായ ഭക്ഷണപദാർത്ഥങ്ങളെ അതാതിടങ്ങളിൽ നീളവേ നിരത്തീട്ടുള്ള സ്നേഹശ്രുപനെ വിളിച്ചുകൊണ്ടു നിങ്ങൾ സഞ്ചരിക്കയാണോ? നിങ്ങൾക്കു പാർക്കുവാൻ ഗ്രഹകളും, ഗ്രല്മങ്ങളും, രഹസ്യതാവളങ്ങളും സൃഷ്ടിച്ചൊരുക്കിയ പിതാവിനെ നിങ്ങൾ പുകഴ്ത്തുമ്പോൾ, കൂട്ടുകൂടുന്നതിനല്ലയോ മാമലകൾ ശിരസ്സുയർത്തിപ്പിടിച്ചു നില്ക്കുന്നത്? ഏറുമ്പുകൾ തൊട്ടു ദന്തിയൂഥങ്ങൾ വരെയുള്ള ജന്തുസമൂഹമേ! വിധാതാവിന്റെ കരകൗശല ചാതുരിയെ നിങ്ങൾ പ്രപഞ്ചത്തിനു കാണിച്ചുകൊടുക്കുന്നു. നിങ്ങളുടെ ഉള്ളിൽ സഞ്ചരിക്കുന്ന ജീവന്റെ ചോടുവയ്പുകൾ അത്ഭുതകരംതന്നെ. ജീവിക്കുന്ന സൗന്ദര്യശില്പങ്ങളെ സ്വാഗതം!

പ്രകാശനിധിയായ സൂര്യബിംബമേ! ആരുടെ ശക്തി അങ്ങേയ്ക്കു മുട്ടും പ്രകാശവും പ്രദാനംചെയ്തിരിക്കുന്നു. ആരുടെ മഹിമയെ വിളംബരം ചെയ്തുകൊണ്ടു മുതൈറാതെ അങ്ങു സഞ്ചരിക്കുന്നു? ഭവാന്റെ ഓരോ കിരണങ്ങളും ആ ദിവ്യമഹസ്സിനെ തഴുകിച്ചുംബിച്ചുകൊണ്ടു കുമ്പിടുകയാണോ? അങ്ങു ലോകത്തിന്റെ ബന്ധുവാണ്. ലോകനന്മയാകുന്നവിധം, സഞ്ചാരക്രമത്തേപ്പോലും ക്രമപ്പെടുത്തിയിരിക്കുന്നു. കാലാവസ്ഥകളാകുന്ന വിവിധ വസ്ത്രങ്ങൾ ദാനം ചെയ്തു, സാഹോദര്യത്തെ പുലർത്തുകയാണ് അവിടുന്ന പൂക്കളെ കായ്ക്കളാക്കുന്നു, കായ്കളെ പഴങ്ങളാക്കുന്നു. അങ്ങയുടെ തലോടൽ ജീവജാലങ്ങൾക്കു ശക്തിയും വളർച്ചയും കൈവരുത്തുന്നു. ദിവസങ്ങളുടെ ജീവിതചരിത്രങ്ങൾക്കു അങ്ങു സാക്ഷിയാണ്. മാസങ്ങളും വർഷങ്ങളും ഭവാനെ പര്യുപാസിക്കുന്നു. ഒന്നുകൊണ്ടും കൃത്യവിലോപം വരുത്താത്ത അങ്ങാണ ലോകത്തിന്റെ പൂജ്യഗുരുനാഥൻ. ലോകാന്ധകാരത്തെയകറ്റുന്ന അങ്ങയുടെ നിത്യകർമ്മം ശ്ലാഘനീയംതന്നെ. പ്രേഷ്ഠ സുഹൃത്തേ! നമസ്കാരം! ആയിരമായിരം നമസ്കാരം!

ഒരിക്കലും സ്നേഹത്തിൽനിന്നും വേർപിരിഞ്ഞിട്ടില്ലാത്ത

പ്രപഞ്ചഘടകങ്ങളെ! ഐക്യത്തിന്റെ മാഹാത്മ്യകീർത്തനങ്ങളും മുഴക്കുന്ന നിങ്ങളും ദൈവസാക്ഷാത്ക്കാരത്തിന്റെ സുദീർഘങ്ങളായ അദ്ധ്യായങ്ങളും മനുഷ്യരാശിയുടെ മുമ്പിൽ വിടർത്തുകാണിച്ചുകൊണ്ട് അവരിൽ അധ്യാത്മചിന്തകളെ അങ്കുരിപ്പിക്കുന്നു. കല്പകലാസാമീപ്യം, ഇനിയുമായിരമായിരം വർഷം, ലോകപിതാക്കളായ നിങ്ങളിൽ വൈപരീത്യം ജനിപ്പിക്കാതിരിക്കട്ടെ. തേനിൽ മധുരം കണക്കെ വസുസ്ഥിതനായപരം പൊരുളന്റെ അദൃശ്യശക്തിയെ വിചിത്രചരാചരങ്ങളാകുന്ന താളക്രമവഴി വിശദീകരിക്കുന്ന നിങ്ങളും, കാമചാരികളായ ധൂർത്തസന്താനങ്ങളുടെ അജ്ഞതയിൽ സങ്കടപ്പെടുന്നുണ്ടാവണം. അയ്യോ! എനിക്കു കരയുവാൻ തോന്നുന്നു. പിതാവിന്റെ പരിശ്രമഫലം ഉണ്ണുന്നപുത്രൻ അദ്ദേഹത്തെ അറിയുന്നില്ലെങ്കിൽ താൻ എത്ര സങ്കടപ്പെടും? പ്രിയ സഹോദരങ്ങളെ! നിങ്ങൾക്കു ഗുരുനാഥൻ ഒന്നേയുള്ളു. അദ്ദേഹം പഠിപ്പിച്ചരുളിയ അദ്വൈതതത്വം നിങ്ങൾ ലോകത്തിനു പ്രദാനം ചെയ്യുന്നു. ഐക്യത്തിന്റെ ഈ എഴുത്തുപള്ളിയിൽ എല്ലാം ഒന്നു: ഒന്നിൽ നിന്നു പുറപ്പെട്ടതു:—

രാജകൊട്ടാരത്തിന്റെ പൊൻതാഴികക്കുടത്തിലും, ചേറുക്കുടിലിന്റെ മേൽക്കൂരപ്പുറത്തും ഒന്നുപോലെ കിരണകന്ദളങ്ങൾ പരത്തുന്ന സൂര്യചന്ദ്രാദി ഗോളങ്ങളെ ഉല്പാദിപ്പിക്കുന്ന നഭോമണ്ഡലമേ! ഭവാനും അഗ്നിജലാദിമിത്രങ്ങൾക്കും ഉള്ള സാഹോദര്യം അചിന്ത്യമെന്നേ പറയാവൂ. ദാഹിക്കുന്ന ഭൂമിക്കു ജലവും, കുളിർന്ന ഭൂമിക്കു പൂഞ്ചോലയും നൽകുന്ന നിങ്ങളെ ആ സഹോദരിക്കു് എങ്ങനെ മറക്കുവാൻ കഴിയും? നിങ്ങൾ വേർപിരിയുന്നെങ്കിൽ അവനു് എങ്ങനെ ജീവിക്കും?

സ്നേഹത്തിന്റെ ഈ തറവാട്ടിൽ ജാതിമതഭേദങ്ങൾക്കു് ആരാണു സിംഹാസനങ്ങൾ പണിതൊരുക്കിയതു്? അഹോ! അഹങ്കാരവൃക്ഷത്തിന്റെവിഷഫലം നീചരായ മനുഷ്യധർമ്മാർ ഉണ്ണുവാനൊരുമ്പെട്ടു. സ്നേഹമില്ലാത്ത അവർ ലോകത്തെ ദുഷിപ്പിച്ചു. അന്ത സ്നേ ജ സ് അന്ധമിച്ച. അകക്കണ്ണുകൊണ്ടു കാണുവാൻ കഴിയാതായി. പ്രപഞ്ചവ്യാപിയായി, മുമ്പിൽ എഴുന്നള്ളിപ്പിക്കുന്ന ദിവ്യസൃഷ്ടാവു് അവർക്കു അഗോചരനായി ഭവിച്ചു, ശാന്തം പാപം!

സൂര്യാദിഗോളങ്ങളേ! ധരാതലമേ! നിങ്ങളേവരും നിത്യസഞ്ചാരികളായിരിക്കുന്നവല്ലോ. ലോകാരംഭംമുതൽ നിങ്ങളുടെ സഞ്ചാരക്രമം ഒന്നുതന്നെ. നിങ്ങളും യാന്ത്രികമായി സദാ ചലിച്ചുകൊള്ളുകയാണു്. ഞൊടിനേരംപോലും വിശ്രമിക്കാതെ കറങ്ങുകയാണു്. അജയ്യമായ ഒരു ശക്തി നിങ്ങളെ ക്രമം തെറ്റാതെ നയിക്കുന്നു, ലക്ഷണംകൊണ്ടു അതു ഞാൻ ഗ്രഹിക്കുന്നുണ്ടു്. ആ നിയാമകൻ ഇല്ലായിരുന്നെങ്കിൽ ഈ കേവഞ്ചി പണ്ടേതന്നെ പ്രളയാവർത്തനത്തിൽ തിരിഞ്ഞുടഞ്ഞു താണുപോകുമായിരുന്നു. ദൈവമേ! അവിടുന്നു സ്തുതിക്കപ്പെടട്ടെ.

ആകാശമേ! ഭവാൻമാത്രം നിശ്ചലനായി കാണുന്നതെന്താണു്? ദിവ്യജ്യോതിസ്സുകൾക്കു് അങ്ങു് ആധാരമാകയാലാണോ? അങ്ങേയുടെ ഉത്തരം ഞാൻ ശ്രവിക്കുന്നു. ഭവാൻ കൂട്ടുകാരിൽ മഹത്വപ്പെട്ടവനും നിത്യനുമാകുന്നെന്നോ? അതു വാസ്തവം സമ്മതിച്ചേക്കാം. ഇതര പ്രാപഞ്ചിക ഘടകങ്ങളും സംവർത്തസംഘട്ടനമേറ്റു നാമാവശേഷമായാലും, അവിടുത്തെ ജീവിതം അവസാനിക്കുന്നില്ല. അങ്ങു നിത്യലോകത്തിന്റെ അസ്ഥിവാരമായി നിലനില്ക്കുമാറാകട്ടെ നഭസ്സേ! നമസ്കാരം!

രാജ്ഞി, ചക്രവാളപരിധിയിലേക്കു, കണ്ണോടിച്ചപ്പോഴും ആകാശത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തായി ഏതാനും വെള്ളിമേഘപടലങ്ങൾ കൂട്ടു കൂടുന്നതു കണ്ടു. അവ ക്ഷണനേരത്തിനുള്ളിൽ മഞ്ഞണിഞ്ഞ ഒരു പുൽക്കൂടിലായി ശുപാന്തരപ്പെട്ടു. മാതാവും പിതാവും ഒരു ശിശുവും ഇങ്ങനെ മൂന്നുപേർ അതിന്റെ ഉള്ളിൽ ഇരിക്കുന്നതുപോലെ തോന്നി. ആ വധൂരത്നം ഈശ്വരചിന്താപരമായി ചോദിച്ചു. വെള്ളിമേഘങ്ങളെ! നിങ്ങൾ ചലച്ചിത്രപ്രദർശനം ആരംഭിച്ചിരിക്കയാണോ? തിരുക്കുടുംബമല്ലേ അതു് ഹാ! രംഗം മാറിക്കഴിഞ്ഞല്ലോ. എനിക്കു പലതും കണ്ടറിയേണ്ടതുണ്ടായിരുന്നല്ലോ.

അതാ! അടുത്ത രംഗത്തിൽ പത്രോസിന്റെ പടവോട്ടു്. ദിവ്യനാഥൻ എവിടെ? കാണുന്നില്ലല്ലോ. എന്തിനു സംശയിക്കുന്നു? ദിവ്യഗുരുവിനെ കണ്ടാൽപിന്നെ ശിഷ്യപ്രധാനന്റെ തോണി ഓടുക പതിവില്ലല്ലോ. സർവ്വസമ്പത്തും കുമ്പിട്ടുന്ന ആ മഹത്സന്നിധിയിൽനിന്നും അതു നീങ്ങേണ്ട കാര്യമില്ല. തോണിയിപ്പോഴും ഗുരുവിനെ തേടി പോകുകയാണു്. ദിവ്യദൃശ്യത്തിനുശേഷമേ ആ വലകൊണ്ടു മത്സ്യങ്ങൾക്കൊണ്ടു നിറയുകയുള്ളു.

അനന്തരരംഗം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. രണ്ടുസ്ത്രീകൾ അതാ ഒരു കുഞ്ഞുമായിവരുന്നു. സ്ഥാനവസ്ത്രാലംകൃതനായ ഒരു പുരുഷൻ അവരുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു. ആ വനിതകൾ അദ്ദേഹത്തെ കുമ്പിട്ടുന്നല്ലോ. അദ്ദേഹം ഒരുചക്രവർത്തിതന്നെ. സങ്കടക്കാരികളായ അവർ കുഞ്ഞിനെ ചൂണ്ടി എന്താണു് ഉണർത്തിക്കുന്നതു്. ശരി, ശരി എനിക്കു മനസ്സിലായി. ആ എഴുന്നള്ളിയതു് മഹാനായ സോളമൻ തന്നെ. അദ്ദേഹമല്ലേ നാരികളുടെ സങ്കടംകേട്ടു് സത്യപരീക്ഷണാനന്തരം സാക്ഷാൽ പെറ്റമ്മയ്ക്കു് കുഞ്ഞിനെകൊടുത്തു സങ്കടം തീർത്തതു്?

വാനമേഖങ്ങളെ! അടുത്ത രംഗത്തിലേക്കു കടന്ന നിങ്ങളും, ഇപ്പോഴും ഒരുക്കിയിരിക്കുന്ന സിംഹാസനം ആർക്കുവേണ്ടിയുള്ളതാണു്.? കല്പാന്തകാലത്തിൽ എഴുന്നള്ളുവാനിരിക്കുന്ന ഈശപുത്രനെ അന്നു സ്വീകരിക്കുവാൻ ഉള്ള പരിശീലനം നിങ്ങളും കാലേകൂട്ടി സമ്പാദിക്കുവാൻ ശ്രമിക്കുകയാണോ? ആകാശവേദിയെ സദാനടന രംഗമാക്കിത്തീർക്കുന്ന നിങ്ങളും എത്രയോ കൗതുകദായികളാണു്.? പുരാവൃത്തങ്ങളെ അനുക്ഷണം പ്രദർശിപ്പിച്ച മനുഷ്യഹൃദയങ്ങളിൽ സന്മാർഗ്ഗചിന്തകളും അങ്കുരിപ്പിച്ചുകൊണ്ടു് കേളിയാടുന്ന നിങ്ങളെ ഞാൻ വന്ദിക്കുന്നു. വിണ്ണിന്റെ നിത്യനടന്മാരെ! നിങ്ങളുടെ പ്രയത്നങ്ങളെ കാണുവാൻ കണ്ണുള്ളവർ ചുരുക്കം മാത്രം. ''ക്ഷണിക്കപ്പെട്ടവർ അനേകം. തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.''

മനുഷ്യജന്മമേ! നിന്റെ മഹത്വത്തിന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തുകയാണു്. കാരുണ്യകനായ ദൈവം സ്നേഹത്തിന്റെ ഭണ്ഡാഗാരംതുറന്നു് അതിലെ സമ്പത്തെല്ലാം നിന്നിൽ നിക്ഷേപിച്ചിരിക്കുന്നു. മനുഷ്യ! നിന്റെ നേരേ പിതാവിനുള്ള സ്നേഹം എത്ര വലുതാണെന്നു ഒന്നു ചിന്തിക്കുക! നിനക്കുവേണ്ടിയാണു് അവിടുന്നു ലോകത്തെ സൃഷ്ടിച്ചതു്. സത്യമല്ലേ? അല്ലെങ്കിൽ നിനക്കെങ്ങനെ അതിന്റെ നാഥനാകാൻ സാധിച്ചു? പ്രപഞ്ചസൃഷ്ടിയുടെ അവസാനത്തിലാണു് ആദിമമനുഷ്യന്റെ പുറപ്പാടു്. ഒരുക്കങ്ങളെല്ലാം ചെയ്തശേഷമാണു് സ്നേഹതാതൻ അയാളെ സുഖത്തിന്റെ തറവാട്ടിലേക്കു നിയോഗിച്ചതു് ''ഏദനിൽ തേനും പാലും ഒഴുകിയിരുന്നു. രുചികരങ്ങളായ പഴങ്ങൾവീണ ഭൂമി മറഞ്ഞിരുന്നു. ആദാമിന്റെ നന്മയിൽ സാത്താനു അസൂയതോന്നി. അവൻ ആ മനുഷ്യനെ സമീപിച്ചു. ആദം വിശ്വസിച്ചു അതുപാനം ചെയ്തു. മദോന്മത്തനായി പിശാചുപറഞ്ഞു ഞാൻ ഈശ്വരതുല്യനാണു്. പായുന്നതു് സത്യമാണു് എന്നേവിശ്വസിക്കു, എന്നെ അനുസരിച്ചാൽ നീയും ദൈവസമാനനായിഭവിക്കും. ആദം പിശാചിന്റെ വലയിൽ കുടുങ്ങി. അയാൾ പാപം ചെയ്തു. കല്പനാലംഘനം അങ്ങനെ സന്തതികൾക്കു രോഗവും മരണവും ഇതരകഷ്ടതകളും അയാൾ സമ്പാദിച്ചുവച്ചു. ആദവും പത്നിയും പാരഡൈസിൽനിന്നും പുറംതള്ളപ്പെട്ടു. മനുഷ്യ! ഈ കഥകൾ നിനക്കു വിശ്വസിക്കാവുന്നതാകയില്ല. നീ പിതാവിലും വലിയവനാകാൻ ആഗ്രഹിക്കുന്നു. പാപിയാമനുഷ്യൻ ഭൂമിയിലൂടെ കരഞ്ഞുനടക്കുവാൻ തുടങ്ങി. ലോകം അവനു് ഹൃദയസമാധാനം നൽകിയില്ല. നല്ലവനായ പിതാവിനു അവന്റെ നിലവിളിയിൽ അലിവുതോന്നി അദ്ദേഹം അവനെ ആശ്വസിപ്പിച്ചു ''നിനക്കു രക്ഷകൻ വരുന്നുണ്ടു്''

സൃഷ്ടിയുടെ മാഹാത്മ്യത്തിന്റെ സ്രഷ്ടാവേ! നീ നിന്നെതന്നെ അറിയുന്നുണ്ടോ? സ്വർഗ്ഗം നിനക്കുള്ളതാണു്. തന്നിമിത്തമാണു് അനശ്വരമായ ആത്മാവിനെ നിനക്കു തന്നിരിക്കുന്നതു് ക്ഷണിക സുഖത്തിൽ അതു് സംതൃപ്തിയാകുകയില്ല.

സോദരാ! നീ നിന്റെ അവയവങ്ങളെ ഒന്നു വീക്ഷിക്കുക! ഇതര സൃഷ്ടികൾക്കില്ലാത്ത സൗന്ദര്യവിലാസങ്ങളും അവ ഓരോന്നിലും കുതിരിട്ടനില്ക്കുന്നില്ലയോ? പൂക്കളുടെ മൃദുത്വവും അമ്പിളിയുടെ അഴകും പൂണ്ടനിന്റെ മുഖം ശോഭിക്കുന്നില്ലേ? സൃഷ്ടാവിനു നീ ഓമനയാണു്. അതേ, നിശ്ചയമായും. നീ

ഒന്നു പുഞ്ചിരിക്കൂ. അതിനുള്ള ഭാഗ്യം സൃഷ്ടികളിൽ നിന ക്കു മാത്രമുള്ളതാണു്. പിതാവിനെ പുകഴ്ത്തുവാൻ വേണ്ടി യാണു നിന്റെ അഴകോലുന്ന മുഖം നിർമ്മിക്കപ്പെട്ടതു്. ത ന്മൂലമാണു് നിനക്കു് ഇംഗിതം പ്രകാശിപ്പിക്കുവാനുള്ള സം സാര ശക്തി കൈവന്നതു്. കൂടാതെ പ്രപഞ്ചതത്വങ്ങളും. ലോക ശാസ്ത്രങ്ങളും മുഴുവൻ സംഭരിച്ചുവച്ചാലും സ്ഥലം അ വശേഷിക്കുന്ന ഒരത്ഭുതപേടകം നിന്നിൽ ഘടിപ്പിച്ചിട്ടുണ്ടു്. വിവേകിയായി പ്രവർത്തിക്കുവാൻ നീ ജഡീയ ചിന്തകളെ ചുമക്കുന്ന കഴുതയാകാൻ ശ്രമിക്കാതെ, പരമപിതാവിന്റെ ച ളിക്കുണ്ടിൽ വീണു് അധപതിക്കാതെ വിണ്ണിന്റെ വിരുന്നു ണ്ണുവാനുള്ള ഒരുക്കങ്ങളും ചെയ്തുകൊണ്ടു ജീവിച്ചു് ഉന്നതങ്ങ ളിലേക്കുയർന്നാലും!

മനുഷ്യാത്മാവെ! സ്വർഗ്ഗം നിന്നെ നോക്കിക്കരയുന്ന കൃ ത്യങ്ങളും നീ ഒരിക്കലും ചെയ്യരുതു്. നീകാണാത്തതും കേൾ ക്കാത്തതും അനുഭവിക്കാത്തതും ആയ സുഖങ്ങളും നിന്നെ പ്ര തീക്ഷിച്ചുകൊണ്ടു അവിടെ ജാഗരിതമായി നില്ക്കുകയാണു്. ഇരുളും പ്രവേശിക്കാത്തതും രോഗങ്ങളും എത്തിനോക്കാത്ത തും, മരണം നീങ്ങാത്തതും, നാശം അങ്കുരിക്കാത്തതുമായ ആ ദിവ്യലോകം നഷ്ടപ്പെടുന്നെങ്കിൽ നിന്റെ ജീവിതം കൊണ്ടു ഫലമെന്തു്? സകലാനന്ദത്തിന്റെ ആ നിത്യസങ്കേതം സദാ പി, നിന്നെ വിളിക്കുന്നു. മണ്ണിന്റെ മറിമായങ്ങളിൽക്കളി യാടുന്ന നശ്വരമായ ജാലവിദ്യകളെ നീ മതിമറന്നു കൊട്ടി പ്പുണരാൻ വെമ്പുന്നതെന്തിനു്? അവ ക്ഷണത്തിൽ നിന്നെ വിട്ടുപിരിയും നീ നിത്യഭവനത്തിലേക്കു കണ്ണുകളെ തിരി ക്കുക, നിത്യജീവന്റെ കിരീടത്തിനു വേണ്ടി, കൈനീ ട്ടിക്കൊണ്ടു മുന്നോട്ടുപോകാൻ ആഗ്രഹിച്ചാലും

അപ്പോഴേക്കും പള്ളിയറയിലെ ഘടികാരം പതിനൊന്നു പാടി. രാജ്ഞി എണീറ്റു് അകത്തേയ്ക്കുഴഞ്ഞുള്ളി. അല്പിറാ ണിയുടെ വളർത്തമ്മ—'പണ്ഡിത' ലൂസി' സ്വകൃത്യനിർവഹ ണാനന്തരം രാജ്ഞിയെ സമീപിച്ചുതൊഴുതുനിന്നു. സ്നേഹമ സൃണഹൃദയയായ രാജപത്നി, തന്റെ ആത്മാർത്ഥതോഴിയെ അവലോകന മാത്രയിൽതന്നെ സമീപിച്ചു് ഒരു പൂമ്പൈത ൽ കണക്കു ഗാഢാശ്ലേഷം ചെയ്തു ചുംബിച്ചു. ആ ചുബനം ഹൃദയത്തിൽ തളം കെട്ടിനിന്ന ആത്മീയസ്നേഹനിർഝരിയു ടെ അനർഘളമായ ബഹിർഗമനം, അഥവാ ഓമനമകളെ അ കലക്കണ്ണു തുറപ്പിക്കുന്ന ഗുരുനാഥയോടുള്ള ബഹുമാനത്തിന്റെ സത്യമായ പ്രകടനം— അല്ലെങ്കിൽ രണ്ടു നിർമ്മലഹൃദയങ്ങ ളെ തമ്മിൽ ഐക്യപ്പെടുത്തുന്ന സ്നേഹത്തിന്റെ അലിഞ്ഞു ചേരൽതന്നെയായിരുന്നു. ലൂസി, അകമഴിഞ്ഞു ആ നിസ്വാർത്ഥ സ്നേഹത്തെ കൈവണങ്ങിനിന്നു. ഏതാനും നിമിഷങ്ങളും ആ മധുവുണ്ടു കടന്നുപോയി. ഇരുവരും ആസനസ്ഥരായപ്പോ ൾ രാജ്ഞിചോദിച്ചു ''അല്പിയെഇന്നെന്തെല്ലാം പഠിപ്പിച്ചു?

''ഓമനയ്ക്കു് അറിഞ്ഞേ കഴിയൂ—പൂക്കളിൽ തേൻപാകി യതാരാണു്'' ലൂസി അറിയിച്ചു.

''എല്ലാം നല്ലവണ്ണം മനസ്സിലാക്കിയോ?'' രാജ്ഞി തുടർന്നു.

''പൂക്കളിൽ തേൻവിളമ്പിയ ദൈവത്തേ; കുസുമങ്ങളു ടെ സുഗന്ധവും സജ്ജനങ്ങളുടെ ഗുണങ്ങളും ഉണ്ടെന്നുള്ളകാര്യം''

''കഴിയുന്നടത്തോളം'' ലൂസിപ്രതിവചിച്ചു.

''തോഴീ! അല്പിക്കു നാമിരുവരും അമ്മമാരാണു്'' രാ ജ്ഞിവെളിപ്പെടുത്തി.

''ഞാൻ പെറമ്മ, തോഴിവളർത്തമ്മഎന്നുമാത്രം, കുഞ്ഞു നല്ലവളായിത്തീരാൻ ശ്രമിക്കാം പ്രപഞ്ചവസ്തുക്കളിൽ വ്യാപി ച്ചിരിക്കുന്ന ദൈവൈതന്യത്തേ, ചെറുപ്പത്തിൽ തന്നെ മക ളെ ഗ്രഹിപ്പിച്ചു്, അവിടുത്തേ ദിവ്യസാന്നിദ്ധ്യബോധം അ വളിൽ അങ്കുരിപ്പിക്കണം. ഇന്നു പൂക്കളെ തേടുന്ന കുഞ്ഞുനി നാളെ പുണ്യപുഷ്പങ്ങളം കൊണ്ടു മാല കോർക്കേണം. അ തുപോലെ തന്നെ അവളുടെ തോഴിമാരും.

''അമ്മേ! അവിടുത്തേ ആത്മവിജ്ഞാനം എന്നെ അത്ഭു തപ്പെടുത്തുന്നു.'' ലൂസിതുടർന്നു

''അങ്ങയുടെ അനുദിനനിർദ്ദേശം അനുസരിച്ചു ഞാൻ പ്ര വർത്തിക്കാം അങ്ങനെ പൊന്നുമോളെ പോറ്റുന്നവിഷയത്തിൽ അങ്ങയെ ഞാൻ സഹായിക്കാം''

''സഖീ സോദരിയുടെ വിനയം എന്നെ കൂടുതൽ ആകർഷിക്കുകയാണു്'', റാണിതുടർന്നു. അല്പിമോഹംകൂടി കൂട്ടുകാരോടു് ഇഷ്ടമാണോ?

''ദേവീ'' തോഴി അറിയിച്ചു. ''അവിടത്തെ സ്വഭാവ ഗുണങ്ങളും നമ്മുടെ തങ്കക്കുടത്തിൽ കതിരിട്ടുനില്ക്കുയാണു്. അഥവാ, ആ സമ്പത്സമൂഹം ഓമനപ്പൈതലായി അവതരി ച്ചിരിക്കുകയാണു്.',

''ആത്മസുഹൃത്തേ! തോഴിയുടെയും മറുവളർത്തമ്മമാരു ടെയും മുമ്പിൽ ദുശ്ശീലങ്ങളും വല്ലതും അവൾ പ്രകടമാക്കുന്നു ണ്ടോ? ദേവിചോദിച്ചു.

''പ്രത്യക്ഷേശ്വരി! കുഞ്ഞുമകളുടെ ജീവിതത്തിൽ പൊ ൻകിനാക്കളും മാത്രമേ നടന മഹോത്സവമാടാൻ എത്തുന്നുള്ളൂ'' ലൂസിപ്രസന്ന വദനയായി തുടർന്നു ''നിർമ്മലമായ ഉറവിട ത്തിൽ നിന്നും മലിനജലം പ്രവഹിക്കുകസാധാരണമല്ലല്ലോ''

''തോഴീ! ഇതെന്തു പുകിലത്തിൽ?',

രാജ്ഞിപുഞ്ചിരിയോടുകൂടിപറഞ്ഞു.

''മിടുക്കിതന്നെ;മിടുക്കി''

''പുകിലത്തേണ്ട തിനെപ്പുകിലുകതന്നെചെയ്യും''

തോഴി എടുത്തുപറഞ്ഞു.

''നന്മയിൽ സന്തോഷിക്കാത്തവരുണ്ടോ?''

''ഇന്നത്തെ കഥാവിഷയങ്ങളും എന്തെല്ലാമായിരുന്നു.'' കൗതുകപൂർവ്വം രാജപത്നിചോദിച്ചു.

''പലതുണ്ടായിരുന്നു'' തുടർന്നു ലൂസി അറിയിച്ചു.

''പൂവും പൂമ്പാറ്റകളും, അമ്പിളിയും ആകാശവും, വ സന്തവും കുയിലും, ആകാശത്തിലെ പറവകളും, ബേനി ല യിലെ ഉണ്ണി''

''കൊള്ളാം! ഞാൻ സന്തോഷിക്കുന്നു'' രാജ്ഞിതുടർന്നു.

''സഖീ ഏതാനും ദിവസത്തേക്കുള്ള വിഷയങ്ങളും ഞാ ൻ നിർദ്ദശിക്കാം രക്ഷനാഥന്റെ പിറവിയിൽ മാലാകാമാ ർ നടത്തിയ സംഗീതം, മംഗലാവതാരം, പുൽക്കൂട്ടിലെ ഉ ണ്ണി, ആട്ടിടയന്മാരും ദിവ്യദർശനവും, അസാധാരണനക്ഷ ത്രത്തിന്റെ ഉദയം, കുജരാജാക്കന്മാരും തിരുമുൽക്കാഴ്ചയും''

''ഞാൻ കൃതാർത്ഥയായി അമ്മയുടെ നിർദ്ദേശമാണു് എ നിക്കു തുണ്ടു്'' ലൂസികുപ്പുകൈയോടുകൂടി അറിയിച്ചു.

''സഖീ! പൊന്നും കുടങ്ങളുടെ പാട്ടു കേൾക്കുന്നല്ലോ. വിശ്രമം കഴിഞ്ഞു് അവർ സംഗീതം ആരംഭിച്ചിരികയാ ണു്. നമുക്കു് അങ്ങോട്ടുപോകാം'' എന്നുപറഞ്ഞുകൊണ്ടു് അ മ്മ രാജ്ഞിലൂസിയോടൊന്നിച്ചു, താഴത്തേനിലയിലുള്ള സം ഗീതാലയത്തിലേയ്ക്കു യാത്രയായി.

Phone: 2682

MANUAL D'SOUZA

METAL MERCHANT

KOTTAYAM

For your household utensils in
Copper, Brass, and Stainless Steel

# ആ രണ്ടക്ഷരം

(പി. സി. മാത്യു, പൊൻകുന്നം)

‘‘അമ്മ’’യാരണ്ടക്ഷരം, മാധുര്യംകലർന്നതാ—
ണിമ്മഹാവിശ്വത്തിന്റെ ശാശ്വതമഹാമ്ലുതം!
ഓജസ്സുംചൈതന്യവുംപ്രേമവുംവഷിക്കുന്ന
തേജസ്സാണളവറ, ത്യഗത്തിൻബലിപീഠം!!
നന്മയുംസംതൃപ്തിയും, ശാന്തിയുംമുളയ്ക്കുന്ന—
കല്മഷരഹിതമാംഭാഗ്യത്തിൻവിളനിലം!!!
ശക്തനുമശക്തനുമൊന്നുപോൽതണലേകി
മുക്തിയെക്കൊട്ടുക്കുന്ന പാരിന്റെകല്പദ്രുമം!
കരയുംകരളിന്റെ കണ്ണുനീർതുടയ്ക്കുന്ന
കനിവിൻകമനീയകതിരിന്നറവിടം!
വാശിയുംവൈരാഗ്യവുംതമ്മിൽനിന്നടിക്കുമ്പോഴും
സൗഹൃദംപൊഴിക്കുന്നസ്നേഹത്തിമണിസ്വനം!
ജീവിതമത്സരത്തിൽതാന്തനാംയോദ്ധാവിന്നു
ജീവനും തന്റേടവുംനല്കുന്നസിദ്ധൗഷധം!
വളരാൻകൊതിക്കുന്നവിത്തിനുജീവൻനൽകി
വളവുംവെളിച്ചവും ചൊരിഞ്ഞുകുന്നദയാനിധി!!
ഭാവിയിൽശീലിക്കേണ്ടുംശ്രദ്ധമാംസംസ്കാരത്തിൻ
ബാലപാഠങ്ങൾചൊല്ലിക്കൊട്ടുക്കുംസരസ്വതി!!!
ആരെന്തുപറഞ്ഞാലുംതെറ്റുകൾംക്ഷമിച്ചോറാം
സാന്ത്വനമരുളുന്നസ്നേഹത്തിൻന്യായാസനം!
‘അമ്മ’യാരണ്ടക്ഷരംപ്രാണന്റെയമൃതേന്ദു;
ഇമ്മഹീതലത്തിങ്കൽസ്പഷ്ടിതൻകലാക്ഷേത്രം!!
അന്നുഞാൻകീറത്തുണിത്തുണ്ടിലാമുറിക്കുള്ളിൽ
കുന്നുപോൽകരഞ്ഞെന്റെചേതനതളർന്നപ്പോഴും,
ആരുമേചാരത്തില്ലാതേകനായ്ക്കിടന്നോരെൻ
നാവിറ്റുജലത്തിന്നായ്ദാഹിച്ചുവരണ്ടപ്പോഴും
ആരുടെഹൃദയത്തിൽവേദനനിറഞ്ഞുവോ,
ആരെന്നെയുമ്മുട്ടിത്താലോലിച്ചുറക്കിയോ,
ആദിവ്യചൈതന്യത്തിൻലാളനംലഭിക്കാത്ത
ജീവികംജഗത്തിലേഭാഗ്യദോഷികംകഷ്ടം!
ഭാവുകംതുളുമ്പുന്നഭാവിയെപ്രതീക്ഷിച്ചെൻ
ഭാവനചിറകടിച്ചുയരാൻശ്രമിക്കുമ്പോൾ
സ്നിഗ്ദ്ധകോമളമാമെന്നോമനമലർക്കയ്യാൽ
മുഗ്ദ്ധജീവിതനൗകതുഴയാൻതുടങ്ങവേ
പ്രേമശീതളംനല്പപുഞ്ചിരിയടയ്ക്കേകി—
ത്രുമണിക്കവിളിങ്കൽചുംബിച്ചമഹത്ത്വമേ!!
വാസന്തനിലാവുപോലോടിഞാൻകളിച്ചോരു
വാസര, മാഹ്ലാദത്തിലാരുന്നുകുതാത്ഥയായ്
തോൽവിൻതൻകരിനിഴൽവിരിപ്പിൽപ്പതിക്കാത്ത
ജീവിതമെനിക്കെന്നുംനേരുന്നമനസ്വിനി!!
അന്നുഞാനറിഞ്ഞില്ലെന്നമ്മതൻവചസ്സുകം.
മന്നിലേയിരുൾനീക്കുംപുണ്യത്തിൻപ്രഭാപൂരം!!
ഇന്നെന്നെയാശ്ലേഷിക്കുംസൗഭാഗ്യംവിരിഞ്ഞതും,
ഇന്നുഞാൻസ്വതിക്കുന്നജീവിതംവളർന്നതും
ആദിവ്യസൃക്തത്തിൻറെ്രാരുളുംപ്രകാശവും
ആവഹിച്ചെടുത്തതാണായതിൻഫലംമാത്രം.
‘അമ്മ’യാരണ്ടക്ഷരംമാരിലുമാനന്ദത്തിൽ
നിമ്മലപ്രഭുവുംമംഗളസ്രുപിണി!!
ലോകത്തിൻക്ഷേമത്തിനായ്രാപകൽതപംചെയ്യു
ശോകത്തെയകറ്റുന്നനംബയേ മറക്കാമോ?

# നവോത്ഥാനം.

(കെ. എൽ. ജെ.)

കത്തോലിക്കാസമുദായം പാടെ വിഗണിച്ചിട്ടുള്ളതു സാഹിത്യകലാരംഗമാണെന്നും അതിൻഫലം സമുദായം ഇന്നു അനുഭവിക്കുന്നുവെന്നുമുള്ള ബോധം പരക്കെ പടർന്നിട്ടുണ്ട്. ഈ ബോധോദയത്തിന്റെ ഫലം പത്രം,വാരിക,മാസികകൾമുഖേന ഈയിടെ പ്രത്യക്ഷപ്പെടാനും തുടങ്ങിയിരിക്കുന്നു. ഇന്നു സമുദായത്തിന്റെ ഏതു തുറയിലും ഒരു പുതിയ ഉണർവും ചൈതന്യവും ദൃശ്യമാണ്. സാംസ്കാരികമായി നാം ഉണർന്നിരിക്കുന്നു. ഇതു് ഏറ്റവും പ്രസ്ഫുടമായി കാണപ്പെടുന്നതു സാഹിത്യകലാവേദിയിൽതന്നെ. തങ്ങളുടെ അജ്ഞതമൂലമോ അനാസ്ഥയാലോ അന്തസാരശ്രൂന്യതകൊണ്ടോ മുൻ തലമുറക്കാർ തുള്ളിക്കളഞ്ഞ കലാവേദി കയ്യടക്കുവാൻ, അവിടെയും ആധിപത്യം ഉറപ്പിക്കുവാൻ പുത്തൻതലമുറ തയ്യാറായിക്കഴിഞ്ഞുവെന്നു കാണുമ്പോഴാം ഇതു് ഒരു കത്തോലിക്കാ നവോത്ഥാനത്തിന്റെ നാന്ദിയായിട്ടാണു് എനിക്കു തോന്നുന്നതു്.

അനതിവിദൂരഭാവിയിൽ ഇവിടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ ഒരു വിപ്ലവം നടന്നേക്കുമെന്നു ഞാൻ കരുതുന്നു. അതിനുള്ള സാദ്ധ്യതകളും സംരംഭങ്ങളും കാണാനുണ്ടു്. അതു സമുദായത്തിന്റെ ഉയർച്ചയിലേയ്ക്കും ഉന്നതിയിലേയ്ക്കുമുള്ള ഒരു കുതിപ്പായിരിക്കും. പരിവർത്തനത്തിന്റെ പ്രവാഹത്തിൽ പഴമയുടെ ജീർണ്ണവും വർജ്ജ്യവുമായവയെല്ലാം പതഞ്ഞൊഴുകി പാഴ്ക്കടലിൽ പതിക്കുകയും അതോടെ ശാന്തിയും സമാധാനവും മുറ്റിയ ഒരു പുത്തൻ സമുദായം ഉയിർകൊള്ളുകയും ചെയ്താതിരിക്കുകയില്ല. കത്തോലിക്കരായ അനേകം വേദപരാംഗതരും ദാർശനികരും ശാസ്ത്രപടുക്കളും ചിന്തകന്മാരും കലാകാരന്മാരും സാഹിത്യകാരന്മാരും ഉൾക്കൊള്ളുന്ന ഒരു സമുദായത്തെ നമുക്കു പ്രതീക്ഷിക്കാം. ആ പ്രതീക്ഷ ഒട്ടും അസ്ഥാനത്തല്ലെന്നു ഇന്നെന്റെ സംഭവവികാസങ്ങളം ഉറപ്പുതരുന്നു.

ഇത്തരുണത്തിൽ, ഏതാണ്ടു ഈ കാലഘട്ടത്തിൽതന്നെ യൂറോപ്പിൽനടന്ന കത്തോലിക്കാ നവോത്ഥാനം നമുക്കു മാർഗ്ഗദർശവും പ്രചോദനവുമരുളട്ടെ.

സൂക്ഷ്മമായി സഭാചരിത്രം പഠിക്കുന്നവർക്കു്, പതിനഞ്ചാംനൂറ്റാണ്ടായപ്പോഴേയ്ക്കും യൂറോപ്പിനു് ഒരു നവോത്ഥാനം ആവശ്യമായിരുന്നുവെന്ന ഗ്രഹിക്കാം. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ സംജാതമാകേണ്ടിയിരുന്ന നവോത്ഥാനം ഉണ്ടാവുകതന്നെ ചെയ്തു. അന്നത്തെ യൂറോപ്യൻസമുദായത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പരിവർത്തനം സംഭവിച്ചു. പക്ഷേ, അതു പുരോഗമനമായിരുന്നില്ല, പ്രത്യുത ,സംസ്കാരത്തിന്റെ അധഃപതനമായിരുന്നുവെന്നു് അതിനെതുടർന്നുണ്ടായ സംഭവവികാസങ്ങളം സാക്ഷ്യംനൽകുന്നു. ശാസ്ത്രീയമായി, ഭൗതികമായി മനുഷ്യൻ മാനത്തോളം ഉയർന്നു. പക്ഷേ ആദ്ധ്യാത്മികമായി അധഃപതനത്തിന്റെ അടിത്തട്ടിലേയ്ക്കു അടിഞ്ഞുവീണു. മനുഷ്യത്വം മരവിച്ചു. മൂന്നു നൂറ്റാണ്ടുകൾക്കുള്ളിൽ യൂറോപ്പിലെ മനുഷ്യൻ വികലനും വിചിത്രനുമായി. എന്തുചെയ്യേണ്ടു എന്നറിയാതെ അലറിനടക്കുന്ന ഒരു മൂഗമായി അവൻ പരിണമിച്ചുവെന്നു പറഞ്ഞാൽ അതു് അത്ര അതിശയോക്തിപരമല്ല. കഴിഞ്ഞ ഓരോ നൂറ്റാണ്ടിലും ക്ഷയോന്മുഖമായി ഈ ത്വരിതഗമനത്തിനെതിരായി സഭമുഖേന പ്രതിപ്രവാഹം ഉണ്ടായിട്ടുണ്ടു്. പക്ഷേ, അവയൊന്നും യൂറോപ്പിനെ ആകമാനം ഇളക്കിമറിക്കാൻ പര്യാപ്തമല്ലായിരുന്നു. എല്ലാം മുടിഞ്ഞു യൂറോപ്പു് ഒരു ശ്മശാനഭൂമിയായിത്തീർന്നപ്പോഴാണ പൊതുവെ എല്ലാ നല്ല മനുഷ്യരുടെയും നയനങ്ങൾം തുറക്കപ്പെട്ടതു്.

ലൂഥർ, കാൽവിൻ, വിക്ലിഫ്, റെനാൻ തുടങ്ങിയവരുടെ ദൈവശാസ്ത്രവും, ദെസ്കാർട്, കാൻറ്, ഹെഗൽ, സ്പെൻസർ. പ്രൗഡോൺ എന്നിവരുടെ തത്വചിന്തകളും, വോൾട്ടയർ, റൂസ്സോ, നീഷേ പ്രഭൃതികളുടെ പ്രബന്ധപ്രഘോഷങ്ങളും, കോംട്. ഹോബ്സ് മുതൽപേരുടെ സാമൂഹ്യശാസ്ത്രവും, ടെയിനിന്റെ കലാശാസ്ത്രവും ബാൽസാൽ, ഫ്ളാബർട്ട്, ഗോ

# ഒരു പുതിയ ആരംഭത്തിന് തയാറാകുക.

## (ബില്ലി രാജ്)

മധുരസ്മരണകളുളവാക്കുന്ന അഭിമാനകരമായ ഒരു പാരമ്പര്യം കേരള കത്തോലിക്കാസമുദായത്തിനുണ്ടെന്നുള്ളതിൽ തീർച്ചയായും നമുക്കെല്ലാം സന്തോഷത്തിനവകാശമുണ്ട്. നമ്മുടെ പിതാക്കന്മാർ കഠിനാദ്ധ്വാനത്തിലൂടെ നേടിയ കരുത്തേറിയ ആ പാരമ്പര്യത്തിന്റെ നിലനില്പിലും, കാലാനുസൃതമായ അഭിവൃദ്ധിയിലും ഉണ്ടായിരിക്കേണ്ടതായ ജാഗ്രത എന്തുകൊണ്ടോ നമ്മിൽ ദർശിക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല അപകടകരമായ ഒരു നിരാശാബോധം എങ്ങനെയോ സമുദായത്തിലാകെ—പ്രത്യേകിച്ച് സാധാരണക്കാരുടെയിടയിൽ—ഇന്നു വ്യാപിച്ചിട്ടുണ്ട്. വ്യക്തിയിലും, കുടുംബത്തിലും വിവിധ കാരണങ്ങളാലുണ്ടാകുന്ന സാമ്പത്തികവും സാമൂഹ്യവുമായ വൈഷമ്യങ്ങളുടേയും ജീവിതക്ലേശങ്ങളുടേയും ഉത്തരവാദിത്വം ദൈവത്തിന്റെ തലയിൽ കെട്ടിവച്ചതിനുശേഷം, കരുണാനിധിയായ ദൈവം തന്നോടും തന്നെപ്പോലുള്ളവരോടും ക്രൂരമായി പെരുമാറുന്നതിന്റെ രഹസ്യം കണ്ടുപിടിക്കുവാൻ കഴിയാത്തതിൽ പരിതപിക്കുകയും തങ്ങളുടെമേൽ പതിക്കുന്ന അലംഘനീയങ്ങളായ ക്രൂരവിധികളെയോർത്ത് സ്വയം ശപിക്കുകയും ചെയ്യുകയെന്നുള്ളതൊഴിച്ചാൽ, തന്റേതും സമൂഹത്തിന്റേതുമായ ജീവിതം കെട്ടിപ്പടുക്കുന്നതിൽ മറ്റൊന്നും ചെയ്യുവാനില്ലെന്ന ധാരണയിൽ കഴിഞ്ഞുകൂടുന്നവരും ചുരുക്കമല്ല.

എന്നാൽ അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളും, സമൂഹത്തിലുടനീളം വ്യാപിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയുടെവേണ്ടിയുള്ള ഉൽക്കടമായ ദാഹവും, ചരിത്രപരമായ കാരണങ്ങളാൽ സ്വീകരിക്കേണ്ടതായി വരുന്ന പുതിയ പരിപാടികളും കേരള കത്തോലിക്കാസമുദായത്തെ സംബന്ധിച്ചിടത്തോളം തികച്ചും ബോദ്ധ്യമാകാത്ത കാര്യങ്ങളായി ഇന്നവശേഷിക്കുകയാണ്. തങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വൈഷമ്യങ്ങളെ ഒരുതരം അപകടകരമായ പരാജയബോധത്തോടുകൂടി സമീപിക്കുന്ന ഈ പ്രവണതയിൽനിന്നുള്ള മോചനമാണ് ഇന്നു കത്തോലിക്കാസമുദായത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതു. വൈഷമ്യപൂർണ്ണങ്ങളായ പ്രശ്നങ്ങളുടെ ഉത്തരവാദിത്വമെല്ലാം ദൈവത്തിന്റെ തലയിൽ കെട്ടിവച്ച് നിരാശനിറഞ്ഞ നെടുവീർപ്പുകളോടുകൂടി ജീവിതത്തെ സമീപിക്കുന്ന പരാജയമനസ്ഥിതി ദൂരെക്കളഞ്ഞു്, പുരോഗതിയുടെവേണ്ടിയുള്ള പ്രയാണത്തിൽ അടങ്ങാത്ത ആവേശത്തോടുകൂടി, ത്യാഗനിർഭരമായ ഒരു ഹൃദയത്തോടുകൂടി ഇന്നത്തെക്കാളും നല്ല നാളയെ പടുത്തുയർത്തുമെന്നുള്ള ഒരു വാശിയോടുകൂടിത്തന്നെ നാം പ്രശ്നങ്ങളെ സമീപിക്കുകയും, കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും ഭാവിയിൽ കത്തോലിക്കാസമുദായം കേരളത്തിൽ വിഷാദപൂർണ്ണമായ മുഖങ്ങളെക്കൊണ്ടും, നെടുവീർപ്പുകൾ പുറപ്പെടുന്ന ഹൃദയങ്ങളെക്കൊണ്ടും നിറയുമെന്ന കാര്യത്തിൽ സംശയമില്ല.

അഭിമാനകരങ്ങളായ പഴയ പാരമ്പര്യങ്ങൾ അയവിറക്കുന്നതുകൊണ്ടും, പിതാക്കന്മാരുടെ നേട്ടങ്ങളിൽ ആവേശം കൊള്ളുന്നതുകൊണ്ടും മാത്രം ആധുനിക പ്രശ്നങ്ങൾ പരിഹരിക്കുവാനോ കാലത്തിന്റെ ഗതിക്കനുസൃതമായ പുരോഗതി കരസ്ഥമാക്കുവാനോ കഴിയുകയില്ലെന്ന മാത്രമല്ല, സാമുദായികവാദത്തിലൂടെ കാര്യങ്ങൾ നേടുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്ന മറ്റു സമുദായങ്ങൾക്കൊപ്പമെങ്കിലും എത്തുവാൻ സാധിക്കാതെ കേരളത്തിൽ നാം വളരെ പുറകിൽ നിൽക്കേണ്ടിവരുകയും ചെയ്യും.

അതുകൊണ്ട്, കേരളത്തിലെ കത്തോലിക്കാസമുദായം ഒരു പുതിയ ആരംഭത്തിനു തയാറാകേണ്ടിയിരിക്കുന്നു. സമുദായത്തിന്റെയാകെയുള്ള അഭിവൃദ്ധിക്കു വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ഒരു തീവ്രയത്നത്തിനു് ഇന്നു തയാറാകുകതന്നെ വേണം. അതിനായി ത്യാഗനിർഭരമായ ഒരു ചൈതന്യം നമ്മെ നയിക്കേണ്ടിയിരിക്കുന്നു. സമുദായത്തിലെ ഉയർന്നവരുടേയും, എളിയവരുടേയും കഴിവുകൾക്കനുസൃതമായ സഹകരണം ഇതിനത്യന്താപേക്ഷിതമാണ്. സമുദായത്തെ വേദനിപ്പിക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വികാരനിർഭരമായ ഭാഷയിൽ വിമർശിക്കുന്നവർ നമ്മുടെ സമുദായത്തിൽ വിരളമല്ല. സത്യത്തിന്റെ മാർഗ്ഗം തെളിക്കുന്നതിനുതകുന്ന വിമർശനം ആവശ്യംതന്നെയാണ്. എന്നാൽ വെറും വിമർശനങ്ങൾകൊണ്ടു മാത്രം സമുദായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്നു് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. പരിഹാരം കാണേണ്ട ഒട്ടവളരെ പ്രശ്നങ്ങൾകൊണ്ടു് കേരള കത്തോലിക്കാസമുദായം വീർപ്പുമുട്ടുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥംതന്നെയാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള മാർഗ്ഗങ്ങളെന്താണ്? ഓരോ വ്യക്തിയും ഓരോ കുടുംബവും പ്രശ്നപരിഹാരത്തിനായെന്തുചെയ്യണം? ഇത്തരം ചോദ്യങ്ങൾ സ്വയം ചോദിക്കുമ്പോൾ മറ്റാരുടെയും പ്രേരണകൂടാതെതന്നെ നമുക്കു ബോദ്ധ്യമാകും, സമുദായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാ

---

ഥെ, ഷെല്ലി, ബെർടോൾഡ് മുതലായവരുടെ സാഹിത്യകൃതികളും മനുഷ്യന്റെ മരണത്തിനിടയാക്കിയെങ്കിൽ, അവന്റെ ബലികുടീരത്തിലിരുന്നുപത്തൊമ്പതാംശതാബ്ദത്തിലെ കലാകാരന്മാരും കവികളും അവന്റെ മൃത്യുവിൽ വിലപിച്ചു. ചിലർ അവന്റെ പുനരുത്ഥാനത്തിനായി കാഹളം മുഴക്കി. യൂറോപ്പിന്റെ ശ്മശാനമൂകതയിൽ പ്രത്യാശയുടെയും പ്രത്യാഗമനത്തിന്റെയും പ്രതിധ്വനിയുണ്ടായി. എങ്ങും അലയടികൊണ്ട കോലാഹലം കേൾക്കപ്പെട്ടു. തുടർന്ന് പ്രഗത്ഭരായ ചിന്തകരും പ്രതിഭാശാലികളും ഉയർന്നുവന്നു. നവീനയൂറോപ്പിന്റെ സാംസ്കാരിക നവോത്ഥാനത്തിനു അഹോരാത്രം അദ്ധ്വാനിച്ചവരാണു ഡറോയവ്സ്കി, ലെയോൺ ബ്ലോയി, പ്രൗസ്റ്റ്, ബ്ലാബെയർ, ജോർജ്ജ് ബെർനാനോസ് എന്നീ സാഹിത്യകാരന്മാരും ഹോപ്കിൻസ്, എലിയട് എന്നീ കവികളും, കാർഡിനൽ ന്യുമാൻ കാർഡൈൻ, പോപ്പ് ലെയോ പതിമൂന്നാമൻ എന്നീ മഹാരഥന്മാരും.

അവർ തുടങ്ങിവച്ച യജ്ഞം അവിരാമമായി ഇന്നും തുടർന്നുകൊണ്ടുപോകുന്നവരാണു മാരിറെയിൽ, ഗിൽസൺ, ചെസ്റ്റർട്ടൻ, ഡോസൻ, ഗാർഡീനി, ഗ്രഹാംഗ്രീൻ, ഫ്രാങ്കോയി മൗരീയാൻ പോലും ക്ലോഡൽ എവലിൻവോ മുതലായ കത്തോലിക്കാ ബുദ്ധിജീവികരും. ഇവരെകൂടാതെ അനേകം അകത്തോലിക്കാ—അക്രൈസ്തവ മനീഷിയർ യൂറോപ്പിന്റെ പുനരുത്ഥാനത്തിനുവേണ്ടി പ്രയത്നിച്ചിട്ടുണ്ട്.

സമുദായത്തെ ക്ഷയത്തിലേയ്ക്കു നയിക്കാനും സംസ്കാരത്തെ നശിപ്പിക്കാനും ബുദ്ധിജീവികരംക്കു കഴിഞ്ഞെങ്കിൽ സമുദായത്തെ അഭിവൃദ്ധിയിലേയ്ക്കു ആനയിക്കാനും സംസ്കാരത്തെ കെട്ടിപ്പടുക്കാനും ബുദ്ധിജീവികരംക്കുതന്നെയാണു കഴിയുക. യൂറോപ്പിൽ നടന്നതുപോലെ ഒരു കത്തോലിക്കാനവോത്ഥാനം കേരളത്തിൽ സംജാതമാകണമെങ്കിൽ അനേകം കത്തോലിക്കാ ബുദ്ധിജീവികരം ഇന്നു നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ദാർശനികരായും ശാസ്ത്രപടുക്കളായും വൈദികരായും വൈദ്യന്മാരായും വക്കീലന്മാരായും വാദ്ധ്യാർമാരായും സാഹിത്യകാരന്മാരായും കലാകാരന്മാരായും അനേകം ബുദ്ധിജീവികരം ഇവിടെ ഉയിർകൊള്ളണം. ഇവരെ സൃഷ്ടിക്കുവാനും വളർത്തുവാനും കേരളകത്തോലിക്കാകോൺഗ്രസ്സിനു സാധിക്കും. കേരളത്തിൽ വ്യാപകമായവിധം കത്തോലിക്കാസമുദായത്തിന്റെ നവോത്ഥാനത്തിനു കാഹളം മുഴക്കുവാനും ഇപ്പോഴുള്ളവരെ ഒന്നിപ്പിക്കുവാനും ഒത്തൊരുമിച്ച് അണിനിരത്താനും കോൺഗ്രസ്സ് ബുള്ളറിനു സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കത്തോലിക്കരുടെ നിസ്വാർത്ഥമായ സഹകരണവുംകൂടിയുണ്ടായാൽ ഈ പ്രതീക്ഷകരം വേഗം സഫലമണിയുകതന്നെചെയ്യും.

ചെറുകഥ

# പൊന്നരച്ചു നോക്കണം.

(ജോയി മുട്ടാർ)

ഒരുങ്ങിക്കഴിഞ്ഞു. ഇനി യാത്രചോദിച്ചാൽ മതി. ജോണി ആരെയോപ്രതീക്ഷിച്ചുകൊണ്ടു് വരാന്തയിൽ നില്ക്കുകയാണു്. ഭൂതകാല ചരിത്രത്തിലേക്കു് അവന്റെ ചിന്ത പാഞ്ഞു. ഏഴാമത്തെ വയസ്സിലാണു്, ജോണി ഒരനാഥബാലനായിത്തീർന്നതു്. തെരുവുതെണ്ടികളെപ്പോലെ ജീവിക്കാൻ അവനും നിർബന്ധിതനായി തീർന്നു. കീറിയ വസ്ത്രവും ധരിച്ചു്, കഴിഞ്ഞ കണ്ണുകളോടുകൂടി അവൻ അലഞ്ഞുതിരിയുകയാണു്.

ജോണിയെ സംബന്ധിച്ചിടത്തോളം ഒരു സുദിനമായിരുന്നു അന്നു്. നാട്ടിൻപുറത്തുള്ള ആരോ ഒരാൾ ജോണിയെ

---

യി ഓരോ വ്യക്തിയും സ്വയം തയാറാകണമെന്നു്. ഒരുവന്റെ കഴിവെത്തുമായിക്കൊള്ളട്ടെ, തീവ്രമായ ഒരു ത്യാഗബുദ്ധി സമുദായത്തിന്റെ കാര്യങ്ങളിൽ നമ്മളം പ്രകടിപ്പിക്കുന്നവെങ്കിൽ പ്രയോജനപ്രദങ്ങളായ അനുഭവങ്ങളം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ജീവിതത്തിന്റെ നാൽക്കവലയിൽ വഴിയറിയാതെ സ്തംഭിച്ചുനിൽക്കുന്ന സമുദായാംഗങ്ങൾക്കെല്ലാം അതു പ്രയോജനകരമായിത്തീരുകയും ചെയ്യും.

ഈ പുതിയ ആരംഭത്തിന്റെ പ്രഥമപടിയായി നാം ആദ്യം ചെയ്യേണ്ടതു് കത്തോലിക്കർ കേരളത്തിൽ ഒരു സംഘടിതശക്തിയായിത്തീരുകയെന്നുള്ളതാണു്. മതപരമായ രംഗത്തു് നാം ഒരു സംഘടിതശക്തിതന്നെ. എന്നാൽ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ അത്തരമൊരു മനോഭാവം വളർത്തുവാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു ദുഃഖസത്യമാണു്. സംഘടിതശക്തിയിലൂടെയല്ലാതെ ആധുനിക ലോകത്തിൽ യാതൊരു പ്രശ്നവും പരിഹരിയ്ക്കുവാൻ പോകുന്നില്ലെന്നു് നാം മനസ്സിലാക്കണം. മറ്റു സമുദായങ്ങളം സാമുദായികാടിസ്ഥാനത്തിൽത്തന്നെ സംഘടിക്കുകയും ശക്തിപ്രാപിക്കുകയും ചെയ്യുന്ന ഈ നാട്ടിൽ കത്തോലിക്കർ മാത്രം വെറുതെ നോക്കിനിന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. മാത്രമല്ല, ആ മനോഭാവം നിമിത്തം സ്വയം ഒരു പുറന്തള്ളപ്പെടലിനു കത്തോലിക്കർ വിധേയരാകുകയായിരിക്കും ചെയ്യുന്നതു";

അഭിവൃദ്ധിയുണ്ടാവേണ്ടി ആശിയ്ക്കുന്നവെങ്കിൽ, പ്രശ്നങ്ങളം പരിഹരിയ്ക്കുവാൻ നാം ആഗ്രഹിയ്ക്കുന്നവെങ്കിൽ, സമുദായത്തിനു് കാലത്തിനനുസരിച്ച ഒരു പ്രത്യുത്ഥാനമുണ്ടാകണമെങ്കിൽ സമുദായത്തിലെ സാധാരണക്കാരുടെ ജീവിതത്തിൽ ഒരു നവീനപ്രത്യാശ സംജാതമാകണമെങ്കിൽ, അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ജീവിതം പ്രയോജനപ്രദമായിത്തീരണമെങ്കിൽ, കാലത്തിന്റെ വെല്ലുവിളികളെ തരണം ചെയ്യണമെങ്കിൽ അവകാശങ്ങളം നഷ്ടപ്പെടാതിരിയ്ക്കണമെങ്കിൽ, അവഗണനകളം അപ്രത്യക്ഷമാകണമെങ്കിൽ, സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ നീതിപൂർവ്വകമായ ഒരു പദവി നിലനിർത്തണമെങ്കിൽ, സർവ്വോപരി നമ്മുടെ പിതാക്കന്മാർ കഠിനാദ്ധ്വാനത്തിലൂടെ കെട്ടിപ്പൊക്കിയ അഭിമാനകരങ്ങളായ നേട്ടങ്ങളം നിലനിൽക്കുകയും കൂടുതൽ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യണമെങ്കിൽ ഓരേയൊരുമാർഗ്ഗം മാത്രമേയുള്ളു; സംഘടിക്കുക. സംഘടിയ്ക്കേണ്ടതും സംഘടനയിലൂടെ ശക്തി പ്രാപിയ്ക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ഒരാവശ്യമാണു്. നമ്മുടെയും നമ്മുടെ പിന്നാലെ വരുന്നതലമുറകളുടെയും അഭിമാനകരമായജീവിതത്തിനുവേണ്ടി നാംസംഘടിതരായിത്തീരുകതന്നെ വേണം. അതുകൊണ്ടു് കേരളത്തിലെ ഒരോ കത്തോലിയ്ക്കനും, എല്ലാവിധ അഭിപ്രായവിത്യാസങ്ങളും മറന്നു്, അഖിലകേരളകത്തോലിക്കാകോഗ്രസ്സിനെ ശക്തിപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. ആദ്യമായി നമ്മുടെ ഈ കടമനിറവേറ്റുക. തീർച്ചയായും ഒരു പ്രത്യാശയ്ക്കു് അതു വക നൽകും.

ആ വൈദികനെ പരിചയപ്പെടുത്തിക്കൊടുത്തു. അവനെ സംബന്ധിച്ച വിവരങ്ങളം അദ്ദേഹം പഠിച്ചു. ജോണിയുടെ രക്ഷാകർത്തൃസ്ഥാനം ഏതാനും വർഷത്തേക്കു് ആ വൈദികൻ ഏറ്റെടുത്തു.

ഒരനാഥശാലയുടെ പരമാധികാരിയാണു് ഫാദർ. ജേക്കബ്. അനാഥരായ കുട്ടികളെ തേടിപ്പിടിച്ചു തീറ്റിപ്പോറ്റിവരുന്ന ആ വൈദികന്റെ മഹത്സേവനം എത്രയോ ആദരണീയമാണു്. സാമ്പത്തികസൗകര്യമുള്ള നിരവധി ആളുകളുടെ സഹായസഹകരണങ്ങളം കൊണ്ടാണു് ആ സ്ഥാപനം വളർന്നുകൊണ്ടിരിക്കുന്നതു്. അഗതികളെ സംരക്ഷിക്കുന്നതിനു വേണ്ടി നൽകപ്പെടുന്ന ഓരോ ചില്ലിക്കാശും ദൈവസന്നിധിയിൽ വിലപ്പിടിപ്പുള്ള സുന്ദരസുമനങ്ങളാണു്.

പുതിയ വസതി ജോണിക്കു നന്നേ ഇഷ്ടപ്പെട്ടു. സമപ്രായക്കാരായ അനേകം കൂട്ടുകാർ. കളിക്കുവാനും, കളിക്കുവാനുമുള്ള സൗകര്യങ്ങളം, ആടാനും പാടാനും അനേകരുണ്ടു്. ചിലർ പഠിക്കുന്നു; ചിലരെ പഠിപ്പിക്കുന്നു. പൂന്തോട്ടത്തിൽ പറന്നടക്കുന്ന ചിത്രശലഭങ്ങളെപ്പോലെ, ഓടിച്ചാടിനടന്നുകളിക്കുന്ന ആത്മാർത്ഥതയുള്ള കൂട്ടുകാർ;

ഫാദർ. ജേക്കബ് ജോണിയെ മുറിയിലേക്കുവിളിച്ചു. അവനു തേയ്ക്കുവാൻ എണ്ണയും സോപ്പും നൽകി. കച്ചത്തോർത്തുമുണ്ടുകൊണ്ടു് അവൻ കിണറ്റുകരയിലേക്കു നടന്നു. ജോണിക്കു സമ്മാനിക്കാനുള്ള പുതിയ വസ്ത്രവുമായി ഫാദർ ജേക്കബ് കാത്തുനില്ക്കുകയാണു് കുളികഴിഞ്ഞുവന്ന ജോണിയ്ക്കു കൂട്ടുകാർ കണ്ണാടിയും ചീപ്പും കൊടുത്തു. സ്പ്രിങ്ങുമാതിരി ചുരുണ്ട മുടി ചീകി ഭംഗിയാക്കി. അവൻ ആ വൈദികനെ വീണ്ടും സമീപിച്ചു. വെളുത്ത നിക്കറും ഷർട്ടും അദ്ദേഹം അവനു സമ്മാനിച്ചു. ജോണി നിറഞ്ഞ നന്ദിയോടെ അതു സ്വീകരിച്ചു. അവനു് എന്തെന്നില്ലാത്ത സന്തോഷമായി.

"പോയി ക്ഷീണംകഴിച്ചിട്ടു വാ—"

മറ്റൊരാളെ കൂട്ടിക്കൊണ്ടു് ജോണി ഊട്ടുശാലയിലേക്കുനടന്നു.

വളരെക്കാലം കൂടിയിരുന്നാണു് അവൻ മൃഷ്ടാന്നഭോജനം കഴിച്ചതു്. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അവൻ ഫാദർ ജേക്കബിനെ സമീപിച്ചു. ആ അനാഥശാലയിലും പരിസരങ്ങളിലും അന്വേഷിക്കേണ്ട ചില നിയമങ്ങളം അദ്ദേഹം ആ ബാലനെ പഠിപ്പിച്ചു. അഞ്ചുമണിക്കു് ഉണരണം. പ്രാതകൃത്യങ്ങൾക്കുശേഷം ദിവ്യബലിയിൽ സംബന്ധിക്കണം. ——ഓരോന്നിനും പ്രത്യേകസമയം. ജോണിക്കു് ഒന്നുകൂടി സന്തോഷമായി. അത്തലില്ലാത്ത ജീവിതം. അവനു സ്നേഹിക്കുവാനും, അവനെ സ്നേഹിക്കുവാനുംഅനേകം സുഹൃത്തുക്കളം.

കലാപരമായ കഴിവുള്ളവരെ പരിപോഷിപ്പിക്കാൻ ആ ഗ്രഹിക്കുന്ന ആ സ്ഥാപനത്തിൽനിന്നു് മനോജ്ഞമായ ഗാനങ്ങളം മിക്കപ്പോഴും മുഴങ്ങുന്നതു കേൾക്കാം. ഹർമ്മോണിയത്തിന്റെ ഇമ്പമുള്ള നാദം മൃദംഗത്തിന്റെ മുഴക്കം, ഫിഡിലിന്റെ മൂളൽ . . . ചിലപ്പോഴും ഒരു പാട്ടുകച്ചേരിയുടെ പ്രതീതി ജനിപ്പിക്കും. ഭൂമിയിലെ സ്വർഗ്ഗമാണു് ആ അനാഥശാലയെന്നു ജോണിക്കു തോന്നിപ്പോയി.

ആ കുടുംബത്തിൽപ്പെട്ട അംഗങ്ങളെ സിക്സ്ത്തുവരെ പഠിപ്പിക്കുന്നതിനു് ജാഗ്രതയുള്ളവനാണു് ഫാദർ ജേക്കബ്. ത്യാഗമൂർത്തിയായ ആ വൈദികനെ പലരും സ്തുതിക്കാറുണ്ടു്. അതിൽ അദ്ദേഹം അഭിമാനം കൊള്ളാറില്ല. ഓരോരുത്തരുടെ ഹൃദയംഗമായ സഹായസഹകരണങ്ങളാണു് വൈദികൻ അഭ്യർത്ഥിക്കാറുള്ളതു്.

അദ്ദേഹത്തിന്റെ മാനേജ്മെൻറിൽ ഒരു ഹൈസ്കൂളം, അതിനോടനുബന്ധിച്ചു് ഒരു പ്രൈമറി സ്കൂളമുണ്ടു്. ജോണിയെ മൂന്നാം സ്റ്റാൻഡാർഡിൽ ചേർത്തു.

ഫീസ് കൊടുക്കേണ്ട വിദ്യാർത്ഥികൾക്ക തീയതിതെറ്റാതെ പണം കൊടുക്കും. പണത്തിനു കഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ ഫാദർ ജേക്കബ് ഹൃദയമുള്ളവരുടെ മുന്നിൽ കൈനീട്ടും.

''നിങ്ങൾക്ക് ആരോ ഏഴോ മക്കളുണ്ടായിരിക്കും. എനിക്ക് ഇരുനൂറിനടുത്തുണ്ട്. ഞാൻ അവരെ ഏതുതരത്തിൽ തീറ്റിപ്പോറ്റും''

അദ്ദേഹം തമാശ പറയാറുണ്ടായിരുന്നു.

ഓരോ വർഷവും യാത്രയയപ്പുസമ്മേളനങ്ങൾ കൂടാറുണ്ട്; സിക്സ്ത്ത് പാസായി ഉദ്യോഗത്തിനുപോകുന്ന ആ കുടുംബത്തിലെ അംഗങ്ങൾക്കുവേണ്ടി അവർക്കുകൊടുക്കുന്ന വിലയേറിയ ഉപദേശങ്ങൾക്കിടയിൽ അദ്ദേഹം പറയാറുണ്ട്.

''നിങ്ങൾ എന്നെ അനുസ്മരിക്കണമെന്നില്ല. ഈ സ്ഥാപനത്തെ വിസ്മരിക്കരുത്. കഴിവുപോലെ സഹായിച്ചുകൊണ്ടിരിക്കണം.''

ജോണി പലരുടെയും കണ്ണിലുണ്ണിയായി വളർന്നുവരികയാണ്, അവന് അഴകും ആരോഗ്യവുമുണ്ടായി. ചില നേതൃസ്ഥാനങ്ങൾ ജോണിക്കു ലഭിച്ചുകൊണ്ടിരുന്നു,

വർഷങ്ങൾ കടന്നുപോയി. ജോണി സിക്സ്ത്ത് പാസായി. ഫാദർ ജേക്കബ് അവനുവേണ്ടി ഉദ്യോഗത്തിനു ശ്രമിച്ചു. മദ്രാസിലുള്ള ഒരു റബ്ബർ കമ്പനിയിൽ അവനു ഉദ്യോഗം കിട്ടി. ജോണി ഒരുങ്ങിക്കഴിഞ്ഞു, ഇനി യാത്ര ചോദിച്ചാൽ മതി.

മനുഷ്യസ്നേഹിയായ ആ വൈദികൻ ജോണിയെ അനുഗ്രഹിച്ചു.

''ദൈവം നിന്നെ രക്ഷിക്കും''

ജോണിയുടെ കണ്ണുകൾ നിറഞ്ഞു.

ആദ്യമായി ശമ്പളം കിട്ടിയപ്പോൾ പതിനഞ്ചുരൂപാ അവൻ ഫാദർ ജേക്കബിന്റെ പേരിൽ അയച്ചുകൊടുത്തു; അനാഥശാലയ്ക്കുവേണ്ടി മേലിലും, സാമ്പത്തികസഹായം ലഭിക്കുന്നതാണെന്നുകാണിച്ച് ഒരു കത്തും.

ജോണിക്ക് ക്രിസ്മസ്സിനു അവധി കിട്ടി. അവൻ നാട്ടിലെത്തി അവനെ സ്വീകരിക്കാൻ പലരും കൊതിച്ചു.

ആലീസിന്റെ പിതാവാഗ്രഹിച്ചു; തന്റെ മകളെ ജോണിയെക്കൊണ്ട് വിവാഹം കഴിപ്പിക്കണമെന്ന്. ആലീസ് ഒരു മാതൃകായുവതിയാണ്. പുരോഗമനത്തിന്റെ പുറംപൂച്ചകം അവളെ തീണ്ടിയിട്ടില്ല. തേഡ്ഫാറംവരെയെ പഠിച്ചിട്ടുള്ളു. സിക്സ്ത്ത് പാസായ ഒരു സുന്ദരിയെയാണ ജോണി ആഗ്രഹിക്കുന്നതു്. അതു തെറ്റായ ഒരാഗ്രഹമല്ല. ഭാവിയിൽ അവർക്കും മദ്രാസിൽ ഉദ്യോഗം കിട്ടും. രണ്ടുപേർക്കും സുഖമായി ജീവിക്കാം.

മേഴ്സി സിക്സ്ത്ത് പാസായി നിൽക്കുകയാണ്. ടൈപ്പ്റൈറ്റിംഗും വശമുണ്ട്. അവളെ വിവാഹം കഴിച്ചാൽ അവർക്കും ഫാക്ടറിയിൽ ഉദ്യോഗം കിട്ടും. ഒരു ടൈപ്പിസ്റ്റിനെ ആവശ്യമുണ്ടെന്നു മാനേജർ പറയുകയുണ്ടായി.

ജോണിയും മേഴ്സിയും തമ്മിലുള്ള വിവാഹം ഫാദർ ജേക്കബിന്റെ പ്രധാന കാമ്മിക്തത്തിൽ നടന്നു. ജനുവരി ആദ്യവാരത്തിൽ ജോണിക്കു മദ്രാസിനു പോകേണ്ടിയിരിക്കുന്നു. അടുത്തപ്രാവശ്യം വരുമ്പോൾ ഭാര്യയെക്കൂടി കൊണ്ടുപോകണമെന്നു രൂപാൻ.

''മേഴ്സി! ഫാദർ ജേക്കബിനെയും അദ്ദേഹത്തിന്റെ അനാഥശാലയെയും നീ ഒരുകാലത്തും വിസ്മരിക്കരുത്. ഓരോ മാസവും ഞാൻ അയച്ചുതരുന്ന തുകയിൽ പത്തുരൂപാവീതം അനാഥശാലയ്ക്കു സംഭാവന ചെയ്തുകൊണ്ടിരിക്കണം.''

മേഴ്സി അതംഗീകരിച്ചു. ജോണി യാത്ര ചോദിച്ചു. പ്രിയപ്പെട്ട മേഴ്സി അവനെ യാത്രയാക്കി.

ഒരുമാസം കഴിഞ്ഞു. ജോണിയുടെ മണിയോർഡർ വന്നു, മേഴ്സി തുക കൈപ്പറ്റി. അവൾ കത്തു വായിച്ചു. പത്തുരൂപാ കഴിവതുംവേഗം അനാഥശാലയിൽ ഏൽപ്പിക്കണം. ആരുമില്ലാത്ത കുട്ടികളെ സഹായിക്കുന്നതു് വലിയൊരു മനോഹരപ്രവൃത്തിയാണ്.

ഫാദർ ജേക്കബിനെ സാമ്പത്തിക പരാധീനത വീർപ്പുമുട്ടിക്കുകയാണ്. ക്ലേശത്തിന്റെ മുൾപടർപ്പിലൂടെ നടന്നാലും ആ സ്ഥാപനത്തെ പരിരക്ഷിക്കുന്നതിനു് ഉഴിഞ്ഞുവെച്ചിരിക്കുകയാണ് തന്റെ ജീവിതം.

ഫാക്ടറിമാനേജർ ജോണിയെ വിളിച്ചുപറഞ്ഞു. അവന്റെ ഭാര്യയെ ടൈപ്പിസ്റ്റായി നിയമിക്കാനുള്ള സൗകര്യമുണ്ടെന്ന്. ജോണി അവധിയെടുത്തു നാട്ടിലെത്തി. മദ്രാസിലെ ജീവിതസുഖം അനുഭവിക്കാൻ മേഴ്സിയുടെ ഹൃദയം വെമ്പൽകൊണ്ടു.

മേഴ്സിയെയും കൂട്ടിക്കൊണ്ട്, ഫാദർ ജേക്കബിനെ സമീപിച്ചു യാത്ര ചോദിക്കാൻ ഒരുങ്ങി. മേഴ്സി ഓരോ താളങ്ങൾപറഞ്ഞു പിന്മാറി. മനുഷ്യത്വത്തിന്റെ മഹനീയത തുളുമ്പുന്ന ആ വൈദികനെ കാണുന്നതു് അവർക്കു വെറുപ്പാണുപോലും! ആ അരിപ്രാവുകളുടെ കൂട്ടിലേക്കുചെല്ലാൻ അവർക്കു ഇഷ്ടമില്ലുപോലും!!

ഫാദർ ജേക്കബ് സന്ദർഭികമായി ജോണിയുടെ വീട്ടിലെത്തി. അവന്റെ സ്നേഹമുള്ള ഹൃദയംപോലെ ആ കൈകളും ബഹുമാനത്തിന്റെ പ്രകടനങ്ങൾ കാണിച്ചു. അദ്ദേഹത്തെ സ്വീകരിച്ചിരുത്തി.

''അച്ചാ: ഞങ്ങളിന്നങ്ങോട്ടു വരാനിരിക്കുകയായിരുന്നു''

''മേഴ്സി എവിടെ?''

''മേഴ്സി! എടീ...അച്ചൻ

''എന്നു പോകണം''

''നാളെ രാവിലെ,മേഴ്സിക്കും ചെറിയൊരു ജോലിക്കു സൗകര്യമുണ്ട്.''

''കൊള്ളാം. ദൈവം അനുഗ്രഹിക്കട്ടെ''

ചെറിയ കാര്യങ്ങളിൽ വിശ്വസ്തനാണെന്നു ബോദ്ധ്യപ്പെട്ടാൽ വലിയ കാര്യങ്ങളും നിന്നിൽ നിക്ഷിപ്തമാകും. എവിടെയായിരുന്നാലും മനുഷ്യത്വമായി പെരുമാറണം, അധികാരിയെ തിരസ്കരിക്കരുതു്''

ആ ഉപദേശം ജോണിക്കു വളരെ പ്രയോജനപ്പെട്ടു.

''കഴിവുണ്ടെങ്കിൽ ഓരോ മാസവും പത്തുരൂപാ വീതം അയച്ചുതരണം.''

''മുടങ്ങാതെ തരുന്നുണ്ടല്ലോ!''

''ഒരുമാസം കിട്ടിയിട്ടുണ്ട്. പിന്നീടൊന്നുംകിട്ടിയിട്ടില്ല,

''മേഴ്സി...മേഴ്സി...''

ജോണിയുടെ മുഖം ചുവന്ന കണ്ണുകൾ ജ്വലിച്ചു.

അവൾ ഇറങ്ങിച്ചെന്നു,

''എടീ അഗതിമന്ദിരത്തിനു രൂപാ കൊടുക്കാറില്ലേ''

അവളുടെ മുഖം പച്ചക്കുമ്പാളമാതിരി വിളറി.

''എന്തെടീ പറ — --- — ''

''തെകഞ്ഞിട്ടു വേണ്ടേ?''

അധികപ്രസംഗി നിന്നെഞാൻ—

''ജോണീ എന്തിനാ പിണങ്ങുന്നതു്. വീട്ടുകാര്യങ്ങൾ പലതല്ലേ—''

''ആ സ്ഥാപനത്തോടു എനിക്കുള്ള കടമയെപ്പറ്റി ഞാൻ പറഞ്ഞുകൊടുത്തിട്ടുണ്ട്..,''

''കഴിഞ്ഞതു പോകട്ടെ. മേലിൽ സൗകര്യംപോലെ ചെയ്യുക. നിങ്ങളുതമ്മിൽ സ്നേഹമായി ജീവിക്കുന്നതുകാണാനാണ ഞാൻ ആഗ്രഹിക്കുന്നതു്. ഇരിക്കാൻ സമയമില്ല ഞാൻ പോകുന്നു. പിരിവിനിറങ്ങിയതാണ് അദ്ദേഹം. അനുഗ്രഹത്തിന്റെ പൂമഴ വർഷിച്ചുകൊണ്ട് ഇറങ്ങി.

മേഴ്സി! നീയെന്നെ വഞ്ചിച്ചു.

അതു മൂപ്പിക്കയൊന്നുംവേണ്ടാ. ഞാൻ തെണ്ടിനടന്നു ജീവിച്ചിട്ടില്ല.

''നീ എന്തുപറഞ്ഞെടീ—''

''എനിക്ക് അനാഥമന്ദിരത്തിൽ ആരുമില്ലെന്ന്.''?

ജോണി നിശ്ശബ്ദത അവലംബിച്ചു. ഒരു സ്ത്രീയ്ക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ പലതാണ്. ജോണി രണ്ടുകാര്യത്തെപ്പറ്റിയേ അന്വേഷിച്ചുള്ളു, സൗന്ദര്യവും വിദ്യാഭ്യാസവും കൂടും ബാന്ധരീക്ഷത്തിൽ സമാധാനത്തിന്റെയും സംതൃപ്തിയുടെയും വിജയപതാക പാറിപ്പറപ്പിക്കാൻ കഴിവുള്ള സ്വഭാവത്തെപ്പറ്റി ജോണി അന്വേഷിച്ചില്ല.

# ക്രിസ്തുവിലൂടെ സമാധാനം.

## (സിപ്രിയാനോസ് പരീക്ഷണാർത്ഥി)

ആധുനിക യുഗത്തിൽ മതബോധത്തേയും ദൈവശാസ്ത്ര പഠനത്തേയും കുറിച്ച് വളരെയധികം ഉറക്കെ ചിന്തിയ്ക്കുവാൻ നാം നിർബന്ധിതരാണ്. എത്രയോ നൂറാണ്ടുകളായി ഭദ്രമായി നാം കാത്തു സൂക്ഷിച്ചുപോന്ന പലതും ഇന്ന് നിരന്തരമായ സമ്മർദ്ദങ്ങൾക്ക് വിധേയമായിക്കൊണ്ടിരിയ്ക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. മഹത്തായ നമ്മുടെ പാരമ്പര്യങ്ങളും പലതും നിറം മങ്ങിയ ചില പതിവുചട്ടങ്ങുകളുടെ അവസ്ഥയിലേയ്ക്കു മാറുകയാണോ എന്നു സംശയിയ്ക്കുണം. ശാസ്ത്രവും യുക്തിവാദവും വളർന്നു പടരുകയാണെന്നും, അതിന്റെ മുമ്പിൽ മറ്റുപലതും അസ്തപ്രഭമായി കഴിഞ്ഞുവെന്നുമുള്ള പ്രചരണം ഇടമുറിയാതെ നടക്കുന്നകാലമാണിത്. ലോകത്തെ വളരെയേറെ വഴിപിഴപ്പിയ്ക്കുവാൻ ഈ പ്രചരണത്തിന്റെ സൂത്രധാരകന്മാർക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തലമുറതലമുറയായി കത്തോലിയ്ക്കാസഭ പുലർത്തിപ്പോരുന്ന അച്ചടക്കത്തേയും ആത്മവിശ്വാസത്തേയും സാരമായി സ്പർശിയ്ക്കുവാൻ അവയ്ക്കു കഴിഞ്ഞിട്ടുണ്ടോ എന്നതിനെ നാം ഭയപ്പെടണം. ചുറ്റുപാടുകളെ സസൂക്ഷ്മം ശ്രദ്ധിയ്ക്കുവാൻ ഇതു നമ്മേ വേണ്ടുവോളം പ്രേരിപ്പിയ്ക്കുന്നുണ്ട്.

വ്യക്തിയേയും സമൂഹത്തേയും വലയീകരിച്ചുനില്ക്കുന്ന പ്രശ്നങ്ങൾ അനുദിനം വളർന്നു പെരുകുകയും ജീവിതത്തിന്റെ മേലുള്ള സമ്മർദ്ദങ്ങൾ അസഹനീയമായിത്തീരുകയും ചെയ്യുന്ന ഒരു ദശാസന്ധിയാണിത്. ജനസംഖ്യ അപ്രതിഹതമായി ക്കൊണ്ടിരിയ്ക്കുകയും, അതിനനുപാതീകമായി ജീവിതത്തെ ക്രമീകരിയ്ക്കുവാനാകാതെ ആധുനികലോകം നിസഹായമായി നോക്കിനില്ക്കുകയും ചെയ്യുന്ന കാഴ്ച നാം നല്ലതുപോലെ കാണുന്നുണ്ട്. മത്സരങ്ങൾ മൂർച്ഛിയ്ക്കുകയും, യാതൊരു തത്വദീക്ഷിയുമില്ലാതെ അതിന്റെ പേരിൽ മനുഷ്യർ വട്ടവും നീളവും പായുകയും ചെയ്യുന്നു. ദൈവത്തിന്റെ മക്കളാണ മനുഷ്യരെന്നും, അവയ്ക്കിടയിൽ ഏറാക്കുറച്ചിലിനു കാര്യമില്ലെന്നുമുള്ള നീതിശാസ്ത്രം ഇവിടെ നിശബ്ദമായിപ്പോകുന്നു! മർദ്ദനവും ചൂഷണവും ചക്രായുധമാക്കി ഒരു കൂട്ടർ ഇരമ്പിപ്പായുമ്പോഴും, മറ്റൊരു വിഭാഗം അശാസ്ത്രീയമായ ഒരു ശസ്ത്രക്രിയയുടെ പ്രത്യയശാസ്ത്രവുമായി ബഹളം കൂട്ടുന്നു. അസ്വസ്ഥതയുടെയും അസംതൃപ്തിയുടെയും വലയത്തിനുള്ളിൽ ഇന്ന് മനുഷ്യരാശിയാകെ വിങ്ങിപ്പൊട്ടിനില്ക്കുന്നു. ന്യായപ്രമാണങ്ങളേക്കുറിച്ചു ചിന്തിയ്ക്കുവാൻ മനുഷ്യനിവിടെ സമയമില്ല, വേദനയുടേയും യാതനയുടേയും മദ്ധ്യത്തിലേയ്ക്ക് ബലിഷ്ഠഗജങ്ങളേപ്പോലെ മനുഷ്യരെവലിച്ചെറിഞ്ഞ ദൈവം എത്ര ക്രൂരഹൃദയനാണ് എന്ന ചിന്താഗതി പലരേയും ഇന്നു ഗ്രസിച്ചുകഴിഞ്ഞിരിയ്ക്കുന്നു. സ്പോടകാത്മകമായ ഒരന്തരീക്ഷമാണ് നാം എവിടെയും കാണുന്നതു. 'ദൈവമേ എല്ലാംനിന്നേപ്രതീ' എന്നി ദീർഘനിശ്വാസംചെയ്യുന്നവർ, നിരാശയുടെയും നിരാശ്രയബോധത്തിന്റേയും സിംബലുകൾമാത്രമാണെന്ന് കണക്കാക്കപ്പെടുന്നു! 'എവിടെസമാധാനം' എന്നചോദ്യവുമായി ആധുനികലോകം ഇന്നു പരക്കം പായുകയാണ്. ഈ പരക്കംപാച്ചിലിനിടയിൽ തത്വശാസ്ത്രങ്ങൾ പലതും തകർന്തരിപ്പണമായിപ്പോകുന്നു. മനുഷ്യാവകാശങ്ങൾ പലതും ചവിട്ടിമെതിയ്ക്കപ്പെടുന്നു. പ്രത്യാശയേക്കുറിച്ചുള്ള ഭാവനകൾ ഉരുകിവീഴുന്നു. മതത്തേയും ദൈവത്തേയും ആത്മാവിനേയും സ്വർഗ്ഗത്തേയും കുറിച്ചുള്ള തെളിഞ്ഞ ചിന്തകൾ എട്ടത്തെറിയപ്പെടുന്നു. ശാസ്ത്രത്തിന്റേയും യുക്തിയുടേയും വെളിച്ചത്തിന്റെ പേരിലുള്ള ഭ്രാന്തമായ സുഖസമാധാന തൃഷ്ണകൊണ്ട് പ്രക്ഷുബ്ധതയിൽ മൂടിയ ആധുനികയുഗത്തിൽ കത്തോലിക്കാസഭയ്ക്ക് ചെയ്യാൻ കഴിയുന്നതെന്തായിരിക്കുമെന്നതിനെ സംബന്ധിച്ചാണ് ഇന്നു ചിന്തിയ്ക്കേണ്ടതു.

സാന്മാർഗ്ഗികനിയമങ്ങൾ ഇന്നു കാറ്റിൽ പറക്കുകയാണ് സദാചാരബോധത്തിൽ നിന്നും ധാർമ്മികചിന്തയിൽ നിന്നും മനുഷ്യൻ ഇന്നു മനഃപൂർവ്വം വഴുതിമാറുകയാണ്. മതം ഒരു ചൂഷണശാസ്ത്രമായി അവൻ ചിത്രീകരിയ്ക്കുവാൻ തുടങ്ങിയിരിയ്ക്കുന്നു. ദൈവത്തെ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു സമാധാനത്തെ കണ്ടെത്തുവാൻ അവൻ തലപുകഞ്ഞാലോചിയ്ക്കുന്നു. പക്ഷെ എവിടെയാണീ സമാധാനം? ഏതാണങ്ങോട്ടുള്ള മാർഗ്ഗം? ഇന്നു ഉത്തരം കാണേണ്ടപ്രശ്നമിതാണ്.

പെരുകിവരുന്ന ജിജ്ഞാസകൾ കൊണ്ട് മനുഷ്യനിന്നു ശ്വാസം മുട്ടുന്നു. ആരംഭത്തേയും അവസാനത്തേയും കുറിച്ചുള്ള അന്വേഷണങ്ങൾക്കു വിശദീകരണം ലഭിക്കാതെ ഒടുങ്ങാത്ത സംശയങ്ങളുമായി അവൻ അലഞ്ഞുതിരിയുന്നു. ജീവിതത്തിന്റെ അർത്ഥത്തേയും ആവശ്യത്തേയും സംബന്ധിച്ചുള്ള ക്ലിഷ്ടമായ ഒരു നൂതന നിർവചനത്തിനുവേണ്ടി അവനിന്നും നിരന്തരമായ ഗവേഷണം നടത്തുന്നു. അടുത്തനിമിഷത്തിൽ എന്താണു സംഭവിയ്ക്കുവാൻ പോകുന്നതെന്നു് അവനു് ആശങ്കയുണ്ടു് എങ്കിലും ഓരോ മനുഷ്യനും ഓരോ ദൈവമാണെന്നു് സ്വയം വിശ്വസിയ്ക്കുവാൻ അവൻ പാടുപെടുന്നു. സ്വർഗ്ഗവും നരകവും ഭൂമിയിൽത്തന്നെ സൃഷ്ടിയ്ക്കുമോ എന്നവൻ കണക്കുകൂട്ടുകയാണു്. ആദ്ധ്യാത്മികചിന്ത ഒരു വികൃതമായ ഭാവനയാണെന്നു് സ്ഥാപിയ്ക്കുവാനുള്ള സാഹസികബുദ്ധി അവനിലുണ്ടു്. അപകടകരമായ ഈ പ്രവണതകളെ തടുത്തുനിർത്തുവാനും ലോകത്തിനു് ആശ്വാസത്തിന്റെ വെളിച്ചമായിട്ടുള്ളതു് എന്താണു് എന്നു കാണിച്ചുകൊടുക്കാനും വേണ്ടിയുള്ള യത്നം എന്നത്തേക്കാളുമധികം ഇന്നാവശ്യമായിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ലതന്നെ. ഈ യത്നം വിജയിപ്പിക്കുവാൻ കത്തോലിയ്ക്കാ സഭയ്ക്കുകഴിയുമോ എന്നാണു് അറിയേണ്ടതു്

കഴിഞ്ഞ രണ്ടായിരം വർഷത്തെ ചരിത്രത്തിനിടയിൽ ഇത്രയും ശ്രേഷ്ഠമായ ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിയ്ക്കുവാൻ കത്തോലിയ്ക്കാസഭ നിർബന്ധിതമായിട്ടില്ലെന്നുള്ളതു സത്യമാണു്. സഭയ്ക്കുതിരായി കലിതുള്ളിയ കിരീടങ്ങളും ചെങ്കോലുകളും സ്വയം തെറ്റിച്ചുപോയതിന്റെ കഥകളും അഭിമാനപൂർവ്വം നമുക്കു പറയാനുണ്ടു്. നമ്മുടെ മാർഗ്ഗത്തെ പ്രതിരോധിയ്ക്കുവാൻ ഒരുമ്പെട്ട വിലങ്ങുതടികളെയെത്രയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയുമായ യത്നങ്ങൾവഴി എടുത്തുമാറ്റുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടു്. നമ്മെ നശിപ്പിക്കുവാൻവേണ്ടി വാളിളക്കിയ നൂറുകണക്കിനു ശക്തികളും മുഴുവൻ സ്വയം അഗ്നിയിൽ ദഹിച്ചുപോയിട്ടുണ്ടു്. കൊടുങ്കാറ്റുകളേയും ഭൂകമ്പങ്ങളേയും കടൽക്ഷോഭങ്ങളേയും നാം അതിജീവിച്ചു. ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതസംഭവങ്ങളാണു് അതൊക്കെ. പുതിയതലമുറയ്ക്കു് അഭിമാനിയ്ക്കുവാൻവേണ്ടി ആ ഏടുകളൊന്നും മറിച്ചുനോക്കുകപോലുമില്ലാതെ അതിൽനിന്നു് പുതിയ ആവേശമുൾക്കൊള്ളുവാൻ എന്തുകൊണ്ടു കഴിയുന്നില്ല എന്നതാണു് ഇന്നു നാം ആലോചിയ്ക്കേണ്ടവിഷയം. നമ്മുടെ മുൻതലമുറകളെ തികഞ്ഞ ഭക്ത്യാദരവുകളോടെയല്ലാതെ സ്മരിയ്ക്കുവാൻ നമുക്കു കഴിയുന്നില്ല. ദൈവത്താൻ സ്ഥാപിക്കപ്പെട്ട സഭയ്ക്കുവേണ്ടി തങ്ങൾക്കുള്ളതത്രയും കാഴ്ചവയ്ക്കുവാൻ അവർ സർവ്വാത്മനാസന്നദ്ധരായിരുന്നു. രക്തവും ജീവനും നൽകിയാണു് അവർ സഭയെ വളർത്തിക്കൊണ്ടുവന്നതു്. ക്രിസ്തുവിനുവേണ്ടി ജീവിതാന്ത്യംവരെ സാക്ഷ്യം വഹിയ്ക്കുവാൻ അവർ തയ്യാറായിരുന്നു. നിസീമമായ ആത്യാഗത്തിന്റെ വികാരോജ്ജ്വലമായ കഥകളാണു് സഭയ്ക്കിന്നു പറയാനുള്ളതു്, പക്ഷെ മഹത്തായ ഈ പാരമ്പര്യം അണുവിട വ്യത്യാസമില്ലാതെ അഭംഗുരം തുടരുവാൻ കഴിയുമോ എന്ന ചോദ്യം ഇന്നത്തെ തലമുറയുടെ മുമ്പിൽ ഉയർന്നു നില്ക്കുന്നുണ്ടു്. ഓരോ കത്തോലിക്കനും ഇതിനു സമാധാനം പറയാൻ മുന്നോട്ടുവന്നേമതിയാവൂ.

മുൻകാലങ്ങളെ അപേക്ഷിച്ചു് തികച്ചും വ്യത്യസ്ഥമായ രീതിയിൽ ഒരു യുഗത്തിന്റെയാകെ വെല്ലുവിളിയെ സഭയി

# കാണുന്നതെല്ലാം വായിക്കാമോ?

## (വറുഗീസ് കരിപ്പായിൽ)

മനുഷ്യഹൃദയങ്ങളെ കയ്യടക്കുവാൻ, ഇന്ന് ഈശ്വരാസ്തിക്യവും, നിരീശ്വരത്വവും തമ്മിൽ ഉഗ്രമായ മത്സരംതന്നെ നടന്നുകൊണ്ടിരിക്കയാണ്. കലാമണ്ഡലത്തിൽകൂടി മാത്രമേ മനുഷ്യഹൃദയങ്ങളെ ആകഷ്ടിക്കുവാൻ സാദ്ധ്യമാകയുള്ളു എന്ന് രണ്ടുകൂട്ടർക്കും നല്ലവണ്ണം അറിയാവുന്നതുകൊണ്ട്, ലഘുലേഖകളും, മാസികകളും, നോവലുകളും, പത്രങ്ങളും, സിനിമാ, നാടകം, പാട്ട് തുടങ്ങിയ കലാസൃഷ്ടികളും ആണ് പ്രചരണായുധങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.


നമ്മുടെനാട്ടിൽ സാക്ഷരതാശതമാനം വർദ്ധിച്ചതോടുകൂടി, സാഹിത്യത്തിൽകൂടിയുള്ള ആദർശപ്രചരണം ഇരുകൂട്ടരും —പ്രത്യേകിച്ച് നിരീശ്വരപ്രസ്ഥാനക്കാർ— കൂടുതലായി ആരംഭിച്ചു. ഇന്ന് ഈശ്വരനേയും ഈശ്വരവിശ്വാസത്തേയും വെല്ലുവിളിച്ചുകൊണ്ടുള്ള ഓടസാഹിത്യങ്ങൾ (Filth-literature) നമ്മുടെയിടയിൽ ധാരാളമായി പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തിക്കുവാനും ഉല്ലസിക്കുവാനും ഉഴറിയലയുന്ന യുവമനസ്സിനെ ആകഷ്കങ്ങളായ മാർഗ്ഗത്തിലൂടെ തിന്മയുടെ ശക്തികൾ ചൂഷണംചെയ്തുകൊണ്ടിരിക്കയാണിന്ന്.

മനുഷ്യജീവിതത്തിൽ ആദർശങ്ങൾ ലയിച്ചുചേരുന്ന കാലഘട്ടമാണ് യൗവ്വനം. യുവത്വത്തിലേക്കു കാലൂന്നുന്ന കുട്ടിയുടെ നസ്സിൽ ആദർശങ്ങൾ വളരെവേഗം പതിയുകയും, ആയതു സ്ഥിരമായി അവിടെ നില്ക്കയുമാണ് ചെയ്യുന്നതു്. അതുകൊണ്ടാണ് മനഃശാസ്ത്രപണ്ഡിതന്മാർപറയുന്നതു്, ''The child's mind is wax to receive and marble to retain'' എന്ന്. ബാലപ്രായത്തിലും അതിനുശേഷമുള്ള യുവപ്രായത്തിലും വ്യക്തികളെ നേരായ മാർഗ്ഗത്തിൽകൂടി പോകുവാൻ അനുവദിച്ചില്ലെങ്കിൽ അവർ അപകടകാരികളായിത്തീരും. മനുഷ്യസ്വഭാവം പൊട്ടന്നനവെ ഉത്ഭവിക്കയും പെട്ടെന്നവസാനിക്കയുമല്ലാ ചെയ്യുന്നതു്. അഭ്യാസപരമ്പരകളുടെ ഫലമായി മനസ്സിനുണ്ടാകുന്ന സ്ഥായിയായ ഗുണവിശേഷമാണ് സ്വഭാവം. ഈ അഭ്യാസപരമ്പര ഒരു വ്യക്തിയിൽ രൂപംകൊള്ളുന്നതു്, സ്നേഹിതന്മാരുമായുള്ള സംസാരങ്ങളിൽനിന്നും, നിത്യേനയുള്ള പാരായണംവഴിയായിട്ടാണ്. അതിനാൽ വായന ഒരു വ്യക്തിയുടെ സ്വഭാവരൂപവൽക്കരണത്തെ സാരമായി ആശ്രയിച്ചിരിക്കുന്നു എന്നു പറയുന്നതിൽ രണ്ടു പക്ഷമുണ്ടെന്നു തോന്നുന്നില്ല.

ആദ്യത്തിരക്കുള്ള ഏതെങ്കിലും സ്ഥലത്തു് (ഉദാ: ബസ് സ്റ്റാൻഡ്, ബോട്ടുജെട്ടി, റെയിൽവെസ്റ്റേഷൻ, പ്രധാന തെരുവുകൾ) നാം പോയിനിന്നാൽ, പല നിറത്തിലും തരത്തിലുമുള്ള പത്രങ്ങൾ, മാസികകൾ, നോവലുകൾ തുടങ്ങിയവ ധാരാളമായി ഇന്നു ലഭിക്കുന്നതാണ്. ഈ പ്രസിദ്ധീകരണങ്ങൾ നേരിടുകയാണ്. ആദ്ധ്യാത്മികബോധത്തിന്റെ നേർക്കുള്ള വെല്ലുവിളി! മതത്തിന്റെയും ദൈവത്തിന്റെയും നേർക്കുള്ള ആധുനികലോകത്തിന്റെ വെല്ലുവിളി! ഇതിനെ ഫലപ്രദമായി നേരിടുന്നതിൽ നാം പരാജയപ്പെട്ടാൽ അതോടെ എല്ലാം അവസാനിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിലെങ്ങും നാം നേടിയിട്ടുള്ളതു മുഴുവൻ അതോടെ കൈവിട്ടുപോവുകയാണ്. നമ്മുടെ മുൻതലമുറകളെ അതുവഴി നാം അപമാനത്തിൽ അടച്ചുമൂടുകയാണ്. ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളിൽമാത്രം നാം എഴുതിച്ചേർത്തിട്ടുള്ളതത്രയും അതുമൂലം തുടച്ചുമാച്ചുകളയുകയാണ്. ഇന്നത്തെ തലമുറ ഒരിക്കലും അതിനിടയാക്കാതിരിക്കട്ടെ എന്നിവിടെ പ്രാർത്ഥിക്കുക.

വളരെയധികം കരുതലോടെയുള്ള നീക്കം ഇന്നു നമുക്കാവശ്യമായിരിക്കുന്നു. ''ക്രിസ്തുവിലൂടെമാത്രം സമാധാനം'' എന്ന് നമുക്കു ലോകത്തെ ബോധ്യപ്പെടുത്താൻ കഴിയണം. ഈ ബോദ്ധ്യപ്പെടുത്തൽ എങ്ങനെ സാധിക്കുമെന്നാണു ചിന്തിയ്ക്കേണ്ടതു്, ഓരോ ക്രിസ്ത്യാനിയും അവന്റെ സ്വന്തം ജീവിതത്തിലൂടെ മാത്രമല്ലാതെ നടത്തുന്ന ശ്രമം ഒരു നേരിയ അളവിൽപ്പോലും വിജയിയ്ക്കുമെന്നു വിചാരിക്കേണ്ടതില്ല. ക്രിസ്തു നമുക്കുവേണ്ടി വേദന തിന്നു് കുരിശിൽ കയറി മരിച്ചു. പക്ഷെ ആ ക്രിസ്തുവിനുവേണ്ടി നാം എന്താണ് ചെയ്തിട്ടുള്ളതെന്നു് ഓരോരുത്തരും ചിന്തിയ്ക്കട്ടെ! പ്രശ്നങ്ങളുടെമുമ്പിൽ ക്രിസ്ത്യാനികളും നിസഹായരായിപോകുന്നുവെങ്കിൽ അതിന്റെ കാരണം ജീവിതത്തിൽ ക്രിസ്തുവിനെ നിഷേധിയ്ക്കുന്നതുകൊണ്ടുമാത്രമാണ്. നമ്മുടെ ചുറ്റുമുള്ള ആളുകൾക്കു് അവരുടെ ജീവിതത്തിലെ ഭയം, വിദ്വേഷം, ആചാരദുഷ്യങ്ങൾ എന്നിവയിൽനിന്നു് വിടുതൽ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്ന രീതിയിലല്ല നാം ജീവിയ്ക്കുന്നതെങ്കിൽ നമ്മുടെ ജീവിതത്തിൽ എന്തോ പന്തികേടുണ്ട് എന്ന അർത്ഥത്തിൽ, ''ദൈവത്തിനുവേണ്ടി ജനഹൃദയങ്ങളെ നേടുന്നില്ലായെങ്കിൽ നാം പാപം ചെയ്യുന്നു'' എന്ന് ഫ്രാങ്കു് ബുക്കുമാൻ പറയുകയുണ്ടായി.

ക്രിസ്തുവിന്റെ സന്ദേശം വിപ്ലവത്തിന്റെ സന്ദേശമാണ്. ആ വിപ്ലവം ഉണ്ടായേ മതിയാകൂ. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങൾക്കു അതുവഴി മാത്രമേ പരിഹാരം കാണാൻ കഴിയൂ. ലോകത്തെ സംതൃപ്തമാക്കാൻ അതിനുപുറത്തു് മറ്റൊരു മാർഗ്ഗമില്ല. ആ വിപ്ലവത്തിന്റെ സന്ദേശം സ്വന്തജീവിതത്തിലൂടെ പകർത്തിയാണ് മറ്റുള്ളവർക്കു കൊടുക്കേണ്ടതു്. നിരന്തരമായ ഈ പകർത്തിക്കൊടുക്കലിന്റെ മുമ്പിൽ ലേഖകത്തിനു കീഴടങ്ങാതെ നിവൃത്തിയില്ല. ഈ പകർത്തിക്കൊടുക്കൽകൊണ്ടുമാത്രമേ നമ്മുടെ മഹത്തായ നേട്ടങ്ങൾക്കും പാരമ്പര്യങ്ങൾക്കും മാറ്റു വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു എന്നു നമുക്കഭിമാനിയ്ക്കാൻ സാധിയ്ക്കുകയുള്ളു. ശാസ്ത്രവും യുക്തിയും യഥാർത്ഥത്തിൽ നമ്മുടെ കരുക്കൾതന്നെയാണെന്നു് നാം മനസ്സിലാക്കുകയും അതു പ്രയോജനകരമാക്കാൻ നാം പഠിയ്ക്കുകയും ചെയ്യണം. അല്പത്വത്തിന്റെയും അഹങ്കാരത്തിന്റെയും അഴുക്കുചാലിൽനിന്നു് കരകയറുവാൻ ലോകത്തെ പ്രേരിപ്പിയ്ക്കുവാനും, സത്യാന്വേഷണത്തിന്റെ മാർഗ്ഗത്തിലൂടെ നയിയ്ക്കാനുംവേണ്ടിയുള്ള യത്നം ഒരിയ്ക്കലും നിസ്സാരമാണെന്നു കരുതേണ്ടതില്ല. നാം കാത്തുസൂക്ഷിച്ചുകൊണ്ടുപോന്ന അച്ചടക്കവും ആത്മധൈര്യവും നമ്മുടെ രക്ഷാകവചങ്ങളാണ്. ആശങ്കയും ഭീതിയും ഒരിക്കലും നമ്മെ കർമ്മപഥത്തിൽനിന്നു വ്യതിചലിപ്പിക്കരുതു്. ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസമൊന്നുമാത്രമേ അഗ്നിപരീക്ഷണങ്ങളെ ധീരമായി തരണം ചെയ്യാൻ നമ്മെ ശക്തരാക്കുകയുള്ളു. ''ആകാശവും ഭൂമിയും കടന്നുപോകും എന്റെ വചനങ്ങൾ കടന്നുപോകുകയില്ല'' എന്ന തിരുമൊഴി സമസ്തക്രിസ്ത്യാനികൾക്കും പ്രത്യാശാവഹമായിട്ടുള്ളതാണ്. ആദ്ധ്യാത്മികബോധം ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്ന ആധുനികലോകത്തെ നേർവഴിയിലേയ്ക്കു കൊണ്ടുവരുവാൻ ക്രിസ്തുവിന്റെ നിത്യനൂതനവും അജയ്യവുമായ സഭയ്ക്കു് കഴിയും. ലോകത്തിന്റെ മനസാക്ഷിയെ ആശ്വസിപ്പിയ്ക്കുവാൻ ക്രിസ്തുവിന്റെ മാർഗ്ഗത്തിനു മാത്രമേ സാധിയ്ക്കുകയുള്ളു. ആ ആശ്വാസത്തിന്റെ വെളിച്ചം പകരണമെങ്കിലോ ഓരോ ക്രിസ്ത്യാനിയും ജീവിതാന്ത്യംവരെ ക്രിസ്തുവിനുവേണ്ടി വിശ്വസ്തമായി സാക്ഷ്യംവഹിച്ചുകൊള്ളാമെന്നു് ദൃഢമായി പ്രതിജ്ഞയെടുക്കണം. ഓരോരുത്തരും ആ പ്രതിജ്ഞ ചെയ്തേ മതിയാകൂ. സാലിസ്ബറിപ്രഭ്രഭ്രിട്ടീഷ് പ്രഭ്രസഭയിലിങ്ങനെപറഞ്ഞു: ''ഒരു പുതിയ ലോകത്തിന്റെ സൃഷ്ടിക്കു് നമുക്കാവശ്യമായിട്ടുള്ളതു്. ഈശ്വരനാൽ നയിക്കപ്പെടുന്ന വ്യക്തികളും ഈശ്വരനാൽ നയിയ്ക്കപ്പെടുന്ന ജനപദങ്ങളുമാണ്'' സമാധാനത്തിനുവേണ്ടി പരക്കം പായുന്ന ആധുനികലോകത്തോടു് 'ക്രിസ്തുവിലൂടെ സമാധാനം' എന്ന ദൃഢമായി പറയുവാൻ നമുക്കു കഴിയണം. പക്ഷെ സ്വന്തം ജീവിതങ്ങളിൽ ക്രിസ്തുവിനേപ്രതി പരിവർത്തനമുണ്ടാക്കാതെ ഒരിയ്ക്കലും നമുക്കതു കഴിയുകയില്ലതന്നെ.




(Thomas Sebaitian B. A. L. T.)

ആര്യചരിതൻ

## അദ്ധ്യായം 5 & 6

### ഭവനം–അതിഥികൾ–ആതിഥേയർ.

കുടുംബം ഒരു മഹൽസ്ഥാപനമാണ്. കുടുംബം വികസിച്ചാണ് സമുദായവും രാഷ്ട്രവും രൂപമെടുത്തത്. കുടുംബം ലോകത്തിലെ ഏറ്റവും താണതും അഭേദ്യവുമായ ഒരു ഘടകമാണ്. അതിലെ അംഗങ്ങൾ ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ വർത്തിക്കണം. അഭിപ്രായഭിന്നതകൾ നിലനിൽക്കുന്നതും മിക്കതുംതന്നെ ആധുനികകാലത്തെ വാർത്തകളുമായി ബന്ധപ്പെടുത്തിയുള്ളതാകയാൽ, സ്വാഭാവികമായിത്തന്നെ നാം അതു വാങ്ങി വായിക്കുന്നു. നൂതനവാർത്തകളുമായി ബന്ധപ്പെടുത്തി, പ്രസാധകന്മാരുടെ ആശയങ്ങളും അതിൽ അടക്കംചെയ്തിരിക്കും. ഈ കെണി മനസ്സിലാക്കാതെ നാമും അറിഞ്ഞോ, അറിയാതെയോ, പ്രസാധകന്റെ ആശയഗതിയിലേയ്ക്കു വഴുതിവീഴുന്നു. അങ്ങനെ അച്ചടിച്ച അക്ഷരങ്ങളിൽക്കൂടി തുടർച്ചയായി ആശയം പ്രചരിപ്പിക്കപ്പെടുമ്പോൾ, വായനക്കാരൻ തീർച്ചയായും അതേ ആശയഗതിക്കാരനായി തീരുകയെന്നതു് സാധാരണയാണ്.

മിക്ക പ്രസിദ്ധീകരണങ്ങളും ലേഖനങ്ങൾവഴിയായും, ചെറുകഥകൾവഴിയായും അശ്ലീലവും അസന്മാർഗ്ഗവും, നിരീശ്വരത്വവും വായനക്കാർക്ക് ഏറിഞ്ഞുംകൊടുക്കയാണുചെയ്യുന്നതു്. സാധാരണയായി എലിയെ പിടിക്കുവാൻ അതിനു് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണസാധനങ്ങളിൽ പാഷാണം പൊതിഞ്ഞുവയ്ക്കുന്നതുപോലെ, സാധാരണ മനുഷ്യന്റെ ബലഹീനതകൾ മനസ്സിലാക്കിക്കൊണ്ടു്, ലൈംഗികവിഷയത്തിന്റെ മറവിൽക്കൂടിയും, കുടുംബജീവിതത്തിന്റെ തണലിൽക്കൂടിയും മുതലാളിതൊഴിലാളി ബന്ധത്തിന്റെ പിന്നിൽക്കൂടിയും, സോഷ്യലിസ്റ്റു് വ്യവസ്ഥിതിയുടെ പേരിൽക്കൂടിയും, സമാധാനാഭിലാഷത്തിന്റെ വ്യഗ്രതയിൽ കൂടിയും എല്ലാം ആശയങ്ങൾ പ്രസിദ്ധീകരിക്കയാണു ചെയ്യുന്നതു്. അവ ആകർഷകങ്ങളാക്കിത്തീർക്കുന്നതിനുപുറമേ, അവയെല്ലാം സത്യമാണെന്നു ന്യായീകരിക്കയും ചെയ്യുന്നുണ്ടു്.

ഇന്നുള്ള നോവലുകളിൽ ഭൂരിഭാഗവും ലൈംഗികവിഷയങ്ങൾക്കു് അമിതപ്രാധാന്യം ആദ്യവസാനം കൊടുക്കുന്നതായി കാണാം. ഈ വിഷയം പ്രാധാന്യമുള്ളതായിരുന്നാൽത്തന്നെയും ജീവിതം മുഴുവൻ ഇതിനെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള ഒരു തെറ്റായ ധാരണ വായനക്കാരിൽ ഉളവാകുന്നതിനു് ഇടയാകുന്നുണ്ടു്. ലൈംഗികവിഷയങ്ങൾക്കു് പ്രാധാന്യം കൊടുത്തുകൊണ്ടു് നോവൽ എഴുതുകയാണെങ്കിൽ, തീർച്ചയായും അതിന്റെ കൂടുതൽ പ്രതികൂല വിധേയമാകയും, അങ്ങനെ പണം ധാരാളം ലഭിക്കയും ചെയ്യുമെന്നുള്ള തത്വവും ശരിക്കു മനസ്സിലാക്കിക്കൊണ്ടാണു് വായനക്കാരനെ ചൂഷണംചെയ്യാൻ കഥാകൃത്തു് പരിശ്രമിക്കുന്നതു്. ഗ്രന്ഥകാരൻ അഥവാ കഥാകൃത്തു് ജീവിതത്തെ പ്രതിനിധാനംചെയ്യുന്നതായിട്ടാണു് ഗ്രന്ഥത്തിലൂടെ അഥവാ കഥയിലൂടെ സമർത്ഥിക്കുന്നതു്. എന്നാൽ ഇത്തരത്തിലുള്ള എഴുത്തുകാർ യാതൊരുവിധത്തിലും ജീവിതത്തെ പ്രതിനിധീകരിക്കുന്നില്ല എന്നുള്ളതാണു് സത്യം.

ഇന്നുള്ള പല നോവലുകളും യുവാക്കളെ അയഥാർത്ഥലോകത്തിലേയ്ക്കു തള്ളിവിടുകയാണു ചെയ്യുന്നതു്. കൃത്രിമവും വികാരജന്യവുമായ ഒരു സങ്കല്പലോകം സൃഷ്ടിച്ചു്, അതിലൂടെ വിഹരിക്കുവാൻ വായനക്കാരനെ ക്ഷണിക്കുന്ന നോവലിസ്റ്റു്, ജീവിതത്തെ വസ്തുനിഷ്ഠമായി നോക്കിക്കാണുവാൻ അവനെ അപര്യാപ്തനാക്കുന്നു, ഉന്നതന്മാരും, സന്മാർഗ്ഗബോധമുള്ളവരുമായ വ്യക്തികളേയും മതനേതാക്കളെയും പറ്റി വിവരിക്കുമ്പോൾ, വിവരണത്തിൽ ഒരു ചെറിയ ഭ്രംശം (slight twist) മനഃപൂർവ്വം വരുത്തി, അവരെ 'രസംകൊല്ലി'കളായും, 'പുരോഗതിയുടെ വിലങ്ങുതടി'കളായും ചിത്രീകരിക്കുകയെന്നതു് ഇന്നു് സാധാരണയാണു്.

അതിനാൽ നാം വായിക്കുന്നതു് എന്താണെന്നും, നമ്മുടെ കുട്ടികൾ വായിക്കുന്നവ ഏവയാണെന്നും പ്രത്യേകം നോക്കേണ്ടതാണു്. വല്ലപ്പോഴുമെങ്കിലും നമ്മുടെ കുട്ടികളുടെ പുസ്തകങ്ങൾ ഒന്നു പരിശോധിച്ചുനോക്കുന്നതു നന്നായിരിക്കും. ഒരു പുസ്തകവും അതിന്റെ മുഖവിലയ്ക്കു് നാം സ്വീകരിക്കരുതു്. ഉള്ളടക്കം പരിത്യാജ്യമാണെങ്കിൽ അതൊരിക്കലും വായിക്കരുതു്. ഓടസാഹിത്യങ്ങൾ എല്ലാംതന്നെ വർജ്ജിക്കണം. എന്നാൽ ഉപയോഗപ്രദമായ പ്രസിദ്ധീകരണങ്ങളും തൽസ്ഥാനത്തു് കൂടുതലായി ഉണ്ടാകേണ്ടതാണെന്നുള്ളവസ്തുത ചൂണ്ടലപ്പെടുവർ മനസ്സിലാക്കുകകൂടി വേണം. പ്രസിദ്ധീകരണവിഷയത്തിൽ സമുദായം കുറേക്കൂടി ശ്രദ്ധയോടും, ശ്രുഷ്ഠാന്തിയോടുംകൂടി പ്രവർത്തിച്ചെങ്കിലേ മനുഷ്യവർഗ്ഗത്തോടുള്ള കടമ, ഉത്തരവാദിത്വത്തോടുകൂടി ചെയ്യുവാൻ സാദ്ധ്യമാകയുള്ളൂ.

പുഞ്ചിരിഭാവത്തോടുകൂടെയായിരിക്കണം നിങ്ങൾ ചെന്ന കയറുന്നതു്. മൻഭാഗത്തു ആരെയും കണ്ടില്ലെങ്കിൽ ചെറിയൊരു ശബ്ദമുണ്ടാക്കി കയറിച്ചെല്ലുന്നതു നന്നായിരിക്കും. കാൽപെരുമാറ്റംകൊണ്ടോ മുരടനക്കിയോ ചെറുതായി ഉന്നചുമച്ചോ, ഒരാൾ വന്നിട്ടുണ്ടു് എന്നു അന്തേവാസികളെ അറിയിക്കുന്നതു നന്നായിരിക്കും. എന്നിട്ടും ആരും മൻവശത്തേയ്ക്കു വരുന്നില്ലെങ്കിൽ അതിഥികൾക്കു പ്രവേശനമുള്ള വരാന്തയിലൊ പൂമുഖത്തോ പ്രവേശിക്കാം. കൈവിരലിൻറെ മുട്ടുകൊണ്ടു കതകിൽ മുട്ടി ശബ്ദമുണ്ടാക്കാം. പരിഷ്കൃതസ്ഥലങ്ങളിൽ എലക്ട്രീക്കു കാളിംഗ്ബെൽ അടിക്കാം. ഏതായാലും വാതിൽ തുറന്നു കിടക്കുന്നു എന്ന കാരണത്താൽ വീടിൻറെ മുറികളിൽ അനുവാദംകൂടാതെ പ്രവേശിക്കുന്നതു മര്യാദയല്ല. ദ്വാരങ്ങളിൽകൂടെയൊ ജനലിൻറെയും വാതിലിൻറെയും പഴുതുകളിൽകൂടെയോ ഒളിഞ്ഞുനോക്കുന്നതു ഒരു ആര്യചരിതനു അശേഷം യോജിച്ചതല്ല.

ആരെങ്കിലും വന്നു നിങ്ങൾക്കു കാണിച്ചുതരുന്ന ഇരിപ്പിടം സ്വീകരിക്കാം. പറയാതെ ഇരിക്കരുതു്; സ്ഥാനംതെറ്റിച്ചും ഇരിക്കരുതു്.

നിങ്ങളുടെആഗമനോദ്ദേശ്യം വളരെചുരുങ്ങിയ വാക്കുകളിൽ അറിയിക്കേണ്ടതും വളരെ വേഗം സ്ഥലംവിടാൻ തിടുക്കം കാണിക്കേണ്ടതുമാണു്. ആതിഥേയനു നിങ്ങളെ സ്വീകരിച്ചു സൽക്കരിക്കുന്നതിനേക്കാൾ വലിയ കാര്യം കണക്കാക്കരുതു്. അതിനു നിങ്ങൾ തടസ്സമുണ്ടാക്കരുതു്. അങ്ങനെ അടിയന്തിരകാര്യം ഇല്ലെങ്കിലും അവർക്കു നിങ്ങൾ അപ്പോൾ വേണ്ടാത്ത ഒരതിഥി ആയിരിക്കാം. നിങ്ങൾക്കതു നിശ്ചയമില്ലല്ലൊ. അതുകൊണ്ടു കഴിവതും വേഗം യാത്രപറയണം. ആതിഥേയനു നിങ്ങളുമായി കുറേസമയം ചെലവിടുന്നതു സന്തോഷമാണെങ്കിൽ നിങ്ങളെ നിർബന്ധിച്ചു താമസിപ്പിക്കും, ആ സമ്മർദ്ദത്തിനനുസരണമായി നിങ്ങൾക്കു സമയമുണ്ടെങ്കിൽ അവിടെ ചെലവഴിക്കാം.

സാധാരണ ഭക്ഷണസമയങ്ങൾ സന്ദർശനത്തിൽനിന്നു ഒഴിവായിരിക്കണം. ഭക്ഷണത്തിനു വളരെ മൻപു സന്ദർശനംകഴിഞ്ഞു പിരിയുകയോ ഭക്ഷണസമയം കഴിഞ്ഞു സന്ദർശനത്തിനു ചെന്നുചേരുകയോ ചെയ്യുന്നതു് ഉചിതമായിരിക്കും. കൃത്യം ഉച്ചഭക്ഷണസമയത്തു് ഒരു വീട്ടിൽ കയറിച്ചെല്ലുന്നതു് അനുചിതമാണു്. വീട്ടിൽ ഉള്ളവർക്കുമാത്രം സാധാരണയായോ അതിൽ താണതോ ആയ രീതിയിൽ ഭക്ഷണം തയാറായിക്കഴിയുമ്പോൾ അതിഥികൾ വന്നുകയറിയാലുണ്ടാകാവുന്ന പ്രയാസങ്ങൾ മൻകൂർ കാണാനുള്ള കഴിവു നമുക്കുണ്ടാകണം. ഭക്ഷണസമയത്തു ഒരു വീട്ടിൽ ചെന്നുകയറുന്ന ആൾ ആ ഭക്ഷണം വെളിയിൽ കഴിച്ചിട്ടു ചെന്നുകയറുന്നതായിരിക്കും ഉചിതം.

ആതിഥേയൻറെ വീട്ടിലെ ദിനചര്യയ്ക്കു നിങ്ങൾ ഒരിക്കലും തടസ്സം ഉണ്ടാക്കരുതു്. നിങ്ങളുടെ ദിനചര്യക്രമം ആതിഥേയൻ മര്യാദയുടെപേരിൽ അന്വേഷിച്ചാൽ സൂത്രത്തിൽ അദ്ദേഹത്തിൻറെ ദിനചര്യക്രമം മനസ്സിലാക്കി നിങ്ങളുടേതും അതുതന്നെയാണെന്നു തരച്ചുപറയുക. ''കാലത്തു് കാപ്പിയോ കഞ്ഞിയോ പതിവു്?'' എന്നു ചോദിച്ചേക്കാം. ''നിർബന്ധമില്ല. ഏതെങ്കിലും ഒന്നു കഴിക്കാം.'' എന്നായിരിക്കണം മറുപടി. ഒരുപക്ഷെ കാപ്പി നിങ്ങൾക്കു നിർബന്ധമായിരിക്കും. അതിനവരെ ശല്യപ്പെടുത്തരുതു്. ഹോട്ടലിൽ കാപ്പികിട്ടും. ''മത്സ്യമോ മാംസമോ നിർബന്ധമുണ്ടോ?'' എന്നു ചോദിച്ചേക്കാം. നിങ്ങൾക്കു രണ്ടിലൊന്നു കൂടിയേതീരൂ എങ്കിലും മര്യാദയുടെപേരിൽ ''ഒരു നിർബന്ധവുമില്ല'' എന്നു പറഞ്ഞാൽ അവിടെ മത്സ്യമുണ്ടെങ്കിൽ അതു നിങ്ങൾക്കും കിട്ടുമല്ലൊ. ചുരുക്കിപ്പറഞ്ഞാൽ ആതിഥേയനു നിങ്ങൾ ആ വീട്ടിൽ ചെല്ലേണ്ടായിരുന്നു എന്നു തോന്നാതിരിക്കുവാൻതക്കവണ്ണം നിങ്ങളുടെ ഹിതാഹിതങ്ങളെ നിയന്ത്രിക്കാൻ സൂക്ഷിക്കുക.

മുറുക്കു്, പുകവലി മുതലായ ദുശീലങ്ങൾക്കു നിങ്ങൾ അടിമയാണെങ്കിൽ ആ വകകൾ ആതിഥേയൻ നിങ്ങൾക്കുതന്നു കൊള്ളണമെന്നില്ല. ആ വീട്ടിൽ ആ വക സാധനങ്ങൾ സ്റ്റോക്കുണ്ടായി എന്നും വരികയില്ല. അവ നിങ്ങൾതന്നെ കരുതിയിരിക്കുകയാണു വേണ്ടതു്. എന്നാൽ മുറുക്കാത്തവരുടെ വീട്ടിൽ വച്ചു മുറുക്കുകയും പുകവലിക്കാത്തവരുടെ വീട്ടിൽവച്ചു പുകവലിക്കുകയും ചെയ്യുന്നതിൽ കുറച്ചു് അനൗചിത്യമുള്ളതുകൊണ്ടു് ആതിഥേയനോടു ക്ഷമാപണപൂർവ്വം അനുമതി വാങ്ങിയിട്ടേ അതു ചെയ്യാൻ പാടുള്ളു. ആതിഥേയൻറെ വീടുവൃത്തിഹീനമാക്കുന്നതു വളരെ വലിയ മര്യാദയില്ലായ്മയായിരിക്കും.

നിങ്ങൾ അതിഥിയായി ചെല്ലുന്ന വീട്ടിൽ നിങ്ങടെ സംസാരവും നോട്ടവും വളരെ നിയന്ത്രിക്കേണ്ടതാണു്. കഴിവതും കുറച്ചു സംസാരിക്കുക. നിങ്ങൾ ആരോടു സംസാരിക്കുന്നുവോ അവർമാത്രം കേൾക്കത്തക്ക സ്വരത്തിലെ സംസാരിക്കാൻ പാടുള്ളു. നിങ്ങൾ അതിഥിയായി വന്നിട്ടുണ്ടു് എന്നകാരണത്താൽ കുടുംബാംഗങ്ങളെല്ലാവരും അവരുടെ ജോലിമുടക്കി നിങ്ങളുടെകാര്യത്തിൽ ഏർപ്പെടണമെന്നില്ലല്ലൊ. നിങ്ങളുടെ നോട്ടവും ആവശ്യമില്ലാത്ത സ്ഥാനങ്ങളിലേയ്ക്കു അയക്കരുതു്. അങ്ങനെ സംഭവിച്ചാൽ ആതിഥേയകുടുംബത്തിനു നിങ്ങളെപ്പറ്റി ബഹുമാനത്തിനുപകരം വെറുപ്പായിരിക്കും ഉണ്ടാകുന്നതു്. നിങ്ങൾക്കിഷ്ടമുള്ളതു കണ്ടാൽ പ്രശംസിച്ചുകൊള്ളുക. ഇഷ്ടമില്ലാത്തതു കണ്ടാൽ കണ്ട ഭാവമേ നടിക്കരുതു്. വിമർശിക്കുന്നതു നിങ്ങളെ ആ വീട്ടിൽ ഒരധികപ്പറ്റാക്കിത്തീർക്കും.

പ്രാർത്ഥനാസമയം നിങ്ങൾ അതിഥിയാണെങ്കിൽ നിങ്ങളുടെ വീട്ടിൽ നടത്തുന്നപ്രാർത്ഥനാരീതി അവിടെ നടപ്പാക്കാൻ ശ്രമിക്കരുതു്. ആതിഥേയൻറെ വീട്ടിലെ ക്രമങ്ങളിൽ നിങ്ങൾ സഹകരിച്ചുകൊണ്ടാൽമതി. നിങ്ങളുടെ പ്രാർത്ഥനാഗാനമായിരിക്കും ആതിഥേയൻറെ വീട്ടിൽ നിങ്ങളുടെ കാളസ്വരം കേൾപ്പിക്കരുതു്. അവിടെ നന്നായി പാടുന്ന കുട്ടികൾ ഉണ്ടായിരിക്കും. അവർക്കു നിങ്ങൾ പരിഹാസപാത്രമാകരുതു്.

നിങ്ങളുടെ വീട്ടിൽ അതിഥികൾ വരുമ്പോൾ നിങ്ങളാണല്ലൊ ആതിഥേയൻ. മാതാപിതാക്കൾ വീട്ടിലുള്ളപ്പോൾപ്പോലും അവർ മറ്റുകാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന സമയത്തു നിങ്ങൾ അതിഥികളെ സ്വീകരിക്കേണ്ടതായിവരുന്ന അവസരങ്ങളുണ്ടാകാം. അവരെ കണ്ടാലുടനെ നിങ്ങൾ എഴുന്നേറ്റു അവരെ മുറത്തുവച്ചു സ്വീകരിക്കണം. കൈകൊടുപ്പി അവരെ അഭിവാദ്യം ചെയ്തു സ്വീകരിക്കണം. വിനയംതുളുമ്പുന്ന ഒരു പുഞ്ചിരിഭാവമാണു് അപ്പോൾ നിങ്ങൾക്കുണ്ടായിരിക്കേണ്ടതു്. അന്യോന്യമായ ഒരു സ്ഥാനത്തു് അവരോടു് ഇരിക്കാൻ പറയണം. പിന്നീടു് അവരുടെ അനുമതിയോടുകൂടി പോയി കാണേണ്ട ആളിനെ വിവരമറിയിക്കാം.

അതിഥിയെ ദൂരെക്കണ്ടാലുടനെ പൂമുഖത്തോ മുറ്റത്തോ ഉണ്ടായിരുന്ന നിങ്ങൾ, അവരുടെ ദൃഷ്ടിയിൽനിന്നു ദൃശ്യമാകുന്ന രീതി ആക്ഷേപകരമാണു്. അതു അതിഥികളെ നിന്ദിക്കുന്ന ഫലം ഉളവാക്കും.

അതിഥിയുടെ ആവശ്യങ്ങൾ ചോദിക്കാതെ തന്നെ മനസ്സിലാക്കാനുള്ള വിവേകം (Common Sense) നിങ്ങൾക്കുണ്ടായിരിക്കണം. നല്ല ചൂടുള്ള സമയത്തു വിയർത്തുവന്നുകയറുന്ന ആളിനു ഒരു വിശറി കൊടുക്കണമെന്നു് അല്പമെങ്കിൽ ഫാനിൻറെ സ്വിച്ചു ഇട്ടുകൊടുക്കണമെന്നു് ആരെങ്കിലും പറയാതെ നിങ്ങൾക്കറിയരുതോ? വീട്ടിൽ വെറുതിലമുറുക്കുന്നവരുണ്ടെങ്കിൽ, വന്നുകയറിയ അതിഥി മുറുക്കുന്ന ആളാണെങ്കിൽ, അവർക്കു മുറുക്കാൻ കൊടുക്കുന്നതിനുള്ള വിവേകം, നിങ്ങൾക്കില്ലേ? എന്തെങ്കിലും കൂടിക്കണ്ടേ? തണുത്തതോ ചൂടുള്ളതോ വേണ്ടതു്? എന്നു വിനയപൂർവ്വം അന്വേഷിച്ചു, അതിഥിയുടെ ഇഷ്ടാനുസരണം, പച്ചവെള്ളമോ, സംഭാരമോ, സ്ക്വാഷോ, കഞ്ഞിവെള്ളമോ, കാപ്പിയോ, ചായയോ, നിങ്ങളുടെ സൗകര്യമനുസരിച്ചു അദ്ദേഹത്തിനു കൊടുക്കാൻ ഏർപ്പാടുചെയ്യണം.

അതിഥിയുമായി നിങ്ങൾ വിനയപൂർവ്വം സംസാരിക്കണം. ''അപ്പൻ ഇവിടെ ഇല്ല'' എന്നല്ല പറയേണ്ടതു്. അപ്പൻ ഇവിടെ ഇല്ലല്ലോ വെളിയിൽ പോയിരിക്കുകണു്. മൂന്നുമണിക്കു വരുമെന്നാണു പറഞ്ഞിരിക്കുന്നതു്.'' എന്നുത്തരംപറഞ്ഞാൽ അതിഥിക്കു അറിയേണ്ടകാര്യങ്ങൾ പലതും ചോദ്യങ്ങൾക്കു ഇടയാക്കാതെ നിങ്ങൾ കൊടുത്തു കഴിഞ്ഞു.

അതിഥി വീട്ടിൽനിന്നു യാത്രപറഞ്ഞിറങ്ങുമ്പോൾ നിങ്ങൾ അദ്ദേഹത്തെ കുറച്ചു ദൂരം അനുയാത്രചെയ്യുന്നതും ഒരു നല്ല രീതിയാണു് മുറത്തിൻറെ അതിരുവരെ അല്പമെങ്കിൽ നി

# ബാഷ്പോപഹാരം

## (കോതനല്ലൂർ ജോസഫ്)

(തുടർച്ച)

ആതങ്കമെത്ര;പിതാവിന്നു,സന്താന—
സാതംകുറഞ്ഞോന്നുകണ്ടാൽ?
പ്രീതൻകരുതുന്നുസമ്പത്തായ്;ലോകത്തിൽ,
ജാതൻകിശോരകനെന്നേ. 21

ഭക്ഷണത്തിന്റെകുറവുകൊണ്ടെങ്കിലോ
തൽക്ഷണംപട്ടിണിപ്പാവം,
രക്ഷണംചെയ്യുന്നതന്തംശമാനത്താൽ
ഭാക്ഷിണ്യപൂർവ്വംസുതരെ. 22

ഉണ്ണുവാനില്ലാത്തൊരുണ്ണിതൻതാണെഴും
കണ്ണിണകാണ്മതിന്നൊപ്പം
വർണ്ണനാതീതമാംദുഃഖമൊരുച്ഛന്ന
നിർണ്ണയമൊന്നില്ലവേറെ 23

രോഗാദിബാധകളെങ്കിൽഭിഷഗ്വര—
സംഗമത്തിൽപ്പണിപ്പെട്ടും,
വേഗത്തിൽമക്കൾക്കുശ്രൂഷചെയ്തിട്ട—
ന്നാ;ഗതസൗഖ്യം,പിതാക്കൾ 24

പുഞ്ചിരിക്കുള്ളിലുംദുഃഖംമയങ്ങുന്ന—
പിഞ്ചുകിടാങ്ങൾതമ്പേരിൽ,
നെഞ്ചകംനീറുന്നു;നിത്യംപിതാക്കൾക്കു
ചഞ്ചലജീവിതത്തിങ്കൽ. 25

ശോകവുംകൈവരുംതോഷവുമീശന്റെ—
കൈകളിലർപ്പിക്കുംതാതർ,
പൂകുന്നുപുണ്യമാംപൂവാടി;ഭൂവിങ്കൽ—
നാകത്തിൽശാന്തിയുംചൂടി. 26

നല്ലപകലിന്റെപുഞ്ചിരിക്കൊഞ്ചലിൽ
വല്ലായ്മചേർക്കുംതമിസ്രം,
മെല്ലെന്നണയവേ;താതാ!ഞാൻനിന്നങ്ക
തല്പജംപൂകിയതില്ലേ? 27

ഭീതിയാംകൂരിരുൾതീണ്ടാത്തനിസ്സല—
ബ്ധ്രുതിതൻരത്നദീപങ്ങൾ,
കാതരഭാവംകലരുംപൊന്നോമന—
പ്പൈതങ്ങൾക്കെന്നും;പിതാക്കൾ 28

അമ്പിളി,കിണ്ണത്തിൽപ്പാലുംപകർന്നിത്തി—
സ്സമ്പത്തിൻനാടുഭരിക്കെ,
'കുമ്പിളുമായിട്ടുനിന്നുകൊണ്ടെന്മകൻ—
കുമ്പിടെ' ന്നങ്ങുചൊല്ലീലേ! 29

പൂത്താലിചാർത്തിയതേന്മാവിൽക്കോകില—
മൊത്തൊരുനവ്യവസന്തം,
എത്തിക്കുണുണ്ടെ;നീകൈത്തണ്ടിലെന്നെയും
ചേർത്തൊരുപാട്ടുപാടീലേ? 30

ഇക്കിളിയിട്ടുനിൻദാമ്പത്യവാടിയിൽ
പൂക്കാലമെത്തിയമോദം,
ഉൾക്കൊണ്ടതിങ്കലോ;നിന്നുള്ളമെന്നെക്ക—
ണ്ടുകയിൽനാദംമുഴക്കി? 31

III

തോഴരുമായിട്ടുകേളിയിലങ്ങനെ
നാഴികഞ്ഞാഴംനയിക്കെ,
ചൂഴന്നവള്ളികൾക്കുള്ളിലൊളിഞ്ഞുനീ
വാഴുന്നതുണ്ടാ,യമന്ദം 32

തേനൊഴികൊണ്ടുചമച്ചിട്ടുംചിത്രങ്ങൾ—
തന്മധുരാകൃതികാണ്മാൻ,
നന്മകളാകിനപൈതങ്ങൾകേളികൾ—
ക്കുന്മുഖരായ്നിരന്നീടാൻ 33
(യുഗ്മകം)

ഹന്ത!പിതാക്കൾതൻഭാരംഭയങ്കരം!
സന്താനപാലനകാലം,
ശാന്തിതൻലോകത്തിലേയ്ക്കുതാനാമ്മുദ—
സ്വാന്തങ്ങൾപൂവിറുക്കേണം. 34

തേങ്കനിമാമ്പഴംവീഴുന്നകാലത്തു
സങ്കേതംതേടിട്ടുംഞങ്ങൾ,
പങ്കിട്ടുംകാര്യത്തിലുണ്ടൊരുമാധുരി
നിങ്കരവല്ലികളുപാരിൽ 35

ഊറുന്നസ്നേഹമാംതേനിൽക്കുഴച്ചു;തി—
ക്കുറെഴുംതാതർവിളമ്പും,
പാറക്ഷണവുംകൽക്കണ്ടമായല്ലീ—
മാറുന്നമക്കൾതൻമുമ്പിൽ? 36

ആമരക്കുട്ടവു,മൂയലുമാടലും
നീമറഞ്ഞെത്തുംവിധവും,
ഹാ!മുന്നിൽനില്പുകയാണിന്നുംതുമയിൽ
സീമയറാനന്ദംതുകി. 37

ആമോദത്തിന്റെവിരുന്നുവിളമ്പുവാൻ
വ്യോമത്തിൽനിന്നുംവിരവിൽ,
പൂമെയ്യണിഞ്ഞെഴുന്നള്ളി;പ്പിതാക്കൾക്കു
രോമാഞ്ചമേകുംകണികകൾ, 38

പാരിന്റെരംഗത്തിൽപ്പൈകേളിയാടുമ്പോഴും
നേരിട്ടുംസങ്കടംപോക്കാൻ,
പോരുംകരളുകൾ,തല്പിയകറുന്നു:
ചാരത്തണയുംദുശ്ശീലം 39
(യുഗ്മകം)

(തുടരും)

---

ങ്ങളുടെ താമസസ്ഥലത്തിന്റെ അതിരുവരെ അദ്ദേഹത്തെ അനുയാത്രചെയ്യ് അവിടെവച്ച് അദ്ദേഹം നിങ്ങളെ സന്ദർശിച്ചതിനു നന്ദിപറഞ്ഞു കൂപ്പുകൈയോടെ യാത്രയാക്കുകയാണ് വേണ്ടതു്.

അതിഥിയെ യാതൊരു കാര്യത്തിലും നിർബന്ധിക്കരുതു്. പോകാൻ തിടുക്കമുള്ളയാളിന്റെ യാത്ര നിർബന്ധിച്ചു മുടക്കരുതു്. ഭക്ഷണകാര്യത്തിലും നിർബന്ധം തെറ്റാണു്. ഇന്നതു ഭക്ഷിക്കണം ഇത്രമാത്രം ഭക്ഷിക്കണം എന്നു ശഠിക്കുന്നതു സ്നേഹംകൊണ്ടാണെന്നു നാം വിചാരിക്കുന്നതും തെറ്റാണു്. ഇക്കാര്യത്തിൽ അതിഥിയുടെ ഇഷ്ടാനിഷ്ടങ്ങൾ നിങ്ങൾ ആദരിക്കുകയാണു് വേണ്ടതു്.




(ബല്ലി രാജ്)

## പാദ്രേപിയോ

പഞ്ചക്ഷതവാനായ പാദ്രേപിയോയുടെ ആരോഗ്യനില ഇപ്പോഴും തികച്ചും തൃപ്തികരമാണ്. ദിവ്യബലി അർപ്പിക്കുന്നതിനും കമ്പസാരിപ്പിക്കുന്നതിനും മറ്റും അദ്ദേഹത്തിന് യാതൊരു പ്രയാസവുമില്ല. ശാസ്ത്രത്തിന്റെ മുന്നിൽ ഉത്തരംകിട്ടാത്ത ഒരു ചോദ്യച ഛരിഹ്നമായി പാദ്രേപീയോ ഇപ്പോഴും നിലകൊള്ളുന്നു. ദൈവാനുഗ്രഹത്തിന്റെ അത്ഭുത പ്രതിഭാസമായി കരുതപ്പെടുന്ന പാദ്രേപിയോയുടെ പഞ്ചക്ഷതങ്ങളിൽനിന്നുള്ള രക്തപ്രവാഹം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

## ലൂഥറൻ സമ്മേളനത്തിൽ കത്തോലിക്കാപ്രതിനിധികൾ

ലോകമെങ്ങുമുള്ള ലൂഥറൻ സഭാംഗങ്ങളെ പ്രതിനിധീകരിക്കുന്ന വേൾഡ് ലൂഥറൻ ഫെഡറേഷന്റെ നാലാമത്തെ സമ്മേളനത്തിലേയ്ക്ക് വത്തിക്കാനിൽനിന്നും മൂന്നു നിരീക്ഷകരെ അയയ്ക്കുകയുണ്ടായി. ഇത്തരം സമ്മേളനത്തിലേയ്ക്ക് കത്തോലിക്കാ പ്രതിനിധികളെ അയയ്ക്കുക സാധാരണമല്ല. വത്തിക്കാൻ സൂനഹദോസിന്റെ സ്പിരിറ്റാണ് ഈ നടപടിക്കു പ്രചോദനം നൽകിയതു്. മറ്റു ക്രൈസ്തവസഭകളുമായി ബന്ധം പുലർത്തുവാനുള്ള വത്തിക്കാന്റെ തീഷ്ണമായ അഭിലാഷപ്രകടനമായി ഈ നടപടിയേയും നിരീക്ഷകർ കരുതുന്നു. 36 രാജ്യങ്ങളെ പ്രതിനിധീകരിച്ച് ഈ സമ്മേളനത്തിൽ എത്തിയ പ്രതിനിധികളെ സമ്മേളനസ്ഥലമായ ഹെൻസിങ്കിയിൽവച്ച ഫിൻലാന്റു പ്രസിഡണ്ട് സ്വീകരിക്കുകയുണ്ടായി.

## ഹങ്കറിയിൽ ഒരു സ്മാരകം

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സ്മാരകമായി ബുഡാകലാസ് എന്ന സ്ഥലത്തു് ഒരു ദേവാലയം നിർമ്മിക്കുവാൻ ഹങ്കറിയിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റ് അനുവദിച്ചിരിക്കുന്നു.

## ബിഷപ്പ് സോയ്ഗി

ബിഷപ്പ് സോയ്ഗി ജാപ്രനാതാ 66–ാമത്തെ വയസ്സിൽ ദിവംഗതനായിരിക്കുന്നു. ഒരു മുസ്ലീമായി ജനിച്ച ഇദ്ദേഹം 14–ാമത്തെ വയസ്സിലാണ് മതപരിവർത്തനം ചെയ്തതു്. 35–ാമത്തെ വയസ്സിൽ ഇദ്ദേഹം ഒരു വൈദികനായിത്തീർന്നു. 44–ാമത്തെ വയസ്സിൽ ആർച്ച്ബിഷപ്പായി. ഇന്റോനേഷ്യാക്കാരനായ ആദ്യത്തെ ബിഷപ്പും സോയ്ഗി ജാപ്രനാതാ ആയിരുന്നു. ഇന്റോനേഷ്യയുടെ സ്വാതന്ത്ര്യസമരത്തിൽ ധീരമായി പങ്കെടുത്ത ഇദ്ദേഹം ഇന്റോനേഷ്യൻ പ്രസിഡന്റു് സുക്കാർണ്ണോയുടെ ഒരു ഉറ്റമിത്രമായിരുന്നു.

## മോസ്ക്കോയിലെ ക്രിസ്തുമതം


മോസ്ക്കോയിലെ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ ജൂബിലിആഘോഷങ്ങളിൽ സംബന്ധിക്കുന്നതിനായിപ്പോയ വത്തിക്കാൻ പ്രതിനിധിസംഘം നേതാവായ ബിഷപ്പ് ചാരിയർ, മോസ്ക്കോയിലെ അദ്ദേഹത്തിന്റെ അനുഭവങ്ങളിൽ തികച്ചും തൃപ്തനാണെന്നു് അദ്ദേഹത്തിന്റെ പ്രസ്താവനകളും വ്യക്തമാക്കുന്നു. ധാർമ്മികരംഗത്തു് പ്രശംസനീയമായ ഒരന്തരീക്ഷം ഇന്നു കമ്യൂണിസ്റ്റു റഷ്യയിൽ കാണുന്നുണ്ടെന്നും, ക്രിസ്തുമതത്തിന്റെ ഒരു പുനരുദ്ധാനലക്ഷണങ്ങളും താൻ അവിടെ ദർശിച്ചുവെന്നും, മതഭക്തിയും ദൈവികചിന്തയും റഷ്യൻ ഓർത്തഡോക്സ് സഭാംഗങ്ങളിൽ ശക്തിപ്പെട്ടുവരുന്നുണ്ടെന്നും, സ്നേഹനിർഭരമായ ഒരു സ്വീകരണമാണു് തനിക്കു് മോസ്ക്കോയിൽ ലഭിച്ചതെന്നും ബിഷപ്പ് ചാരിയർ പ്രസ്താവിക്കുന്നു. റോമൻ കത്തോലിക്കാസഭയും റഷ്യൻ ഓർത്തഡോക്സു് സഭയും തമ്മിൽ ഒരു നല്ല ബന്ധവും ധാരണയും ഇന്നു വളർന്നുവരുന്നുണ്ടെന്നു് അദ്ദേഹം വ്യക്തമാക്കുന്നു.

## സിലോൺ കത്തോലിക്കരെ പീഡിപ്പിക്കുന്നു

ദക്ഷിണവിയറ്റ്നാമിലെ ബുദ്ധമതാനുയായികളും നേരിടേണ്ടിവന്നിരിക്കുന്ന വൈഷമ്യങ്ങളുടെ പേരുംപറഞ്ഞു് സിലോണിലെ സിരിമാവോ ഭരണകൂടം കത്തോലിക്കർക്കെതിരായി പുതിയ നടപടികളും ആരംഭിച്ചിരിക്കുന്നു. എന്നാൽ സിലോണിലെ കത്തോലിക്കാവിരുദ്ധതയ്ക്കും വിയറ്റ്നാം സംഭവത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ളതാണു് സത്യം. എന്തുകൊണ്ടെന്നാൽ ദക്ഷിണവിയറ്റ്നാം സംഭവങ്ങളുണ്ടാകുന്നതിനു മുൻപുതന്നെ അതായതു് 1960, 61–ൽ തുടങ്ങിയതാണു് സിലോണിലെ കത്തോലിക്കാ സംഹാരനടപടികളും. ഈ കാലയളവിൽ കത്തോലിക്കരുടെ വകയായി സിലോണിൽ ഉണ്ടായിരുന്ന 700 വിദ്യാലയങ്ങളിൽ 42 എണ്ണം ഒഴിച്ചു് ബാക്കിയുള്ളവ ഗവണ്മെന്റ് കൈവശപ്പെടുത്തി മിഷനറിമാർക്കു് പാസ്പോർട്ടുകളും നിഷേധിക്കുകയും അവരുടെ പ്രവർത്തനങ്ങളും നിശ്ചലമാക്കുകയും ചെയ്തു. ഭരണരംഗത്തു് കത്തോലിക്കർക്കെതിരായി വിവേചന നടപടികളും സ്വീകരിച്ചു. പ്രൈവറ്റു കമ്പനികളിൽപ്പോലും കത്തോലിക്കരോടുള്ള വിവേചനം പ്രത്യക്ഷമായിരുന്നു. മറ്റു നേഴ്സുകളും ഇല്ലാതിരുന്ന ആശുപത്രികളിൽപ്പോലും നേഴ്സിംഗ് സിസ്റ്റേഴ്സിനെ പുറത്താക്കി. ഇതെല്ലാം 1960, 61–ൽത്തന്നെ സിലോൺ ഗവണ്മെന്റ് സ്വീകരിച്ചുതുടങ്ങിയ നടപടികളായതുകൊണ്ടു് ഇപ്പോഴത്തെ പുതിയ നീക്കങ്ങളും വിയറ്റ്നാം സംഭവങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ അർത്ഥമില്ല. ദക്ഷിണവിയറ്റ്നാം പ്രസിഡണ്ടു് കത്തോലിക്കനായിപ്പോയതുകൊണ്ടു് ആ മനുഷ്യൻ ചെയ്യുന്ന നടപടികൾക്കുള്ള ഉത്തരവാദിത്വം കത്തോലിക്ക സമുദായത്തിന്റെമേൽ ചുമത്തുകയെന്നുള്ളതു് നീതീകരിക്കാവുന്നതുമല്ല.

## വിയറ്റ്നാംസംഭവത്തിൽ വത്തിക്കാന്റെ ഉത്കണ്ഠ

ദക്ഷിണവിയറ്റ്നാം സംഭവങ്ങളിൽ വത്തിക്കാൻ ഉത്കണ്ഠ രേഖപ്പെടുത്തിയിരിക്കുന്നു. ''എല്ലാവിധ ജനമർദ്ദനങ്ങളേയും കത്തോലിക്കാസഭ എതിർക്കുന്നു''വെന്നു് ഒരു വത്തിക്കാൻ കേന്ദ്രം പ്രസ്താവിക്കുകയുണ്ടായി.




# വനിതാ പംക്തി

## പുലരി വരുന്നു.

(Rosakutty Kappen)

പുലരിവരുന്നു പുലരിവരുന്നു,
പുളകംപകരുംപുലരിവരുന്നു.
പകലിൻകവിതകം പാടിയുണർത്താൻ
പകലവനെത്തും പുലരിവരുന്നു.
പൊൻപ്രഭയേറ്റതെളിഞ്ഞുതിളങ്ങി
പരിമളമോലും സുമലതയെങ്ങും.
പുഞ്ചിരിതൂകുംമലരുകളെല്ലാം
പുതിയൊരുതാളമടിച്ചുതുടങ്ങി. പുലരി——.

ഉണരുകനാടേ, ഉണരുകനാടേ.
ഉണരുകസുന്ദര കേരളനാടേ.
ഉലകിനുശാന്തി പകർന്നുകൊടുക്കാൻ
ഉണരുകവേഗം, പുലരിവരുന്നു.
ഉഷസ്സിൻവെള്ളിയുടുപ്പുമണിഞ്ഞു
ഉപവനമെല്ലാം സുന്ദരമായി.
ഉയരുകയായ്നവമംഗളഗാനം
ഉതിരുകയായ്പുതുകുസുമഗണങ്ങളും. പുലരി——.

കളകളനാദമുയർത്തിസമോദം
കിളികുലപാട്ടും പുലരിവരുന്നു.
കഥയറിയാതെ കരളിലുറങ്ങിയ
കലയുടെ ഭാവന ചിറകുവിടർത്തി.
കടലമ്മയ്ക്കൊരുപുംബന്ധനമരുളാൻ
കളിരുംകൊണ്ടൊരു കാറ്റുവരുന്നു.
കുട്ടിയുടുപ്പുധരിച്ചുശരീരകം
കൈകളുയർത്തുന്നീശനെവാഴ്ത്താൻ—— പുലരി——

വിണ്ണിൻമണിരഥമേറിവരുന്നൊരു
വെള്ളിവിളക്കുതെളിഞ്ഞുകഴിഞ്ഞു.
വാനവരാജനസ്വാഗതമരുളാൻ
വസുമതിമോഹനവേഷമണിഞ്ഞു.
വെൺമേഘത്തിരനിരകംകടന്നു
വിജയത്തിൻനവകാഹളമുതി
വാനമ്പാടികളം നാഥനെവാഴ്ത്തും
വിമലമനോഹരപുലരിവരുന്നു. പുലരി——

## പരീക്ഷയിൽ ജയം ജീവിതത്തിൽ പരാജയം.

(പി. ഏ. തങ്കമ്മ)

എ. കെ. സി. സി. ബുള്ളറിൻ ഒരു വനിതാ പംക്തി കൂടി തുറന്നതിൽ വളരെയധികം സന്തോഷമുണ്ട്. ആ പംക്തിയിൽ വനിതകളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടുള്ള രാജമ്മയുടെ ഉൽബോധനം എന്നെ വളരെയധികം ആകർഷിച്ചു. വനിതാപംക്തിയിലേയ്ക്ക് ഒരു ലേഖനമെഴുതണമെന്നതന്നെ ഞാൻ നിശ്ചയിക്കുകയും ചെയ്തു. അതു് ഇന്നത്തെ പരിഷ്കൃത വനിതകളുടെ ജീവിതത്തെക്കുറിച്ചു തന്നെയാകട്ടെയെന്നും കരുതി.

വിദ്യാഭ്യാസരംഗത്തു് നമ്മളം പിന്നോക്കംനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. പരിഷ്കൃതരീതിയിലുള്ള വിദ്യാഭ്യാസം സ്ത്രീകൾക്കും യോജിച്ചതല്ലെന്നുപോലുമുള്ള ഒരന്ധവിശ്വാസം പലരിലുമുണ്ടായിരുന്നു. ആ പഴയ അന്തരീക്ഷം പാടേ മാറിയിരിക്കുന്നു. ഇന്നു വിദ്യാഭ്യാസരംഗത്തു് പുരുഷന്മാരോടൊപ്പംതന്നെ സ്ത്രീകൾക്കും തുല്യപദവി അനുപേക്ഷണിയമാണെന്നകാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അഭ്യസനരംഗത്തു് പ്രശംസനീയമായ കഴിവുകൾ നാം പ്രകടിപ്പിക്കുന്നുമുണ്ടു്. പരീക്ഷകളിൽ അഭിമാനാർഹമായ വിജയം കരസമാക്കുന്നുമുണ്ടു്.

എന്നാൽ ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ മായാജാ

## കത്തോലിക്കരോടല്ല ഗവർമ്മെൻറിനോടാണെതിർപ്പ്

ഗവമ്മെൻറിന്റെ തെറ്റായ നടപടികളെയാണു് തങ്ങളെ തിർക്കുന്നതെന്നും, കത്തോലിക്കരോടു തങ്ങൾക്കൊരു പകയുമില്ലെന്നും ദക്ഷിണവിയറ്റ്നാമിലെ ബുദ്ധമതകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. ഗവമ്മെൻറിനെതിരായി ദക്ഷിണവിയറ്റ്നാമിൽ നടക്കുന്ന പ്രക്ഷോഭണങ്ങളുടെ പുറകിൽ പ്രവർത്തിക്കുന്ന ശക്തി കമ്മൂണിസ്റ്റംപാർട്ടിയാണെന്നു് മറെറാരു കേന്ദ്രം വെളിപ്പെടുത്തുന്നു.

## തൈക്കൽ പ്രശ്നം

ചേർത്തലയ്ക്കു സമീപമുള്ള തൈക്കൽപള്ളി സിമിത്തേരിയിൽ ശവസംസ്കാരം നടത്തുന്നതിനെ എന്തു വിലകൊടുത്തും എതിർക്കുവാൻ അവിടെ ഒരുവിഭാഗം കമ്മൂണിസ്റ്റുകളും മറ്റും വീണ്ടും തയാറായി വരുന്നതായി സ്ഥലത്തു് ഒരു വാർത്ത പടർന്നുപിടിച്ചിട്ടുണ്ടു്. അവിടത്തെ കത്തോലിക്കർ തികച്ചും സംഭീതരായാണു കഴിഞ്ഞുകൂടുന്നതു്.

ലങ്ങളിൽ മനംമയങ്ങി, ഒരു തരം ഉപരിപ്ലവ ചിന്തകളുമായി, ജീവിതത്തിന്റെ വ്യാപ്തിയും, അർത്ഥവും, ലക്ഷ്യവും മനസ്സിലാക്കുവാൻ സാധിക്കാതെ ഇന്നത്തെ വനിതകളധികവും ഒരു മൂഢലോകത്തിൽ സഞ്ചരിക്കുകയാണെന്നു് സൂക്ഷ്മനിരീക്ഷകർക്കു ബോധ്യമാകും.

പ്രശാന്തങ്ങളായ ഗ്രാമങ്ങളുടെ കന്മഷം കലരാത്ത അന്തരീക്ഷത്തിൽ, കൊച്ചു കുടിലുകളിൽ ദുഃഖവും സന്തോഷവുമായി, അജ്ഞാനവും അർദ്ധപ്പട്ടിണിയുമായി ജീവിക്കുന്ന ഗ്രാമങ്ങളിലെ മാടപ്രാവുകളായ വനിതകളിലല്ല, പട്ടണത്തിന്റെ നിറപ്പകിട്ടിൽ, അല്ലെങ്കിൽ പരീക്ഷാവിജയങ്ങളുടെ പ്രാമാണ്യതയിൽ, ധിക്കാരവും ഗർവ്വും നിറഞ്ഞ മാനസികാവസ്ഥയോടുകൂടി ജീവിതത്തിന്റെ തെരുവീഥിയിലിറങ്ങി പരക്കം പായുന്ന പരിഷ്കൃത വനിതകളിലാണു് തികച്ചും കപടത നിറഞ്ഞ ഒരു ജീവിതവീക്ഷണം ഇന്നു കൂടുതലായിക്കാണുന്നതു്. ചില പരീക്ഷകളിൽ വിജയിച്ചാൽ, ചില ഡിഗ്രികൾ സമ്പാദിച്ചാൽ, പിന്നീടീലോകത്തെപ്പറ്റിയൊന്നും മനസ്സിലാക്കുവാനില്ലെന്ന രീതിയിലാണു് നമ്മളിൽ പലരുടേയും പോക്കു്. എന്നാൽ ചില പരീക്ഷകളുടെ അതിർത്തിയിൽമാത്രം ഒതുങ്ങിനില്ക്കുന്ന അറിവു് എത്രമാത്രം ശ്രേഷ്ഠിച്ചതാണെന്നുള്ള കാര്യം നമ്മളിൽപ്പലരും ചിന്തിക്കാറേയില്ല. മാത്രമല്ല, വ്യക്തിയേയും, കുടുംബത്തേയും, സമൂഹത്തേയും സംബന്ധിച്ച കാര്യങ്ങളിൽ, ഓരോ രംഗങ്ങളിലും സ്ത്രീകളുടെ പ്രാധാന്യത്തേയും പ്രാധാന്യക്കുറവിനേയും സംബന്ധിച്ചു് കാര്യമായ ഒരു ജ്ഞാനവും, സ്ത്രീസഹജമായ സവിശേഷതകളെയെടുത്തിസ്ഥാനത്തിൽ നമ്മുടെ ആധുനിക വിദ്യാഭ്യാസമേഖലകളിൽ നിന്നു ലഭിക്കുന്നില്ലെന്നുള്ളതാണു് സത്യം.

ചരിത്രമോ, സയൻസോ പഠിച്ചു ബിരുദം സമ്പാദിക്കുന്ന ഒരാധുനിക വനിതയുടെ പരമപ്രധാനമായ ഉന്നം ഒരു ഉദ്യോഗമാണു്. നാം ജീവിക്കുന്ന വ്യവസ്ഥിതിയിലെ സാമൂഹ്യമായ വിവിധ പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുമ്പോഴും അത്തരം ഒരുദ്യോഗലക്ഷ്യം അനാവശ്യമാണെന്നു പറയുവാൻ സാദ്ധ്യമല്ല. എന്നാൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരെ ഒരുദ്യോഗസ്ഥയെ മറ്റേതെങ്കിലും രംഗത്തു സേവനമനുഷ്ഠിക്കുന്നവളോ ആരുമായിക്കൊള്ളട്ടെ, സ്ത്രീയുടെ യഥാർത്ഥ മഹത്വം ചൈതന്യവത്തായിത്തീരേണ്ടതു് അവളുടെ കുടുംബത്തിലാണെന്ന വസ്തുതനാം വിസ്മരിച്ചുകൂടാ. മാതൃത്വം എന്ന മഹനീയപദവി സ്ത്രീയ്ക്കു നൽകി അനുഗ്രഹിച്ച സൃഷ്ടികർത്താവു് വാസ്തവത്തിൽ പുരുഷനിൽനിന്നും തികച്ചും വ്യത്യസ്ഥമായ ചില സവിശേഷതകളും സ്ത്രീ സ്വഭാവത്തിൽ വരുത്തിയിട്ടുണ്ടു്. സ്ത്രീകളുടെ യഥാർത്ഥ മഹത്വം പ്രകടമാക്കുന്ന കുടുംബജീവിതത്തെ സംബന്ധിച്ചിടത്തോളം ആധുനികവനിതകൾ പലപ്പോഴും ഒരു പരാജയമനസ്ഥിതിക്കാരായി കാണാറുണ്ടു്. ഉന്നതവിദ്യാഭ്യാസയോഗ്യതകളുള്ളവരിലും ഈ പരാജയമനസ്ഥിതി കാണാം. ഇതിന്റെ കാരണമെന്താണെന്നന്വേഷിക്കുമ്പോഴും പ്രധാനമായും കണ്ടെത്തുന്ന കാരണം ജീവിതത്തെക്കുറിച്ചുള്ള വിവരമില്ലായ്മയാണു്. ഒരു നല്ല മാതാവും, ഭാര്യയും കുടുംബനാഥയുമാകുവാനുള്ള പരിശീലനം നമ്മുടെ വിദ്യാഭ്യാസരംഗത്തുനിന്നു ലഭിക്കുന്നില്ലെന്നുള്ളതു് വിദ്യാസമ്പന്നകളായ വനിതകളെ സംബന്ധിച്ചിടത്തോളം ഒരു വലിയ തകരാറാണു്. തന്നിമിത്തമാനസികമായ സമാധാനവും സന്തോഷവും ജീവിതത്തിലനുഭവിക്കുവാൻസാധിക്കാതെ ഒരുതരം അരസികമായ ജീവിതത്തിനു് പലരും വിധേയരാകുന്നു. ഇതിൽനിന്നു് മോചനം നേടണമെങ്കിൽ നമ്മൾ ജീവിതത്തെക്കുറിച്ചു് സ്പഷ്ടമായ ധാരണകളും ലക്ഷ്യങ്ങളുമുള്ളവരായിത്തീരണം.

വിദ്യാഭ്യാസയോഗ്യതയുടേയോ, ഉദ്യോഗത്തിന്റെയോ പ്രഭയിൽ സ്ത്രീകൾക്കു് അവശ്യമായ ശാലീനതയും പക്വതയും അനുസരണവും നശിക്കുവാനിടയാകാതിരിക്കുവാൻ നാം ശ്രദ്ധിക്കുകതന്നെ വേണം. ഒരു ഭാര്യയെന്നുള്ള നിലയിൽ ഭർത്താവിനോടും, ഒരു മാതാവെന്നുള്ള നിലയിൽ മക്കളോടും, കുടുംബനാഥയെന്നുള്ളനിലയിൽ കുടുംബത്തോടും ഉണ്ടായിരിക്കേണ്ട വ്യക്തമായ കടപ്പാടുകൾ നമ്മുടെ ജീവിതത്തെ നയിക്കുവാനിടയാകണം. ഒരമ്മയുടെ ആനന്ദം നൽകുവാൻ കഴിവില്ലാത്ത അമ്മമാരും, ഒരു ഭാര്യയുടെ ബാദ്ധ്യതകൾ നിറവേറ്റുവാൻ കഴിവില്ലാത്ത ഭാര്യമാരും, ഒരു കുടുംബത്തിന്റെ ദ്രോത കാത്തുസൂക്ഷിക്കുവാൻ തെല്ലില്ലാത്ത കുടുംബനാഥകളും, അവർ എത്രതന്നെ വിദ്യാസമ്പന്നകളായാലും ജീവിതത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ പരാജയമായിരിക്കും. ആ പരാജയത്തിനു കാരണക്കാർ അവരവർ തന്നെയായിരിക്കുകയും ചെയ്യും. ഇങ്ങനെ വിദ്യാഭ്യാസരംഗത്തെ പരീക്ഷകളിൽ വിജയിക്കുകയും, ജീവിതരംഗത്തെ പരീക്ഷകളിൽ പരാജയപ്പെടുകയും ചെയ്യുന്ന സ്ത്രീകൾ നമ്മുടെയിടയിൽ സുലഭമാണു്. ജീവിതരംഗത്തു് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ നേരിടുവാൻതക്കവിധം നാം സ്വയം തയാറാവുകയും, സ്ത്രീകളെന്ന നിലയിലുള്ള നമ്മുടെ കർത്തവ്യങ്ങൾ ഉത്തരവാദിത്വബോധത്തോടുകൂടി നിർവഹിക്കുവാൻ പരിശീലിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ഭാവി തീർത്തും ഒരു പരാജയമായിരിയ്ക്കും. അതിനാൽ വിജയത്തിന്റെ വഴികൾ കണ്ടെത്തുവാനും, അവയിലൂടെ മുന്നോട്ടു പോകുവാനും നമുക്കു ശ്രമിക്കാം.


എല്ലാവിധ ആയുർവ്വേദഔഷധങ്ങൾക്കും

വയസ്കര

ആര്യവിലാസം ഔഷധശാല

എം. സി. റോഡ് കോട്ടയ, കേരളാ സ്റ്റേറ്റ്

(1921—ൽ സ്ഥാപിതം)


# ക. കോ. കൊടിക്കീഴിൽ അണിനിരക്കുവിൻ.

(Fr. J. C. Kalayil)

സാമൂഹ്യജീവിയായ മനുഷ്യൻ നവംനവങ്ങളായ പ്രശ്നങ്ങളിലൂടെ പരിഷ്കാരത്തിന്റെ വേലിയേറ്റത്തിൽ ഇളകിമറിയുന്ന ഒരു കാലഘട്ടത്തിലാണു് നാമിന്നു ജീവിക്കുക. ലോകത്തിനു നവജീവൻ പ്രദാനം ചെയ്തുകൊണ്ടു ശാസ്ത്രംപുരോഗമിക്കുന്നവസ്തുത നമുക്കുമറക്കുവാനോമറയ്ക്കുവാനോ സാധ്യമല്ല. സ്വതന്ത്ര ചിന്തകനും ബുദ്ധിമാനുമായ മനുഷ്യനിന്നു ആഴിപ്പരപ്പിൽ മത്സ്യത്തെപ്പോലെ നീന്തിക്കളിക്കുവാനും ആകാശദേശത്തു പക്ഷിയെപ്പോലെ പാടിപ്പറക്കുവാനും സാധ്യമാണു്. പോരെങ്കിൽ, ചന്ദ്രനിലേക്കുള്ള മനുഷ്യപ്രവാഹവും. അങ്ങനെ, പച്ച പ്പരിഷ്കാരത്തിന്റെ നിറകുടമായിരിക്കുകയാണു് ഇരുപതാം നൂറ്റാണ്ടു്. ലോകചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ ആ ലേഖനം ചെയ്യപ്പെടുകഴിഞ്ഞ പൊൻപുലരികൾക്കുള്ളിൽക്കൂടെ മനുഷ്യ ജനതതി എന്നാൽ, ഇന്നും അസ്സ

---

രാജമ്മയുടെ കുറിപ്പു്:—

കഴിഞ്ഞ ലക്കം ബുള്ളറ്റിനിലെ വനിതാപംക്തിയിൽ ചേർത്തിരുന്ന എന്റെ അഭ്യർത്ഥന കുറേയൊക്കെ ഫലിച്ചുകാണുന്നതിൽ എനിക്കു സന്തോഷമുണ്ടു്. വനിതാപംക്തിയിലേയ്ക്കു് പല വനിതകളും ലേഖനങ്ങളുംമറ്റും അയച്ചതായറിയുന്നു. എന്നാൽ സംഘടനാബലവലിൽ എന്തെങ്കിലും ചലനമുണ്ടായതായറിവില്ല. അക്കാര്യത്തിൽ നമ്മൾ കൂടുതൽ ശ്രദ്ധിയ്ക്കുകതന്നെ വേണം.

മാധാനത്തിലും അവിശ്വാസത്തിലും, കൂടികൊള്ളുകയാണെന്നു പറഞ്ഞാൽ അതു ഹൃദയമുള്ളവർ സ:ശിരകമ്പം സമ്മതിക്കുക തന്നെ ചെയ്യും.

സ്വതന്ത്രഭാരതം അവളുടെ സ്വാതന്ത്ര്യചരിത്രത്തിൽ ഇതുയേറെ നൂലാമാലകളും പിടിച്ച പ്രശ്നങ്ങളഭിമുഖീകരിച്ചപോലെ ഇതിനു മുമ്പ് ഒരിക്കലും ദർശിച്ചിട്ടില്ലെന്നുള്ളതു് ഒരുവാസ്തവം മാത്രമാണ്. രാഷ്ട്രീയം, മതപരം, ദേശീയം, അന്തർദ്ദേശീയം തുടങ്ങിയ കാര്യങ്ങളിൽ ഇന്നവയും ഒരു പരിവർത്തന ഘട്ടത്തിലൂടെ തന്നെ തരണംചെയ്യുകയാണ്. ലോകമോ എന്നാൽ, അതിനു ദുഷ്സാക്ഷിയും ഭാരതചരിത്രം ഇപ്രകാരമെങ്കിൽ ഭാരതമാതാവിന്റെ കൊച്ചുപുത്രിയായ കേരളത്തിന്റെ സ്ഥിതി എന്താണ്. ഹൃദയമുള്ളവരെ കരയിപ്പിക്കുവാനും വികാരമുള്ളവരെ കോരിത്തരിപ്പിക്കുവാനും ഉതകുന്ന ഒന്നല്ലേ അവളുടെ ചരിത്രം. മതത്തിന്റെ പേരിൽ രാഷ്ട്രീയത്തിന്റെ നീക്കത്തിൽ, ജാതിയുടെ നിരത്തിൽ, സംഘടനകളുടെ വൈവിധ്യത്തിൽ, പോരാമനുഷ്യവ്യക്തിയുടെ മനുഷ്യത്വത്തിന്റെ പേരിൽ ഇന്നു കേരളത്തിൽ എന്താണു നടമാടുക.

കേരളകത്തോലിക്ക സഭയ്ക്കുതിരുസഭയോടും പഴക്കമുണ്ട്. അന്ധകാരത്തിലും അവിശ്വാസത്തിലും ആണ്ടുകിടന്നിരുന്ന അന്നത്തേപേഗൽ കേരളത്തിനു സത്യവിശ്വാസത്തിന്റെ പൊൻപ്രഭാവീശുവാൻ സ്നേഹത്തിന്റെ സന്ദേഹവും ത്യാഗത്തിന്റെ കൈത്തിരിയുമായി കടലും കരയും കവച്ചുവെച്ച ഭാരതാപ്പസ്തോലനായ തോമ്മാശ്ലീഹാ കേരളത്തിൽ വന്നാണല്ലോ കേരളകത്തോലിക്കാസഭയ്ക്കു വിത്തുപാകിയതു്. അങ്ങനെ ക്രിസ്തുവർഷം 52—ൽ മുളച്ചസഭ നൂറ്റാണ്ടുകളും പിന്നിട്ടു് കെട്ടിലും മട്ടിലും ഉയർന്ന് കേരളത്തിന്റെ ഹൃദയം സത്യ വിശ്വാസത്തിന്റെ പ്രഭയാൽ പരിപൂരിതമായി, അനേകർ അതിന്റെ പ്രകാശത്തിൽ നേർവഴിയെ യാത്രയും തുടങ്ങി. പക്ഷേ, ഇന്നും കേരളം തികച്ചും ഒരു കത്തോലിക്കരാജ്യമായോ?

കേരളകത്തോലിക്കസഭയെപ്പറ്റി ചിന്തിക്കുമ്പോൾ ഹൃദയം വേദനിക്കാതെ തരമില്ല. കാരണം, അത്രമാത്രം ഘോരയാതനകളാണ് അവൾ അനുഭവിക്കേണ്ടിവന്നിട്ടുള്ളതും വന്നുകൊണ്ടിരിക്കുന്നതും. ഹിന്ദുമതം, ഇസ്ലാംമതം, തുടങ്ങിയമതവിഭാഗങ്ങൾ കേരളത്തിൽ ഇടതൂർന്നു വളർന്നെങ്കിലും യാതനയും വേദനയും അനുഭവിച്ചതും അനുഭവിക്കേണ്ടതും ക്രിസ്തുമതത്തിനുതന്നെ. അതിൽ സംശയത്തിനു വഴിയില്ല. പോരെങ്കിൽ, ക്രിസ്തുമതത്തിലെ നിരവധി വിഭാഗങ്ങളും അങ്ങനെയാതനയുടെ ഒരു പര്യായമായിത്തീർന്നിരിക്കുകയാണ് കേരളകത്തോലിക്കസഭ ഇന്നും.

കേരളത്തിലെ വിവിധ മതങ്ങളുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം ഒരു വസ്തുത വെളിവാകും. അതായതു്, ഓരോ വിഭാഗത്തിനും ഒരോ സംഘടന, പരോക്ഷത്തിലല്ല, പ്രത്യക്ഷത്തിൽ പ്രവർത്തിക്കുന്നു ജീവനുള്ള ഒരു സംഘടിത സംഘടന ഉണ്ടെന്നു്. അതാണ് ഓരോ വിഭാഗത്തിന്റെ വിജയരഹസ്യവും. എസ്. എൻ. ഡി. പി., എൻ. എസ്. എസ് മുസ്ലിംലീഗ് എന്നിവ പ്രസ്തുതത്തിൽ പ്രഖ്യാപിതങ്ങളും തന്നെ. ഇവയെപ്പറ്റിവിവരിക്കേണ്ട ആവശ്യമില്ല. കാരണം, കേരളത്തിലെ തിരിച്ചറിവുള്ള ഓരോവ്യക്തിക്കും ഇവ എന്താണെന്നും എന്തിനാണെന്നും വ്യക്തമായി അറിയാം. കണ്ണുണ്ടായാൽ മാത്രംപോരാ. കാണുകയും വേണം എന്നാൽ കേരളകത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഒരു സംഘടിതസംഘടനയില്ലേ? ഉത്തരം പറയേണ്ടതു് കേരളകത്തോലിക്കൻ എന്നഭിമാനിക്കുന്ന ഓരോ കത്തോലിക്കപുരുഷനും സ്ത്രീയുമാണ്.

കേരളകത്തോലിക്കർക്കും ഒരു സംഘടനയുണ്ടെന്നു അധികം ഉച്ചത്തിലല്ലെങ്കിലും പറയാം. അഖിലകേരളകത്തോലിക്കകോൺഗ്രസ്. (ഏ. കെ. സി. സി.) ഈ ഏ. കെ. സി. സി. യെ ഇന്നത്തെ സാഹചര്യത്തിൽ എൻ. എസ്. എസ്സിനോടോ എസ്. എൻ. ഡി. പി. യോടോ താരതമ്യപ്പെടുത്തുവാൻ ഒരൊറ്റ കത്തോലിക്കനെങ്കിലും ചങ്കൂറ്റമുണ്ടോ? ഇല്ലെങ്കിൽ, അതിന്റെ കാരണമെന്താണു്?

അഖിലകേരളകത്തോലിക്കകോൺഗ്രസ് രൂപം പ്രാപിച്ചിട്ട് സംവത്സരങ്ങളംതന്നെ കഴിഞ്ഞു, തിരുസ്സഭാചരിത്രത്തിൽ മായാമുദ്രയും പതിച്ചു. പക്ഷേ, എന്താണ് ഈ സംഘടന, എന്തിനായിട്ടാണ് ഇപ്രകാരമൊരു സംഘടന രൂപംകൊള്ളിച്ചിട്ടുള്ളതു് എന്നു പഠിക്കുവാനോ പഠിപ്പിക്കുവാനോ ചിന്തിപ്പിക്കുവാനോ വളരെയൊന്നും ആരും പണിപ്പെട്ടില്ല എന്നു പറഞ്ഞാൽ അതിലാക്കും പ്രതിഷേധം ഉണ്ടാകുമെന്നു തോന്നുന്നില്ല. ചിലസ്ഥലങ്ങളിൽ ശാഖകളും സ്ഥാപിച്ചു, അംഗങ്ങളെ ചേർത്തു, ഭാരവാഹികളെ തിരിരിഞ്ഞെടുത്തു, വരിസംഖ്യ കിട്ടിയതൊക്കെ ഈടാക്കി വർഷത്തിൽ ഒരിക്കൽ വാഷ്കവും നടത്തി. ഇതാണ് ഇന്നുവരെയുള്ള ചരിത്രത്തിന്റെ രത്നച്ചുരുക്കം.

ഇതുവരെ അഖിലകേരളകത്തോലക്കാകോൺഗ്രസ് ജീവനില്ലാതെ ജീവിച്ചെങ്കിൽ അതിന്റെ രഹസ്യമെന്തായിരിക്കാം? പ്രധാനമായി രണ്ടുമൂന്നുകാരണങ്ങളും ചൂണ്ടിക്കാണിക്കുവാൻ അധികം പ്രയാസപ്പെടേണ്ടിവരുകയില്ല. അതിൽ പ്രഥമവും പ്രധാനവുമായതു് കേരളത്തിലെ കത്തോലിക്കരുടെ ഇടയിലുള്ള തരംതിരിവുതന്നെ. തെക്കുംഭാഗർ, സൂറിയാനിക്കാർ, ലത്തീൻകാർ, തുടങ്ങിയ വകഭേദകങ്ങളും ഇന്നെത്തെ വിനയാണു വരുത്തിവയ്ക്കുന്നതു്. പ്രധാനഭാരവാഹികളും ഒരുപക്ഷേ മേല്പറഞ്ഞ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്നായിപ്പോയാൽ ഉടനെ സംഭവിക്കുന്നതെന്താണ്. പ്രത്യക്ഷത്തിൽ വിഭാഗവീര്യം അഥവാ 'പാർട്ടിസ്പിരിറ്റ്' തലപൊക്കും, അങ്ങനെ സംഘടനയിൽത്തന്നെ ആശയാക്യൈവും ഒരുമയുമില്ലാതെ, നാലും നാലുവിധമാകുമ്പോൾ അതു് ഒരു സംഘടന എന്ന പേരിനുപോലും അർഹമല്ലാതായിത്തീരുന്നു. ചുരുക്കത്തിൽ, മറ്റുള്ളവരുടെ കൺമുമ്പിൽ പ്രദർശിപ്പിക്കുവാൻ വേണ്ടിമാത്രം— ആട്ടിൻതോൽ ധരിച്ചചെന്നായുടെ കണക്കെ— ഒരു സംഘടനയുടെ പേരും പറഞ്ഞു മാന്യമായി എ. കെ. സി. സി.യെ ഉയർത്തിപ്പിടിക്കുകയാണുചെയ്തിരുന്നതു്.

ഉപരിചിന്തിക്കുമ്പോൾ മനസ്സിലാകുന്ന വസ്തുത, കത്തോലിക്കാകോൺഗ്രസ് അംഗങ്ങളുടെ സ്ഥിരോത്സാഹപ്രിയമാണ്. ലോകത്തിൽ ഇന്നുവരെയുണ്ടായിട്ടുള്ള സംഘടനകളും പ്രവർത്തിക്കുവാൻവേണ്ടി രൂപം കൊണ്ടിട്ടുള്ളവയാണ്. എന്നാൽ, എ. കെ. സി. സി. പ്രവർത്തിപ്പിക്കുവാൻ വേണ്ടിജനിച്ചിട്ടുള്ളതാണെന്നു പറയുന്നതായിരിക്കും ശരി. എല്ലാമതങ്ങളിലും സംഘടന രൂപംകൊണ്ടപ്പോഴും കേരളകത്തോലിക്കർക്കു മാത്രം ഒരു സംഘടനയില്ലെങ്കിൽ അതുഖേദകരമല്ലേ? തത്ഫലമായി, കണ്ടുമുട്ടിയ ആളുകളെക്കൊണ്ട് പേരും ഒപ്പും ചേർത്തു സൗകര്യമുള്ളസ്ഥലങ്ങളിലൊക്കെ സംഘടനയ്ക്കു രൂപം കൊടുത്തു. പക്ഷേ, വിശ്വാസമില്ലാത്ത പ്രവർത്തി മരിച്ചതാകുന്നു എന്നുള്ളതത്വം കുറിക്കുകൊണ്ട എ. കെ. സി. സി.യുടെ കാര്യത്തിൽ ഞായറാഴ്ച ക്രിസ്ത്യാനിയെന്നഭിമാനിക്കുന്ന പലരും പേരുകൊടുത്തതുതന്നെ മിച്ചം. കാരണം, പ്രവർത്തിക്കുവാൻ അവർക്കു സമയമില്ല. പോരെങ്കിൽ മനസ്സുമില്ല. ഒരുപക്ഷെ, പുറത്തിറങ്ങിപ്രവർത്തിക്കുമ്പോൾ താൻ ഒരു കത്തോലിക്കനാണ് എന്നുള്ളവിവരം മറ്റുള്ളവർ ഗ്രഹിച്ചേക്കുമെന്നുള്ള ഭയവും അതിലേറെ അഭിമാനവുംകൊണ്ടായിരിക്കും ഇത്തരക്കാർ പ്രവർത്തിയിൽ ഉത്സുകരായിരുന്നതു്.

മൂന്നാമതൊരു കാരണംകൂടി പറഞ്ഞാൽ, പ്രവർത്തിക്കുവാൻ അംഗങ്ങൾക്കു ഉത്തേജനം ഇന്നുവരെയും കിട്ടിയിരുന്നില്ല എന്നുള്ളതാണ്. ഭാരവാഹികളും വർഷാവർഷം തിരഞ്ഞെടുക്കപ്പെടുന്നുണ്ടെങ്കിലും ഒരു പക്ഷേ, വേണ്ടത്ര ജാഗരൂകത അവർ പ്രദർശിപ്പിച്ചിരുന്നില്ല. ഭാരം തോളിലേറിപ്പോയതുകൊണ്ട് ഇടയ്ക്കിടയ്ക്കിട്ടാൽ ലോകർ എന്തു വിധിക്കും, അതിനാൽ കാലാവധി തീരുംവരേയ്ക്കും എതുവിധേനയും തള്ളിക്കൊണ്ടുപോകണം ഇതായിരുന്നു ചിലരുടെ മനഃസ്ഥിതി എന്നു ചുഴിഞ്ഞാലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

എന്നാൽ, കത്തോലിക്കകോൺഗ്രസിന്റെ ഇന്നത്തെ സ്ഥിതി പഴയതിൽനിന്നു വളരെ മെച്ചപ്പെട്ടിട്ടുണ്ട് എന്നു് അഭിമാനത്തോടും സന്തോഷത്തോടും പറയുവാൻ കഴിയും. കാലം പുരോഗമിച്ചതോടൊപ്പം, ശാസ്ത്രം അഭിവൃദ്ധിപ്പെട്ടതോടൊപ്പം ഏ. കെ. സി. സി.യും കെട്ടിലും മട്ടിലും പുരോഗമിച്ചു. ഇന്നത്തെ പ്രവർത്തനങ്ങളും അഭിനന്ദനാർഹങ്ങളും തന്നെ.പു

# സംഘടനാകൗശലം

## കേന്ദ്രഗവർമെന്റിലെ ക്രിസ്ത്യൻവിവാഹ ബില്ലിനെപറ്റി പാർലമെന്റ സിലക്ക്റ്റ് കമ്മറ്റിമുമ്പാകെ മൊഴികൊടുക്കുന്നതിനു ഡൽഹിയിലേക്കു പോയ

## ശ്രീ ഇ.പി.വറുഗീസും, ഈ.എം.ജോസഫും സമർപ്പിക്കുന്ന റിപ്പോർട്ട്.

1963ജൂലായി 15—ാംനു ക്രിസ്ത്യൻ വിവാഹബില്ലിനെപ്പറ്റി തെളിവുകൊടുക്കുന്നതിനായി എ. കെ. സി. സി. പ്രതിനിധികളും ഡൽഹിയിൽ പാർലിമെന്റുമന്ദിരത്തിൽ ഹാജരാകണമെന്നു ലോകസഭാസെക്രട്ടറിയിൽ നിന്നും ലഭിച്ച കത്തനുസരിച്ചു ഞങ്ങളും 13—ാംനു കാലത്തു 10—15 മണിക്കു എറണാകുളത്തുനിന്നും വിമാനമാർഗ്ഗം ബോംബെക്കു തിരിച്ചു. ബോംബയിൽവച്ചു് അത്യന്നത കർദ്ദിനാളും ഗ്രാഷ്യസ് തിരുമേനിയെ സന്ദർശിക്കുന്നതിനു നേരത്തെ അനുമതി ആവശ്യപ്പെട്ടതിൽ തിരുമേനി യൂറോപ്പിലാകയാൽ വിവാഹബില്ലുസംബന്ധിച്ചു കമ്മറ്റിമുമ്പാകെ മൊഴികൊടുക്കുവാൻ പോകുന്ന ബോംബെ അതിരൂപതാചാൻസലർ മോൺ. നസ്രത്തുമായി സംസാരിക്കുന്നതു് നന്നായിരിക്കുമെന്നു അറിയിച്ചിരുന്നതിനാൽ ഞങ്ങളും വിമാനത്തിൽ നിന്നും ഇറങ്ങിയ ഉടനെ അതിരൂപതാമന്ദിരത്തിൽ എത്തി മോൺസിഞ്ഞോറുമായി സംസാരിച്ചു. കർദ്ദിനാളും തിരുമേനി ഇതുസംബന്ധിച്ചു കമ്മറ്റിക്കു ഏറ്റവും ഒടുവിൽ അയച്ച കത്തിന്റെ ഒരു പകർപ്പും മറ്റു ഇതു സംബന്ധിച്ച ചില രേഖകളും മോൺസിഞ്ഞോർ ഞങ്ങൾക്കു തരികയും ഡൽഹിയിൽ വച്ചു കൂട്ടുതൽ സൗകര്യപ്രദമായി സംസാരിക്കാമെന്നു പറയുകയും ചെയ്തുണ്ടായി.

ഞങ്ങൾ അന്നുതന്നെ വൈകിട്ടു 6 മണിക്കുള്ള വിമാനത്തിൽ ഡൽഹിക്കു തിരിച്ചു. ഞങ്ങളുടെകൂടെ കത്തോലിക്കാ ബാവാ തിരുമേനിയുടെ പ്രതിനിധികളിൽ ഒരാളായ അഡ്വക്കേറ്റു ശ്രീ എം. ഏബ്രാഹമും ഉണ്ടായിരുന്നു. അന്നു രാത്രിതന്നെ മാർത്തോമ്മാസഭയുടെ പ്രതിനിധിയായ അഡ്വക്കേറ്റു ശ്രീ കെ. ടി. തോമസും ഡൽഹിയിലെത്തി. ഞങ്ങൾ രണ്ടുപേരും 14—ാംനു ഞായറാഴ്ച രാവിലെ ഡൽഹികത്തീഡ്രൽദേവാലയത്തിൽ ദിവ്യബലിയിൽ സംബന്ധിച്ചശേഷം ഡൽഹി മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ചു വിവാഹബില്ലിനെപ്പറ്റി അല്പം സംസാരിച്ചു. അതിനുശേഷം 11 മണിയോടുകൂടി ഡൽഹി സഹായമെത്രാപ്പോലീത്താ തിരുമേനിയെ ഞങ്ങൾ സന്ദർശിച്ചു ബില്ലിനെപ്പറ്റി സാമാന്യം ദീർഘമായി ചർച്ച ചെയ്യുകയുണ്ടായി. ഈ അവസരത്തിൽ ശ്രീ കെ. ടി. തോമസും ഉണ്ടായിരുന്നു. കത്തോലിക്കകോൺഗ്രസിന്റെ മെമ്മോറാണ്ടത്തിന്റെ പ്രതികളും തിരുമേനിക്കു ഞങ്ങൾകൊടുക്കയുണ്ടായി. ഉച്ച കഴിഞ്ഞു് 2 മണിയോടുകൂടി National Christian Council സിക്രട്ടറി ശ്രീ കുരുവിള ജേക്കബ്, ഞങ്ങളും ശ്രീ കെ. ടി. തോമസും; എം. ഏബ്രഹാമും താമസിച്ചിരുന്ന ഹോട്ടലിൽ വന്നു ബില്ലിനെപറ്റി കുലംകഷമായി ചർച്ചചെയ്തുണ്ടായി. ക്രിസ്ത്യൻ പ്രതിനിധികളും ബില്ലിനു നിർദ്ദേശിക്കുന്ന ഭേദഗതികളും ബില്ലിനെപറ്റി സ്വീകരിക്കുന്ന നിലയും കഴിയുന്നതു ഐകരൂപ്യമുള്ളതാക്കുന്നതു നമ്മുടെ ഉദ്ദേശസാധ്യത്തിനു അത്യാവശ്യമാണെന്നു തോന്നുകയാൽ ഇതിലേക്കായി ശ്രീമതി രാജകുമാരി അമൃതകോർ എം. പി. യുടെ ആഗ്രഹമനുസരിച്ചു് കൂടിയാലോചനക്കായി ഞങ്ങളെല്ലാവരും വൈകിട്ടു 6മണിക്കു അവരുടെ വസതിയിൽ എ

---

തിയ കർമ്മപരിപാടികളും ആസൂത്രണം ചെയ്തുകൊണ്ടു് മന്ദീഭവിച്ചുകിടന്ന സംഘടനയെ അതിജീവിപ്പിക്കുവാൻ, നാമമാത്രമായിക്കഴിഞ്ഞുകൂടിയിരുന്ന കോൺഗ്രസിനു പുതിയ രൂപം കൊടുത്തു തല പൊക്കിക്കുവാൻ, എല്ലാത്തിലുമുപരി കത്തോലിക്കകോൺഗ്രസ് ഓരോ കത്തോലിക്കന്റെയും സ്വന്തമാണെന്നുള്ള ഉത്തമബോധ്യത്തിൽ ഓരോ വ്യക്തിയേയും സ്വയം എത്തിച്ചു ആ ബോധ്യത്തിൽത്തന്നെ ഉറച്ചുനിന്നുകൊണ്ടു സംഘടനയ്ക്കുവേണ്ടി അനുസ്യൂതം പണിയെടുക്കുവാനും വേതനയും യാതനയും അവമാനവും പ്രവൃത്തനമണ്ഡലത്തിലെ വിലങ്ങുതടികളല്ല, പ്രത്യുത, മൈൽക്കുറ്റികളാണെന്നു സ്വയം വിളിച്ചു പറയിക്കുവാനും, അങ്ങനെ, വേണ്ടിവന്നാൽ സ്വജീവൻപോലും കോൺഗ്രസിനുവേണ്ടി ബലിയർപ്പിക്കുവാനും ഉള്ള സന്നദ്ധത കാണിച്ചുറങ്ങി അടരാടുന്ന ഇന്നത്തെ പ്രവർത്തകരെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുകയില്ല. പുതിയ പ്രവർത്തനത്തിൽ ഏ. കെ. സി. സി. ബുള്ളറിൻ മാസംതോറും കോൺഗ്രസ് വൃത്താന്തവുമായി ഇറങ്ങിവരുന്നതു് തീർത്തും അഭിനന്ദിക്കാവുന്ന ഒന്നാണു്.

പക്ഷേ, ഈ പുരോഗമനത്തിൽ നാം അഭിമാനംകൊള്ളുന്നുണ്ടെങ്കിലും ഭാവിയെപ്പറ്റി കൂടുതൽ ചിന്തിക്കേണ്ട അവസരം ഇതുതന്നെയാണു്. കാരണം, കേരളകത്തോലിക്കസഭ ഇന്നു ചെല്ലുന്നേറെ യാതനകളും അനുഭവിക്കുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. ശ്മശാനനിയമം, ക്രിസ്ത്യൻമാരിയേജ് ബിൽ, കുടിയിറക്കുപ്രശ്നം, വൈദേശികമിഷ്യനറിമാർക്കുള്ള നിരോധനം തുടങ്ങിയവ പാവനമായ തിരുസ്സഭാതലത്തിൽ എറിയപ്പെടുന്ന കൈബോംബുകളല്ലേ? ഇവയ്ക്കെല്ലാമെതിരായി സ്വരമുയർത്തുവാൻ സജ്ജമുള്ള ഏക സംഘടനയാണു് ഏ. കെ. സി. സി.

ആകയാൽ, എന്താണു അനുകരണീയം. ഓരോ കത്തോലിക്കനും ഉത്തരം നൽകട്ടെ. കത്തോലിക്കാകോൺഗ്രസ്സിനെ പരിപോഷിപ്പിക്കുക, ജീവനുള്ള ഒരു സംഘടിതസംഘടനയാക്കി മാറ്റുക, തേജസ്സും ഓജസ്സുമുള്ള ഒരു കമ്മണ്ഡലമാക്കിത്തീർക്കുക എന്നു് എല്ലാവരും ഏകസ്വരത്തിൽ വിളിച്ചു പറയും. അതിനു എന്താണു നാം ചെയ്യേണ്ടതു്. നാം നമ്മുടെ അവബോധാവസ്ഥയിൽനിന്നു് ഉണർന്നെഴുന്നേറ്റു് കോൺഗ്രസ്പ്രവർത്തനത്തിൽ ശ്രദ്ധ പതിക്കുക. അങ്ങനെ നമ്മുടെ സംഘടന—സുറിയാനി, ലത്തീൻ, മലങ്കരയെന്ന രീത്തു വ്യത്യാസംകൂടാതെ, തെക്കൻ വടക്കൽ എന്ന തരംതിരിവു വകവെയ്ക്കാതെ, പഴയക്രിസ്ത്യാനി പുതുക്രിസ്ത്യാനി എന്ന വകഭേദം കാട്ടാതെ—അഖിലകേരളകത്തോലിക്കകോൺഗ്രസായി മാറണം. അപ്പോഴും കേരളത്തിലെന്നല്ല ഭാരതത്തിൽപ്പോലും കത്തോലിക്കകോൺഗ്രസിനെ വെല്ലുവാൻ തക്ക പ്രാപ്തിയുള്ള വേറൊരു സംഘടന കാണുകയില്ല. ആകയാൽ, കേരളത്തിലെ ഓരോ കത്തോലിക്കനും—സ്ത്രീയും പുരുഷനും—അമാന്തം വിചാരിക്കാതെ, താമസം വരുത്താതെ കത്തോലിക്കാകോൺഗ്രസിന്റെ കൊടിക്കീഴിൽ അണിനിരന്നു വീറോടെ കോൺഗ്രസിനായി നിതരാം പണിയെടുക്കുവിൻ. അങ്ങനെ, വിശാലമായ കേരളനാട്ടിൽ ഏ. കെ. സി. സി. യുടെ പതാക ഉയരട്ടെ.

ത്തി. സിലക്ഴ്റ്റുകമ്മറിയിലെ 40ൽപരം അംഗങ്ങളിൽ 9പേർ മാത്രമാണ ക്രൈസ്തവരായിട്ടുള്ളവർ. ഇവരിൽ 2പേർ കത്തോലിക്കരാണെന്ന അറിയുന്നു. ഇവരിൽ ഏതാനും പേരും മൊഴികൊടുക്കുന്നതിനു കേരളത്തിൽനിന്നും എത്തിയിരുന്ന ഞങ്ങളും നാലുപേരും ശ്രീ കരുവിളജേക്കബും നാഗപ്പൂരിലെ കൃസ്ത്യൻ പ്രതിനിധി ശ്രീ ഭാട്ടിയും ഈ ചർച്ചകളിൽ സംബന്ധിക്കയുണ്ടായി.

രണ്ടുമണിക്കൂറിനു മേൽ നീണ്ടുനിന്ന ചർച്ചകൾക്കുശേഷം പല പ്രധാന സംഗതികളിലും ഞങ്ങളും ഏകാഭിപ്രായം പുറപ്പെടുവിക്കുവാൻ തീർച്ചയാക്കി. ഈ അഭിപ്രായത്തെ ആസ്പദമാക്കിയുള്ള ഭേഗതികളും ബില്ലിൽ വരുത്തുവാൻ സിലക്ഴ്റ്റുകമ്മറിയിലെ കൃസ്ത്യൻമെമ്പറന്മാർ ശ്രമിക്കുന്നതാണെന്നും ഒരു ധാരണയുണ്ടായി. ഇങ്ങനെ ഞങ്ങളും പരസ്പരധാരണയിലെത്തിയ പ്രധാന വ്യവസ്ഥകളും താഴെ കുറിക്കുന്നവയാണു്.

അംഗീകൃതസഭകളും (Recognised Churches) അല്ലാത്ത സഭകളും എന്നുള്ള ബില്ലിലെ വ്യവസ്ഥനീക്കം ചെയ്യണമെന്നതായിരുന്നു ഇവയിലൊന്നു. ക്രൈസ്തവസഭകളെ അംഗീകരിക്കുന്നതിനുള്ള അധികാരം ഗവമ്മെൻറിനു നൽകുന്നതു ശരിയല്ലെന്നായിരുന്നു പൊതു അഭിപ്രായം.

കൃസ്ത്യാനി എന്ന പദത്തിനു ബില്ലിൽ നൽകുന്ന നിർവചനം ശരിയല്ലെന്നും ക്രിസ്തുമതാനുയായിആയിരിക്കുകയും ഏതെങ്കിലും ഒരു ക്രൈസ്തവസഭയിലേയോ(Churches) ഒരുക്രൈസ്തവവിഭാഗത്തിലേയോ (Denomination) അംഗമായിരിക്കയും ചെയ്യുന്ന ഒരുവനെയാണു ക്രിസ്ത്യാനി എന്നു പറയേണ്ടതെന്നു നിർദ്ദേശിക്കയും ചെയ്തു.

വിവാഹകർമ്മം നടത്തുന്ന വൈദികനു ലൈസൻസുവേണമെന്നുള്ള വ്യവസ്ഥഎടുത്തുകളയണമെന്നതായിരുന്നു മറ്റൊരു പൊതു അഭിപ്രായം.

വധൂവരന്മാരുടെ സഭാചട്ടങ്ങൾക്കു വിപരീതമായി നടത്തുന്ന യാതൊരു വിവാഹവും അംഗീകരിക്കുവാൻ സഭകളെ നിർബന്ധിക്കരുതെന്നുള്ള മറ്റൊരു വ്യവസ്ഥ 70–ാം വകുപ്പിൽ ചേർക്കണമെന്നും ഏകയോഗമായി അഭിപ്രായപ്പെടുകയുണ്ടായി.

സഭ (Church), പുരോഹിതൻ (Minister) എന്നിവക്കു വ്യാഖ്യാനങ്ങളും ബില്ലിൽ കൂട്ടിചേർക്കണമെന്നും പൊതുവെ അഭിപ്രായപ്പെടുകയുണ്ടായി.

ഈ നിർദ്ദേശനങ്ങളും 70–ാം വകുപ്പിൽ കൂട്ടിച്ചേർക്കേണ്ട ഭാഗവും തയ്യാറാക്കിയശേഷമാണു് ചർച്ചായോഗം അവസാനിച്ചതു്.

അടുത്ത ദിവസം, 15–ാംനു- തിങ്കളാഴ്ച കാലത്തു 10മണിക്കാണു കത്തോലിക്കാകോൺഗ്രസ് പ്രതിനിധികളും കമ്മറിമുമ്പാകെ ഹാജരാകേണ്ടതെന്നു തലേദിവസം രാത്രി ലോകസഭാ സിക്രട്ടറി ഞങ്ങളെ ഫോൺമാർഗ്ഗം അറിയിച്ചിരുന്നു. 15–ാംനു- കാലത്തു ഞങ്ങളും കമ്മറിയിലെ ഒരു അംഗമായ ശ്രീ മാത്യു മണിയങ്ങാടൻ, എം. പി. യെ ചെന്നുകണ്ടു സംസാരിക്കയുണ്ടായി. ശ്രീ മണിയങ്ങാടനും ഒരുമിച്ചു ഞങ്ങളും പാർലമെൻറു മന്ദിരത്തിലെ കമ്മറിമുറിയിലേക്കു പോകയുണ്ടായി. മൊഴികൊടുക്കുന്നതിനു മുമ്പായി ഞങ്ങളും കൊടുക്കുന്ന മൊഴി രഹസ്യമായിരിക്കുമെന്നും പാർലമെൻറിനേ അതു പ്രസിദ്ധീകരിക്കുവാൻ അനുവാദമുള്ളുവെന്നും ഒരു രേഖ ഒപ്പിട്ടു കമ്മറി സിക്രട്ടറിയെ ഏൽപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ചു അപ്രകാരം ചെയ്തുകയുണ്ടായി. ഇതിനുശേഷം ഞങ്ങളെ കമ്മറിമുറിയിലേക്കു ക്ഷണിക്കുകയുണ്ടായി. കൃത്യം 10മണിക്കു ബില്ലിനെപ്പറ്റിയുള്ള ചർച്ച ആരംഭിച്ചു. കമ്മറിഅംഗങ്ങളിൽ ഉദ്ദേശം 30പേർ ഹാജരുണ്ടായിരുന്നു. കമ്മറിയിലെ ഒരു അംഗമായിരുന്ന ശ്രീ തോമസ് ശ്രീനിവാസൻറെ നിർയ്യാണം മൂലം ഉണ്ടായ ഒഴിവിൽ ശ്രീ എം. രത്നസ്വാമിയെ ആണു് അംഗമായി ചേർത്തിരിക്കുന്നതു്. അദ്ദേഹം ഹാജരുണ്ടായിരുന്നില്ല. ലോകസഭയുടെ ചെയർമാൻ വലയത്തിൽപെട്ട മിസ്സസ് രേണുകചക്രവർത്തിയായിരുന്നു അദ്ധ്യക്ഷ. ഞങ്ങളാണു ഈ രഹസ്യത്തെ തെളിവെടുപ്പിൽ ആദ്യമായിമൊഴികൊടുക്കുവാൻ തുടങ്ങിയതു്. ഞങ്ങൾക്കു ഒരു മണിക്കൂർ സമയമാണു നിശ്ചയിച്ചിരുന്നതു്. മെമ്മോറാണ്ടത്തിലെ ആക്ഷേപങ്ങളെ പറ്റിയും തലേദിവസം ക്രൈസ്തവ മെമ്പറന്മാരുമായുള്ള ചർച്ചയിൽ തൃപ്തീകരിച്ച ഭേഗതികളും ഞങ്ങളും കമ്മിറ്റിമുമ്പാകെവാദിച്ചു. അവയെ പ്രധാനമായി എതുത്തതു ബില്ലിൻറെ ഉത്തരവാദിത്വം വഹിക്കുന്ന കേന്ദ്ര നിയമ മന്ത്രി ശ്രീ. എ. കെ. സെൻ ആയിരുന്നു. മറ്റു പല അംഗങ്ങളും അനുകൂലമായും ചോദ്യങ്ങളും ചെയ്തുകണ്ടായി. ഞങ്ങളുടെ വാദപ്രതിവാദം ഒരു മണിക്കൂറും നാല്പതുമിനിട്ടും നീണ്ടുനിന്നു. അതു ആദ്യന്തം സജീവമായിരുന്നു. ഞങ്ങളുടെ ചർച്ച അവസാനിച്ചശേഷം ഞങ്ങളും കൂട്ടതലായി നിർദ്ദേശിച്ച ഭേഗതികളും എഴുതിക്കൊടുക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ചു അപ്രകാരം ചെയ്തു. പരസ്പരം നന്ദിപറഞ്ഞു ഞങ്ങളും പിരിഞ്ഞു.

ഞങ്ങൾക്കുശേഷം ഷാജഹാൻപൂർ സ്വതന്ത്രകൃസ്ത്യൻസഭയുടെ പ്രതിനിധി പാസ്റ്റർജോസഫ് മൊഴികൊടുക്കുകയുണ്ടായി. അന്നത്തെന്നെ ഉച്ചക്കുശേഷം നാഷനൽ കൃസ്ത്യൻ കൌൺസിൽ സിക്രട്ടറി ശ്രീ കോശുളജേക്കബും ശ്രീ ഭാട്ടിയും മൊഴികൊടുത്തു. അടുത്ത ദിവസം രാവിലെ ശ്രീ കെ. ടി. തോമസും ഉച്ചകഴിഞ്ഞു ശ്രീ എം. എബ്രഹാമും മൊഴി കൊടുക്കയുണ്ടായി. കേരളത്തിലെ ഈ പ്രതിനിധികളുടെ മൊഴി കൃസ്ത്യൻ വിവാഹത്തെപ്പറ്റിയും ബില്ലിലെ വ്യവസ്ഥകളെപറ്റിയുള്ള ആക്ഷേപങ്ങളുടെ ഗൗരവത്തെ സംബന്ധിച്ചും പല അക്രൈസ്തവമെമ്പറന്മാർക്കും സാമാന്യം ശരിയായ ഒരു ധാരണയുണ്ടായി എന്നു അവരിൽ ചിലർ പ്രസ്താവിക്കയുണ്ടായി.

കത്തോലിക്കരുടെ സുസംഘടിതമായ നിലയും വിവാഹത്തെപറ്റിയുള്ള വിശദമായ ചട്ടങ്ങളേയുംപറ്റി മെമ്പറന്മാരിൽ പലർക്കും ധാരണയുള്ളതായി ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു.

ബില്ലിൽ ഭേഗതികളും വരുത്തുന്നതു് കമ്മറിയിലെ ക്രൈസ്തവമെമ്പറന്മാരുടെ യോജിച്ചുള്ള ശ്രമത്തെ ആശ്രയിച്ചിരിക്കുമെന്നാണു ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. അതിലേക്കു ഞങ്ങളും 14–ാംനു- ചെയ്തശ്രമം വളരെ ഉപകരിക്കുമെന്നും വിശ്വസിക്കുന്നു.

മേയ് 16–ാംനു- ഡൽഹിയിൽ എത്തിയ ബോംബെ അതിരൂപതാ ചാൻസലർ മോൺ. നസ്രത്തിനെയും ഡൽഹി സഹായമെത്രാൻ തിരുമേനിയേയും ഞങ്ങളും വീണ്ടും സന്ദർശിച്ചു സാസാരിക്കയുണ്ടായി. മേയ് 17–ാംനു- ഞങ്ങളും ഇങ്ങോട്ടു യാത്രയായി.

## വർക്കിംഗ്കമ്മറിയോഗം–മിനിറ്റ്സ്

അഖിലകേരള കത്തോലിക്കാകോൺഗ്രസ് വർക്കിംഗ്കമ്മിറ്റിയുടെ ഒരു യോഗം 30–6–'63 ഞായറാഴ്ച രാവിലെ 11–30–നു് ഹെഡ്ഓഫീസിൽ പ്രസിഡണ്ടു് ശ്രീ പി. സി. അബ്രാഹമിൻറെ അദ്ധ്യക്ഷതയിൽ കൂടി.

മെമ്പർ കെ. എം. ജോസഫ് ബി. എ. ബി. എൽ.
എം. സി. ചാക്കോ മാത്തുരുത്തിൽ
സിറിയക്കു് ജെ. നിധിയിരി
കെ.എം.ജോസഫ് ബി.എസ്സി. ബി.എൽ. (ദീപിക)
ഇ. പി. വറുഗീസ് എം. എ. ബി. എൽ.
റവ. കെ. കര്യൻ തൃശ്ശൂർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

പ്രാർത്ഥനാനന്തരം അഖിലകേരള കത്തോലിക്കാകോൺഗ്രസ് കേരളത്തിലെ കത്തോലിക്കർക്കുവേണ്ടിയും സ്വന്തംനിലയിലും കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും ക്രിസ്തുവിൻറെ വികാരിയുമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പോൾ ആറാമൻ മാർപ്പാപ്പാതിരുമേനിക്കു് ഭവുകങ്ങളും അർപ്പിക്കുകയും തിരുമേനിയോടുള്ള വിധേയത്വവും ഭക്തിയാദരങ്ങളും പ്രകടിപ്പിക്കുകയും പരിശുദ്ധപിതാവിൻറെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി സർവ്വശക്തനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു'' എന്ന പ്രമേയം പാസാക്കി.

## മനിറ്റ്സ്

16–6–63–ലെ വക്കിംഗ്കമ്മിറ്റിയോഗത്തിന്റെ മിനിറ്റ്സ് വായിച്ചു പാസാക്കി.

## കത്തുകൾ

വക്കിംഗ്കമ്മറ്റിയോഗത്തിൽ സംബന്ധിക്കുവാൻ സാധിക്കയില്ലെന്നു കാണിച്ച് ശ്രീ എം. ഒ. ജോസഫ് നെടുംകുന്നം 28–6–63–ൽ അയച്ചഎഴുത്തും, ശ്രീ എ. ജി. അഗസ്റ്റിൻ ബി. എ. ബി. എൽ. 26–6–63–ൽ അയച്ച കത്തും, ശ്രീ വി. ജെ. കര്യൻ വള്ളവന്താ 27–6–63–ൽ അയച്ച കാർഡും വായിച്ചു റിക്കാർഡുചെയ്തു.

അടുത്തതായി ശ്രീ റവ. കെ. കര്യനു് അഡ്വർടൈസ്മെന്റ് കമ്മീഷൻവകയിൽ കൊടുക്കേണ്ട തുകയെസംബന്ധിച്ച് 20–6–63–ൽ അയച്ച കത്തു വായിച്ച് കമ്മീഷൻ നൽകണമെന്നു തീരുമാനിച്ചു.

നസ്രാസിഭ്രഷണസമാജം പ്രസിഡണ്ട് 21–6–63–ൽ അയച്ച കത്തിലെ പ്രമേയംവായിച്ച പാസ്സാക്കുകയും കത്തു് റിക്കാർഡുചെയ്യുകയും പ്രസിദ്ധീകരണത്തിനു് കത്തോലിക്കാപതാകയും കൊടുക്കുവാൻ തീരുമാനിക്കുകയുംചെയ്തു.

## പ്രമേയം

കേരളത്തിലെ കത്തോലിക്കരൊഴികെയുള്ള പ്രബലസമുദായസംഘടനകളെപ്പോലെ മതിയായ പ്രാതിനിദ്ധ്യവും കെട്ടുറപ്പുമുള്ള ഒരു സംഘടന കേരളകത്തോലിക്കർക്കില്ലാത്തതിൽ ഈ കമ്മറ്റി പരിതപിക്കുന്നു. അഖിലകേരള കത്തോലിക്കകോൺഗ്രസ്സിനെ ശക്തിപ്പെടുത്തി അതിന്റെ കൊടിക്കീഴിൽ അണിനിരക്കേണ്ടതു് കത്തോലിക്കജനതയുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യമാണെന്നു് ഈ കമ്മറ്റി ദൃഢമായി വിശ്വസിക്കുന്നു. അതിനാൽ കത്തോലിക്കകോൺഗ്രസിൽ കൂടുതൽ അംഗങ്ങളെ ചേർത്തും അതിനാവശ്യമായ പ്രചാരവേല ചെയ്തും അതുമായി ഉറ്റ ബന്ധം പുലർത്തണമെന്നുള്ള രൂപതാദ്ധ്യക്ഷൻ തിരുമേനിയുടെ ഉപദേശം കാലോചിതവും സമാദരണീയവുമാണെന്നു് ഈ കമ്മറ്റി അഭിപ്രായപ്പെടുന്നു.

ഈ ഉദ്ദേശസാദ്ധ്യത്തിനായി നമ്മുടെ സമുദായത്തെ ഉത്തേജിപ്പിക്കുന്നതിനു് എൻ. ബി. സമാജം കേന്ദ്രസമിതിഅംഗങ്ങളും അവരുടെ സ്വന്തനിലയിൽ അവരുടെ സ്വാധീനശക്തി പ്രത്യേകം അവരവരുടെ ഇടവകകളിൽ പ്രയോഗിച്ചു് ലക്ഷ്യപ്രാപ്തി ത്വരിതപ്പെടുത്തേണ്ടതാകുന്നു.

ഈ വിഷയത്തിൽ കമ്മറ്റിക്കുള്ള ആത്മാർത്ഥതയുടെ നിദർശനമെന്നോണം ഇന്നു ഹാജരുള്ള കമ്മറ്റിഅംഗങ്ങളും കത്തോലിക്കകോൺഗ്രസിൽ അംഗങ്ങളായി ചേരുന്നതിനുള്ള അവരുടെ സമ്മതം രേഖപ്പെടുത്തുകയും അതിനാവശ്യമായ അപേക്ഷാഫാറങ്ങളും മറ്റും വരുത്തി നിയമാനുസരണം അംഗങ്ങളെ ചേർത്തു് അപേക്ഷാഫാറങ്ങളും ഏ. കെ. സി. സി. സെക്രട്ടറിയുടെപേക്കു് അയച്ചുകൊടുക്കുന്നതിനു് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ചങ്ങനാശേരി അതിരൂപതാസംഘരൂപീകരണയോഗത്തിൽ ജനറൽസെക്രട്ടറി സംബന്ധിക്കണമെന്നു തീരുമാനിച്ചു.

എല്ലാ എഴുത്തുകളും വായിച്ചു് റിക്കാർഡുചെയ്തു.

പ്രസിഡണ്ടും സിറിയക്കു് ജെ. നിധിയിരിയും അത്യാവശ്യക്കാര്യംപ്രമാണിച്ചു് സ്ഥലംവിടേണ്ടിവന്നതിനാൽ പ്രസിഡണ്ടിന്റെ നിർദ്ദേശപ്രകാരം ശ്രീ ഇ. പി. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

## സംഘാടകർ

ശ്രീ ലോനപ്പൻ നമ്പാടൻ ഇരിഞ്ഞാലക്കുട മേഖലയും, എബ്രാഹം കണ്ണങ്കര മാവേലിക്കര മേഖലയും തൃപ്തികരമായ അവരുടെ സേവനത്തിനു് അലവൻസും റവ. ഏ. യും കൊടുത്തു് സംഘടനാപ്രവർത്തനം തുടരണമെന്നുകാണിച്ച് അവക്കു് എഴുതുവാൻ യോഗം തീരുമാനിച്ചു. താഴെ പേരുപറയുന്നവക്കു് റവ. ഏ. മാത്രം അനുവദിച്ചു് സംഘടനാപ്രവർത്തനങ്ങളും തുടരുന്നതിനു് യോഗം തീരുമാനിച്ചു.

1 ഇട്ടിരാ മഞ്ഞളി (പറവൂർ മേഖല)
2 പി. റവി. ജോസഫ് (അഴുതമേഖല)
3 ജോർജ്ജു് കൊടവേലി (ചേർത്തലമേഖല)
4 പി. കെ. മാത്യു (നെയ്യാറ്റിൻകരമേഖല)
5 കെ. ജെ. യോഹന്നാൻ (വാഴക്കുളംമേഖല)
6 പി. സി. ചാക്കോ പന്തിരുവേലി (കാഞ്ഞിരപ്പള്ളിമേഖല)

ശ്രീ ലൂയീസ് ചെറിയാൻകുഞ്ഞിനു് അലവൻസു മാത്രം അനുവദിച്ചു് സംഘടനാപ്രവർത്തനം തുടരുന്നതിനു് തീരുമാനിച്ചു.

ബാക്കിയുള്ള സംഘാടകന്മാരുടെ കാലാവധി അവസാനിച്ചതിനാൽ അവരിൽനിന്നും അപേക്ഷാഫോറങ്ങളും കണക്കുകളും, പണവും ഈ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരുവാൻ കത്തയക്കണമെന്നും യോഗം തീരുമാനിച്ചു.

## പുതിയ അസി. സെക്രട്ടറി

16–6–63ലെ വക്കിംഗ്കമ്മിറ്റിയോഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ കെ. സി. സഖറിയാസ് (കണ്ടത്തിപ്പറമ്പിൽ) –നെ ചാർജ്ജേല്പിക്കുകയും ഏ. കെ. സി. സി. ബുള്ളറ്റിന്റെ എഡിറ്റർ, പ്രിന്റർ, പബ്ലീഷർ എന്നീ നിലകളിലും ജോലിചെയ്യണമെന്നും യോഗം തീരുമാനിച്ചു.

ഉച്ചഭക്ഷണത്തിനു് യോഗം 1മണിക്കു് പിരിഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം 2.30–നു് യോഗം വീണ്ടും ആരംഭിച്ചു. ഏ. കെ. സി. സി. ബുള്ളറ്റിൻ പരിഷ്കരിച്ചരീതിയിൽ തുടർന്നുപോകണമെന്നും 1500 കോപ്പിയിൽ കൂടുതൽ അച്ചടിപ്പിക്കേണ്ടതില്ലെന്നും, ലേഖനങ്ങൾ, ചെറുകഥകൾ മുതലായ ബുള്ളറ്റിനിലെ ഉള്ളടക്കങ്ങൾ പ്രസിൽ കൊടുക്കുന്നതിനുമുമ്പു് മെ. എം. സി. ചാക്കോ, സിറിയക്കു് നിധിയിരി, കെ. എം. ജോസഫ് (ദീപിക), അസി. സെക്രട്ടറി ഇവർ ഉൾപ്പെട്ട കമ്മിറ്റി പരിശോധിക്കേണ്ടതാണെന്നു തീരുമാനിച്ചു.

ചങ്ങനാശേരി അതിരൂപതയിൽനിന്നും കേന്ദ്രവക്കിംഗ് കമ്മറ്റിയിലേയ്ക്കു് ഒരംഗത്തെ തെരഞ്ഞെടുത്തയക്കാൻ മി. ജോസഫ് കൂട്ടമ്മയുടെപേക്കു് കത്തയക്കുവാൻ തീരുമാനിച്ചു.

യോഗം 5 മണിക്കു് അവസാനിച്ചു.

ജനറൽസെക്രട്ടറി

# ശാഖാവാർത്തകൾ.

## തെക്കേ വാഴക്കുളം

കത്തോലിക്കാ കോൺഗ്രസ്സിന്റെ 435–ാം നമ്പർ ശാഖയുടെ ഉത്ഘാടന സമ്മേളനം ആഗസ്റ്റ് 15–ാംനു റവ. ഫാ. ജോസഫ് പള്ളിപ്പാടന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സംഘടനയുടെ ആഭിമുഖ്യത്തിൽ ലഘുനിക്ഷേപ പദ്ധതിയും വായനശാലയും ആരംഭിക്കുന്നതിനു് തുടർന്നുകൂടിയ കമ്മറ്റി നിശ്ചയിക്കയുണ്ടായിയെന്നുള്ളതും പ്രസ്താവ്യമത്രേ.

## നെല്ലായി

സ്ഥലത്തെ കത്തോലിക്കാ കോൺ: സാമാജികരുടെ ഒരു യോഗം, വികാരി റവ. ഫാ. ജോസഫ് പടമാടന്റെ മഹനീയാദ്ധ്യക്ഷതയിൽ, സ്ഥലം സ്കൂൾ ഹാളിൽവച്ചു്, 4–8–'63 ഞായറാഴ്ച രാവിലെ 10 മണിക്കു് ചേർന്നു. താഴെപറയുന്നവരെ യോഗം ഭാരവാഹികളായി തെരഞ്ഞെടുക്കുകയുണ്ടായി.

ശ്രീ. മഞ്ഞളി ലോനപ്പൻ ദേവസി—പ്രസിഡണ്ടു്
,, മഞ്ഞേലി ഉറുമീസു് അപ്രേം—സെക്രട്ടറി

## പരിയാരം

സ്ഥലം ക. കോൺ: ശാഖയുടെ ഓഗസ്റ്റു് 25–ാംനു യിലെ യോഗം, പ്രസിഡണ്ടായി ശ്രീ. ഡേവിസു് വാടാട്ടുകുന്നേലും സെക്രട്ടറിയായി മി. ചാക്കുണ്ണി വടക്കുംപാടനേയും തെരഞ്ഞെടുക്കയുണ്ടായി യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചതു് വികാരി റവ. ഫാ. തോമസു് മാളിയേക്കലായിരുന്നു.

ശേഷം 7–ാം പേജിൽ




പാപോച്ചാരണ (കുമ്പസാരം)ത്തിനുശേഷം ചാക്കോ തോമ്മായോട് ചോദിച്ചു. നീ എങ്ങനെയാടാ ആ ഭയങ്കര പാപമെല്ലാം അച്ചനോട് പറഞ്ഞതു് എനിക്കു വളരെ പേടിയായിരുന്നു പറയുവാൻ.

തോമ്മാ— എടാ വിഡ്ഢി നിനക്കെന്തെ ഇതുവരെ മനസ്സിലായില്ലേ? എടാ കാര്യമുള്ളതുവല്ലതും ഈ തോമ്മാ വിട്ടുകൊടുക്കുമോടാ

* * *

ചേട്ടാ ചിലപ്പോഴും മഴപെയ്യും. പടിഞ്ഞാറുനിന്നു് നല്ല ഒരു കാറു കയറിവരുന്നുണ്ടു് കുടകൂടി എടുത്തോ. എന്നാൽ കുടവേണ്ടടാ ഞാനാക്കാറിൽ കയറി പൊയ്ക്കോള്ളാം.

* * *

വഴക്കുണ്ടാക്കിക്കൊണ്ടിരുന്ന സഹോദരന്മാർക്കിടു് രണ്ടടിവീതം കൊടുത്തശേഷം അമ്മ പറഞ്ഞു. ഈ ജന്തുക്കൾക്കു് എപ്പോഴും വഴക്കിനേ നേരമുള്ളോ?എന്റെ കർത്താവെ ഇതുങ്ങടെ എന്റെ മക്കളല്ലേ ഇങ്ങനെ വഴക്കുണ്ടാക്കാൻ.

മകൻ— അതിനെന്താണമ്മേ ഇത്ര സംശയം ഈ ജന്തുക്കടെ അമ്മയുടെ ശരിപ്പകർപ്പുതന്നെയാണു്.

* * *

വിളമ്പുകാരൻ— അപ്പാപ്പാ സ്പെഷ്യൽ മീനോ ഇറച്ചിയോ

വൃദ്ധൻ— മീൻ മതി

വിളമ്പുകാരൻ— പച്ചയോ, ഉണക്കയോ

വൃദ്ധൻ— ഇതുരണ്ടുമല്ലെടാ, കറിവച്ചതു്.

* * *

വയറിൽകിടന്നു് ഒൻപതാം ഉൽസവമാ രണ്ടു ദോശതന്നേ, പപ്പുപിള്ളചായക്കടക്കാരനോടു പറഞ്ഞു. ദോശ തിന്നു് കുറച്ചുകഴിഞ്ഞപ്പോഴം അടുത്തിരുന്ന വേറൊരാളുടെ ഭ, ഭ, ഭ, ഭ, എന്ന ശബ്ദംകേട്ടു് പപ്പുപിള്ള ചോദിച്ചു താനാരെയാടോ ആട്ടുന്നതു്. ഇതാട്ടല്ല. ഒൻപതാം ഉത്സവം കഴിഞ്ഞിട്ടുള്ള ആറാട്ടാണു്.

* * *

കുഞ്ഞുമകനു് ചോറുകൊടുത്തുകൊണ്ടിരുന്ന അമ്മ ചോദിച്ചു. മകന്റെ വയറു നിറഞ്ഞോ ചോറിനിയും വേണമോ?

മകൻ—നയഞ്ഞോ ഇല്ലയോ എന്നിനിച്ചറിയത്തില്ലമ്മച്ചീ അയത്തഞ്ഞാണം പൊട്ടാറായി.

* * *

ഒരു ബ്രാഹ്മണനും ക്രിസ്ത്യാനിയുംകൂടി വഴിയേ നടന്നുപോയപ്പോഴം മീൻ വറുക്കുന്നതിന്റെ മണംവന്നു. രണ്ടുപേരും മുക്കുപൊത്തി.

ക്രിസ്ത്യാനി ബ്രാഹ്മണനോടു ചോദിച്ചു. താനെന്തിനാടോ മൂക്കുപൊത്തിയതു്. എനിക്കാമണം ഇഷ്ടമില്ലാഞ്ഞിട്ടു് ബ്രാഹ്മണൻ പറഞ്ഞു.

ബ്രാഹ്മണൻ ക്രിസ്ത്യാനിയോടു ചോദിച്ചു. താനെന്തിനാടോ മൂക്കുപൊത്തിയതു്. കയറിപ്പോയ മണം ഇറങ്ങിപ്പോകാതിരിക്കാൻ.

അദ്ധ്യാപകൻ— എപ്പോഴും ആനന്ദിക്കുന്നവനും എപ്പോഴും ദുഃഖിക്കുന്നവനുമായി ലോകത്തിൽ ആരെയും നിങ്ങൾക്കു കാണുവാൻ സാധിക്കുകയില്ല. സുഖദുഃഖസമ്മിശ്രമാണീ ലോകജീവിതം.

തോമസു് അതു ശരിയല്ലസാറേ, എപ്പോഴും ആനന്ദിക്കുന്നവനായ ഒരാളെ എനിക്കറിയാം.

അദ്ധ്യാപകൻ— ആരാണതു്?

തോമസു്— സദാനന്ദൻ.

സന്ധ്യയായപ്പോഴം ബോധംകെട്ട പിതാവിന്റെ അടുക്കലേക്കു് മക്കളം എല്ലാവരും ഓടിയെത്തി. ഒരാളം വീശുന്നു മറൊരുവൻ വെള്ളം തളിക്കുന്നു. എന്നിട്ടൊന്നും ബോധംവീണില്ല. അപ്പോഴം ഇളയ മകനായ തോമ്മാ പറഞ്ഞു. ''അപ്പച്ചൻ പതിവായി കഴിക്കുന്ന ആ 'രണ്ടുകുപ്പി' കഴിക്കാഞ്ഞിട്ടായിരിക്കും ബോധക്കേടുണ്ടായതു്. അപ്പോഴം ബോധംകെട്ട പിതാവു് ചാടിഎണീറ്റു പറയുകയാണു്. ''എടാ തെമ്മാടികളെ നിങ്ങളെന്റെ മകൻ തോമ്മാപറയുന്നതു് കേൾക്കിനെടാ.''

* * *

ഞങ്ങളുടെ അന്നന്നയപ്പം ഞങ്ങൾക്കിന്നും തരണമേ— എന്ന പ്രാർത്ഥനചൊല്ലാഞ്ഞിട്ടു് ജോജ്ജകുട്ടിക്കിട്ടു് അപ്പച്ചൻ അടിച്ചു. അപ്പോഴം അവൻ കരഞ്ഞുകൊണ്ടു പറയുകയാണു്. ''അടുക്കളയിൽ കലത്തിരിക്കുന്നതു കഴിക്കാതെ ചോദിച്ചാൽ അത്യാഗ്രഹിക്കു് ഉള്ളതുകൂടി ഇല്ലാതായിപ്പോകുകയേ ഉള്ള.

* * *

പാച്ചുപിള്ളചോറുണ്ടുകൊണ്ടിരുന്നപ്പോഴം ഒരു ബ്രാഹ്മണൻ അയാളുടെ വീട്ടിൽ കയറിച്ചെന്നു.

ബ്രാഹ്മണൻ— ''എന്നാപാച്ചുപിള്ളേ ചോറുണ്ണുകയാണോ പപ്പടവും നെയ്യുമൊക്കെയുണ്ടോ.''

പാച്ചുപിള്ള— ഇല്ലല്ലോ.

ബ്രാഹ്മണൻ— എന്നാൽ ഞാൻ വരാം.

* * *

ട്രയിനിൽ അടുത്തിരുന്ന അപരിചിതയായ ഒരു യുവതിയോടു യുവാവു് പറഞ്ഞു. ''നമ്മം തമ്മിൽ രക്തബന്ധമുണ്ടു്''

യുവതി— ഛെ! നിങ്ങം ആരു്? അസഭ്യം പറയുന്നോ

യുവാവു്— കോപിക്കാതെ, ഉണ്ടെന്നേ, ശാന്തമായിരിക്കു് പറഞ്ഞുതരാം.

യുവതി— ''എന്നാൽ കേൾക്കട്ടെ''

യുവാവു്— അതോ— എന്നെ കടിച്ച മൂട്ട നിന്നെയും കടിച്ചു.,'!

# പതാകാവന്ദനം

(വ്യാഖ്യാനം)

പതാകയെ ഒരു നിസ്സലരാജ്ഞിയായി ഭാവനചെയ്തുകൊണ്ടു നിർമ്മിച്ചിട്ടുള്ള ഒരു ഗാനമാണിതു്.

ശ്രിതജന അഭിവാദനസഹിതേ!— ആശ്രയിച്ചുനിൽക്കുന്ന അഥവാ കൊടിമരച്ചുവട്ടിൽ നിൽക്കുന്ന ജനങ്ങളുടെ വന്ദനങ്ങളോടുകൂടിയവളേ!

ഭാവുകഭാഗ്യപതാകേ!— 1) മംഗളത്തിനു ഭാഗ്യധാമമായ പതാകേ!
2) ഐക്യംമൂലമുണ്ടാകുന്ന മംഗളങ്ങളുണ്ടാവിക്കാൻ ജനങ്ങൾക്കു ഭാഗ്യമുളവാക്കുന്ന പതാകേ!

ജയാ— ജയിച്ചാലും!

സത്യാ സത്യാത്മികയായി—

സദാപിസമാദരയുക്താ— എപ്പോഴും സമഭാവന അഥവാ ആദരവു് എന്നീ ഗുണങ്ങളോടുകൂടിയവളായി

സന്തത സൗഹൃദബദ്ധാ— വേർപിരിയാത്ത സ്നേഹത്താൽ ബന്ധിക്കപ്പെട്ടവളായി

നീതിയുതാ— നീതിയോടുകൂടിയവളായി

നിയതാ— അനശ്വരയായി

അഖിലകേരള ക്രൈസ്തവജനതാവന്ദ്യ— അഖിലകേരള കത്തോലിക്കാസംഘടനയിലെ ജനങ്ങൾക്കു് അഭിവന്ദ്യയായി

ഭവ— ഭവിച്ചാലും!

ജനതായാരമ്യാ— ജനങ്ങൾക്കു റാണിയായി അഥവാ സന്തോഷം നൽകുന്നവളായി

ജിതമത്സരജാതാ— 1) നിർമ്മാത്സര്യത്തിൽനിന്നും ജനിക്കപ്പെട്ടവളായി
2) മത്സരസമൂഹങ്ങളെ ജയിക്കപ്പെട്ടവളായി

മാതാ—സുഗുണസമേതാ— 1) സൽഗുണസമ്പന്നയായ മാതാവിനു തുല്യയായി
2) ബലവത്തായ സ്നേഹബന്ധച്ചരടിൽ സന്താനങ്ങളെ ഐക്യത്തിലേയ്ക്കു നയിക്കുന്ന മാതാവായി

ഭവ— ഭവിച്ചാലും!

ജനരഞ്ജന ജനിതേ— ജനങ്ങളെ രഞ്ജിപ്പിക്കുന്നതിനായി ജനിക്കപ്പെട്ടവളേ!

മഹിതേ!— മാഹാത്മ്യത്തോടുകൂടിയവളേ!; ശ്രേഷ്ഠേ!

കേരളക്രൈസ്തവഗീതേ!— കേരളക്രിസ്ത്യാനികൾക്കു സുഖതിപ്പൊരുളേ!

ജയജേ!— 1) ജയത്തിനായി ജനിക്കപ്പെട്ടവളേ!
2) ജയത്തിങ്കൽനിന്നു ജനിക്കപ്പെട്ടവളേ!

ഹേ, പതാകേ!— അല്ലയോ പതാകേ!

ജയ! ജയ! ജയ!— ജയിച്ചാലും! അളവറ്റു ജയിച്ചാലും! നിത്യം ജയിച്ചാലും!

---




## പതാകാവന്ദനം

കോതനല്ലൂർ ജോസഫ്

(ജനഗണമന — — — എന്ന രീതി)

ജയ! ശ്രീ തജന അഭിവാദന സഹിതേ!
ഭാവുക ഭാഗ്യ പതാകേ!

സത്യാ സദാപി സമതാദര യുക്താ,
സന്തത സൗഹൃദ ബദ്ധാ,

നീതിയുതാ, നിയതാ, ഖിലകേരള—
ക്രൈസ്തവ ജനതാ വന്ദ്യാ,

ഭവ; ജനത്തായാരമ്യാ, ഭവ, ജിതമത്സര ജാതാ,
മാതാ—സുഗുണ സമേതാ;

ജയ! ജനരഞ്ജന ജനിതേ! മഹിതേ!
കേരളക്രൈസ്തവ ഗീതേ!

ജയ ജേ! ജയ ജേ! ജയ ജേ!

ജയ! ജയ! ജയ! ജയ ഹേ!

# "UNITED, WE STAND-DIVIDED, WE FALL."

Edited Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathipparambil, at Deepika Press, Kottayam.